
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2016 സെപ്റ്റംബർ
വില ₹15





പ്രിയപ്പെട്ട കുട്ടികളേ,

ഒരോണംകൂടി വരവായി. നൂറ്റാണ്ടുകളായി തുടർന്നുപോരുന്ന ഒരാഘോഷമാണത്. കേരളത്തിന്റെ കാർഷികസംസ്കാരത്തോടു ചേർന്നുനിൽക്കുന്ന ഒരുത്സവം. കേരളത്തിലെ പ്രകൃതി ഏറ്റവും സുന്ദരിയായിരിക്കുന്ന കാലംകൂടിയാണ് ഓണം.


ഓണത്തെ സംബന്ധിച്ച് പല ഐതിഹ്യങ്ങൾ നിലവിലുണ്ടെങ്കിലും ഏവർക്കുമറിയാവുന്നത് മഹാബലിയും വാമനനും കഥാപാത്രങ്ങളായിവരുന്ന ഐതിഹ്യം തന്നെ. പരശുരാമൻ, ബുദ്ധൻ, സമുദ്രഗുപ്തൻ തുടങ്ങി ചേരമാൻ പെരുമാൾ വരെയുള്ളവരുമായി ബന്ധപ്പെട്ടും ഐതിഹ്യങ്ങൾ കാണാം. ഐതിഹ്യങ്ങളിലെ ഈ വൈവിധ്യം അറിയാനും നിങ്ങൾ ശ്രമിക്കണം. ഓരോ കഥയും ഓണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കും.

ഏറെ വൈവിധ്യപൂർണമാണ് ഓരോയിടത്തെയും ഓണാഘോഷങ്ങൾ. കേരളത്തിന്റെ ഓരോ ജില്ലകളിലും ആഘോഷങ്ങൾക്കു വ്യത്യാസങ്ങൾ കാണാം. പ്രാദേശികമായ വ്യത്യാസങ്ങൾ ഏറെയുണ്ട് ചടങ്ങുകളിൽ. ചടങ്ങുകളിൽമാത്രമല്ല, ഓണവുമായി ബന്ധപ്പെട്ട അനുഷ്ഠാനകലകളിലും ഈ വൈവിധ്യം കാണാവുന്നതാണ്. ഓണത്തെയ്യം, ഓണേശ്വരൻ, ഓണത്തുള്ളൽ എന്നിങ്ങനെ പല കലകളും ഓണവുമായി ബന്ധപ്പെട്ടാണുള്ളത്. ഓണക്കളികളുമുണ്ട് നിരവധി. പുലിക്കളി, വള്ളംകളി, ഓച്ചിറക്കളി, ആട്ടക്കളംകുത്തൽ, കുമ്മാട്ടിക്കളി.... അങ്ങനെ നിരവധി നിരവധി കളികൾ.

ഇവയെക്കുറിച്ചൊക്കെ അറിയാൻ കൂട്ടുകാർ ശ്രമിക്കണം. കേരളത്തിന്റെ സാംസ്കാരികചരിത്രത്തിലേക്കുള്ള ചവിട്ടുപടികളായിരിക്കും ആ അറിവുകൾ.

കൂട്ടുകാരുടെ ഓണാഘോഷത്തിനൊപ്പം തളിരും കൂടുകയാണ്. കൂടുതൽ പേജുകളോടെ നിരവധി പ്രമുഖരുടെ രചനകളോടെയാണ് ഇത്തവണത്തെ തളിര് നിങ്ങളിലേക്കെത്തുന്നത്. കവിതകളും കഥകളും ഓർമ്മകളും കാർട്ടൂണുകളും പാട്ടുകളും ചിത്രങ്ങളും ചേർത്തൊരുക്കിയ ഈ ഓണസമ്മാനം കൂട്ടുകാർക്ക് ഇഷ്ടപ്പെടുമെന്നു കരുതുന്നു. കൂട്ടുകാരുടെ ഓണവിശേഷങ്ങൾ തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾക്കുമായി ഞങ്ങൾ കാത്തിരിക്കുന്നു.

**പള്ളിയറ ശ്രീധരൻ**
ഡയറക്ടർ
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്



വര: അരുണ ആലഞ്ചേരി

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

സെപ്റ്റംബർ 2016
വില ₹15
വാർഷികവരിസംഖ്യ ₹160

# ഉള്ളടക്കം

10
## തെറ്റു പറ്റാത്ത ഉറ്റവർ
**സി രാധാകൃഷ്ണൻ**

അപ്പു ഒരു സ്വപ്നം കാണുകയാണ്. വാശിപിടിച്ചപ്പോൾ അപ്പൂപ്പൻ പറഞ്ഞുകൊടുത്ത കഥയിലൂടെ ഒരു സുന്ദരസ്വപ്നം.





14
## മൂന്നു പക്ഷിക്കവിതകൾ
**സച്ചിദാനന്ദൻ**

മൂന്നു പക്ഷികൾ. നീലപ്പൊന്മാനും തത്തയും മൈനയും. അവരെന്തൊക്കെയാണു ചെയ്യുന്നത് എന്നറിയേണ്ടേ?

17
## പയ്യൻ കൊമ്പത്ത്
**ചെമ്മനം ചാക്കോ**

വിഷുപ്പക്ഷിയുടെ പാട്ടിനു മരത്തിലിരുന്ന് കുട്ടി മറുപാട്ടു പാടി . പക്ഷേ മരത്തിനു താഴെ അവനെയൊരാൾ കാത്തുനിൽപ്പുണ്ട്.



**മുൻമൊഴി** ............................6
സുഗതകുമാരി
**ഓണം ഡെയ്സ്**.......................7
രാജീവ് എൻ ടി
**പൂക്കാലം**...............................8
വൈലോപ്പിള്ളിൽ ശ്രീധരമേനോൻ
**കൂട്ടായ്മയുടെ ഓണം**.............18
പി വത്സല
**ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും**.....................22
ചന്ദ്രമതി
**കറ്റക്കറ്റക്കയറിട്ടു**...................26
**ഓണം ഓർമകളിലൂടെ**............28
പ്രൊഫ. മാത്യു ഉലകംതറ
**തുമ്പപ്പൂവേ**............................32
**ഓണം** ....................................33
പ്രഭാവർമ
**ഓർമയിൽ ഒരു പുലിവേഷം**...34
പി കെ ഗോപി
**ഓണത്തീവണ്ടികൾ**...............36
ആര്യാ ഗോപി
**പൊടിക്കളം** ..........................37
സൂര്യാ ഗോപി
**നീണ്ടുനീണ്ടുപോയൊരു മൂക്ക്** ..38
റുഡ്യാർഡ് കിപ്ലിങ്
പുനരാഖ്യാനം: റോസ്മേരി
**നിലംതൊടാമണ്ണ്**.....................44
ഇന്ദിരാ അശോക്

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)
ചീഫ് എഡിറ്റർ
**സുഗതകുമാരി**
എഡിറ്റർ & ഡയറക്ടർ
**പള്ളിയറ ശ്രീധരൻ**
എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

ആർട്ട്
**അരുണ ആലഞ്ചേരി**
ഡിസൈൻ & ലേ ഔട്ട്
**വിഷ്ണു പി എസ്**
കവർ
**അനുജാത് സിന്ധു വിനയ്ലാൽ**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org, director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

# തളിര്

27

## അക്ഷരത്തിൽനിന്നും അക്കത്തിലേക്ക്

**വി മധുസൂദനൻ നായർ**

അക്ഷരമല്ല, ലക്ഷവും കോടികളുമാണ് മോനു വേണ്ടതെന്നു പറയുന്ന രക്ഷിതാക്കളുടെ കാലം.





26

## രണ്ടു മുഖങ്ങൾ

**ഏഴാച്ചേരി രാമചന്ദ്രൻ**

പളനിക്കു പോകുവാൻ പിച്ചതെണ്ടി വന്ന പാവം ആണ്ടിപ്പണ്ടാരം.
ജയിൽ ചാടി വന്ന തൂത്തുക്കുടിക്കാരൻ വേലയ്യൻ...
ഇവർ തമ്മിൽ എന്താണു ബന്ധമെന്നോ?

## ആഡംബരഫ്ളാറ്റിലെ കുട്ടിയുടെ ഓണം

30

**സുഗതകുമാരി**

ലീലയെന്ന ലിലി അമേരിക്കയിൽ നിന്നും കേരളത്തിലേക്കു വരുന്നു, അമ്മൂമ്മ പറഞ്ഞുകേട്ട ഓണമാഘോഷിക്കാൻ... പക്ഷേ...



72

## ചേറുമീൻവേട്ട

**എം ആർ രേണുകുമാർ**

ചേറുമീനെപ്പിടിക്കാൻ അങ്ങനൊന്നും കഴിയൂല്ല. വല്യ ചേട്ടായിമാർക്കുപോലും പറ്റണില്ല. എന്നിട്ടും ആ കുട്ടി ഒരു അമ്പും വില്ലും ഉണ്ടാക്കി, ചേറുമീനെ പിടിക്കാൻ. എന്നിട്ട് അതുംകൊണ്ട് തോടിനടുത്തേക്കു നടന്നു.




**മാവേലിപ്പൂക്കൾ**.....................46
എസ് രമേശൻനായർ

**പന്ത്രണ്ടു വേട്ടക്കാർ**.................48
ജോൺ സാമുവൽ

**അരുതരുതേ**..........................51
ഗിരീഷ് പുലിയൂർ

**ടീച്ചറമ്മ**.................................52
ഡോ. കെ ശ്രീകുമാർ

**പൂവെന്നു പേരുള്ള പൂച്ച**.........54
വി എം ഗിരിജ

**പേപ്പർ റോക്കറ്റ്!**....................56
ജി ആർ ഇന്ദുഗോപൻ

**പ്രാർത്ഥന**.................................60
രാമകൃഷ്ണൻ കുമരനല്ലൂർ

**നരച്ച താടിയിൽ ചാരി ഒരു സെൽഫി**.......................61
ഇ ജിനൻ

**ചക്കു**......................................62
തനൂജ ഭട്ടതിരി

**അക്ഷരചിത്രം**..........................65
ഭരണിക്കാവ് കൃഷ്ണൻ

**തെരുവോണക്കാഴ്ച**..................66
മുഹമ്മ ശശിധരപ്പണിക്കർ

**ഓണത്തമ്മ**...............................68
സുഗതകുമാരി

**ഓണം വന്നേ**..............................82
വയലാർ ഗോപാലകൃഷ്ണൻ

**ഓണയാത്ര**.................................83
സിജി ടോം

**കാർട്ടൂൺ**....................................87
പി വി കൃഷ്ണൻ

മുൻമൊഴി

# വീണ്ടും ഓണം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ഇത്തവണഓണത്തിനു കുറെ ദിവസം അവധിയുണ്ടെന്നു തോന്നുന്നു. ഓണമെന്നാൽ കോടിയുടുപ്പും സദ്യയും ഷോപ്പിങ്ങും ടി വി കാണലും കളികളും മാത്രമല്ലാതെ നമുക്ക് ഇത്തവണ ഒരു ചെറിയ മൽസരം നടത്താം. എത്രപേർക്കു പങ്കെടുക്കാനുള്ള ഇഷ്ടമുണ്ടെന്നറിയട്ടെ.

നമ്മുടെ നാട്ടിലെ പത്തു നാടൻപൂച്ചെടികൾ വീട്ടുമുറ്റത്തോ സ്കൂൾവളപ്പിലോ നട്ടുപിടിപ്പിക്കാൻ ഒരു ശ്രമം നടത്തിയാലോ? നാലഞ്ചുകുട്ടികൾ ചേർന്ന് ഒരു കൂട്ടായ്മയുണ്ടാക്കി വേണം തൈകൾ ശേഖരിക്കുവാൻ. നമ്മുടേതു മാത്രമായ ഒരുപാടു നാടൻ പൂച്ചെടികൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കാലമായതിനാലാണ് ഞാനിങ്ങനെ പറയുന്നത്. പത്തുതരം പൂച്ചെടികൾ. അവ ഏതൊക്കെയാവാം? പറയാം.

തുമ്പ, മുക്കുറ്റി, തെറ്റി, ചെമ്പരത്തി, അരളി, ശംഖുപുഷ്പം, മന്ദാരം, നാലുമണിച്ചെടി, കോളാമ്പിച്ചെടി, തൊട്ടാവാടി, മുല്ല, പിച്ചി, കനകാംബരം, കുടമുല്ല, പവിഴമല്ലി, നാട്ടുറോസ, ഉഷമലരി, സൂര്യകാന്തി, കിരീടച്ചെടി, രാമുല്ല, തുളസി, പൂകൈത, ജമന്തി, ആമ്പൽ, താമര (ഇവ രണ്ടും വെള്ളമുള്ളിടങ്ങളിൽ മാത്രം. അല്ലെങ്കിൽ മുറ്റത്ത് ചെറിയ ടാങ്കു കെട്ടിയും വളർത്താം.), കായാവ്, കദളി, നാലിതൾച്ചെടി, കൈനാറി, കാക്കപ്പൂവ്, നിത്യകല്യാണി, പൂപ്പരുത്തി... ഇനിയുമൊരു നൂറു നൂറു പൂക്കളുണ്ടാവും – ഓർമവരുന്നില്ല. ഇവയിൽ ഏതെങ്കിലും പത്തെണ്ണം നട്ടുപിടിപ്പിച്ചാൽ അടുത്ത ഓണക്കാലത്തേക്ക് അവയിൽ ചിലതെങ്കിലും പൂവിടും. നിങ്ങൾക്കും ചുറ്റുമുള്ള തേനീച്ചകൾക്കും തുമ്പികൾക്കും ശലഭങ്ങൾക്കും തേൻകുടിക്കിളികൾക്കും സന്തോഷമാവും. ഓണത്തിന് ഒരുപിടി പൂക്കൾ നിങ്ങളുടേതായി മാവേലിത്തമ്പുരാനു സമർപ്പിക്കുവാനും കഴിയും. പാതാളത്തിൽ നിന്നും നിങ്ങളെ കാണാൻ വരുന്ന ആ മുത്തച്ഛനും സന്തോഷമാവും. ഒന്നു പരീക്ഷിച്ചാലെന്ത്? പരീക്ഷിച്ചാൽ മാത്രം പോരാ, അക്കാര്യം തളിരിലേക്ക് എഴുതി അയയ്ക്കുകയും വേണം.

എന്റെ കുഞ്ഞുങ്ങൾക്ക് നല്ലൊരു ഓണമായിരിക്കട്ടെ ഇതെന്നു നേരുന്നു.

സ്നേഹപൂർവം
സുഗതകുമാരി





വര: അരുണ ആലഞ്ചേരി

# ഓണം ഡെയ്സ്

എൻ ടി രാജീവ്



# പൂക്കാലം

**വൈലോപ്പിള്ളിൽ ശ്രീധരമേനോൻ**

മുറ്റത്തു പൂവിട്ടതച്ഛനെക്കാണിപ്പാൻ
മുട്ടിക്കിതച്ചെത്തിയെന്റെ മക്കൾ,

പന്ത്രണ്ടു നല്ലോണമുണ്ട മിടുക്കിനാ-
ലെന്തിനും മുമ്പനാം മാധവനും

പത്തു വയസ്സിലൊരുല്ലാസവീചിക-
യ്ക്കൊത്തു കുണുങ്ങിടും ദേവകിയും.

കൊച്ചുകൈയിട്ട പൂ കൊണ്ടാടണം പോലു-
മച്ഛനും, പിന്നീടു മാബലിയും.

അഞ്ജസാ ചെന്നു നിരൂപണം ചെയ്തു ഞാൻ
പുഞ്ചിരിയാലെയാപ്പുഷ്പചിത്രം.

ഒന്നോടെയസ്സലായെന്നോണം മുറ്റത്തു
പൊന്നോണവെയ്‌ലും ചിരിച്ചു മേവി.

ചിത്തകുതൂഹലാൽ ചുറ്റിലുമങ്ങിരു-
ചിത്രശലഭങ്ങൾ തുള്ളിനിന്നു;

തുഷ്ടിമധുവിലൊരിറ്റു മതിയല്ലോ
കുട്ടിമനസ്സു കവിഞ്ഞൊഴുകാൻ!

ചേതസാ ഞാനുമെന്നാനന്ദം പൂവിട്ട
ഭൂതകാലത്തിലേയ്ക്കെത്തിനോക്കി:

തുമ്പകൾകൂടിയും പൂക്കുട്ടയേന്തുന്ന
തുമ്പമകന്നോരു ചിങ്ങമാസം!

രണ്ടു കിടാങ്ങളുണ്ടങ്ങൊരു പാടത്തു
തെണ്ടിനടക്കുന്നു പൂവറുക്കാൻ.

ഞാനുമെൻതൊട്ടയൽവീട്ടിലെച്ചെല്ലമാം
ജാനുവും- ഞങ്ങളിണക്കിളികൾ!

കാറ്റിനു തോഴിയാം കൂന്തലും കണ്ഠത്തിൽ
കാൽപ്പവൻ തൂങ്ങുന്ന പൊന്നുനൂലും

വാഴക്കൂമ്പൊത്ത വയറിനെബ്ബന്ധിച്ചു
താഴോട്ടു ഞാന്നുള്ള പാവുമുണ്ടും

ചെഞ്ചെറുകൈയിൽ പൂക്കുമ്പിളുമാർന്നവൾ
പുഞ്ചയിലോണം പുലർത്തിനിന്നു.

കുമ്പിളിൽ പൂക്കൾ നിറയ്ക്കവേ, കൈവിരൽ-
ത്തുമ്പിലെത്തേനൊലിവാസ്വദിച്ചും

വാടിയ പൂവിൻമുഖത്തു തളിക്കുവാൻ
വാരി പൂഞ്ചോലയിൽനിന്നെടുത്തും

ഉള്ളിലെപ്പാലൊട്ടുറച്ചൊരു ചിങ്ങത്തിൻ-
നെല്ലു പറിച്ചു കടിച്ചുതിന്നും

പാതയിൽക്കൈനീട്ടും നൽത്തൊട്ടാവാടിയെ-
യൂതിയും തൊട്ടുമുറക്കിക്കൊണ്ടും

താർനിര ശേഖരിച്ചങ്ങനെ ജീവിത-
ത്താഴ്വരയൂടേ നടന്നു ഞങ്ങൾ.

*(ഞങ്ങളുടെ തലമുറയുടെ ഏറ്റവും പ്രിയപ്പെട്ട കവിയായിരുന്നു വൈലോപ്പിള്ളി. ഈ വിശിഷ്ടകവി സയൻസ് പഠിപ്പിക്കുന്ന അധ്യാപകനായിരുന്നു എന്ന് കുട്ടികൾ അറിയണം. ഇങ്ങനെയൊരു അധ്യാപകന്റെ കീഴിൽ പഠിക്കാൻ കഴിഞ്ഞ അന്നത്തെ കുട്ടികൾ എന്തു ഭാഗ്യമുള്ളവരായിരിക്കണം!)*



വര: അരുണ ആലഞ്ചേരി

# തെറ്റു പറ്റാത്ത ഉറ്റവർ

സി രാധാകൃഷ്ണൻ

സ്കൂൾ തുറക്കുന്ന ദിവസം രാവിലെ അപ്പുവിനെ കുളിപ്പിക്കാൻ അമ്മ കുളക്കരയിൽ കൊണ്ടുപോയി. ആദ്യമായി സ്കൂളിൽ പോകുകയാണ്. സ്ളേറ്റും പുസ്തകവും സഞ്ചിയും കുടയും ഒക്കെ വാങ്ങിവച്ചിട്ടുണ്ട്.

ഒന്നുരണ്ടു മഴ പെയ്തിരുന്നു. പക്ഷേ, വേനൽക്കാലത്തിന്റെ വാലറ്റമായതിനാൽ കുളത്തിൽ വെള്ളം കുറച്ചേയുള്ളൂ. അപ്പു നീന്താൻ പഠിച്ചിട്ടില്ല. വെള്ളത്തിൽ മുങ്ങിക്കുളിക്കാൻ പേടിയാണ്. വെള്ളം കോരി തലയിലും മേലും ഒഴിക്കണം. അതിനൊരു വലിയ കോപ്പയുണ്ട്.

മുഖത്ത് സോപ്പു തേക്കുന്നത് അപ്പുവിന് ഇഷ്ടമല്ല. കണ്ണു നീറും. കരയും. അപ്പോൾ അമ്മ ആ കോപ്പ കൊടുക്കും, വെള്ളം മുക്കിക്കുളിക്കാൻ. ചെവിയിൽ തോർത്തുമുണ്ടിന്റെ മൂല തിരിച്ചു തിരുകി വെള്ളം എടുക്കുമ്പോഴും അപ്പു കരയും. കോപ്പയിൽ പരൽമീൻ പിടിക്കാൻ അപ്പോഴാണ് അമ്മ അനുവദിക്കുക. കോപ്പ വെള്ളത്തിൽ താഴ്ത്തി വച്ചാൽ അതിൽ നിറയുന്ന വെള്ളത്തിൽ പരൽമീനുകൾ കളിക്കാൻ വരും. നല്ല രസമാണ്. എന്നാലോ, ആ കോപ്പ പൊക്കുമ്പോഴേക്ക് ഒക്കെ ഓടിപ്പോകും. എത്ര ശ്രദ്ധിച്ചും പതുക്കെയും പൊക്കിയാലും കിട്ടില്ല. എത്ര വേഗത്തിലായാലും കിട്ടില്ല, ഒരെണ്ണത്തിനെയും.

ഇന്നു പക്ഷേ, എന്തോ ഭാഗ്യത്തിന് ഒരു മീനിനെ കിട്ടി. തലയിൽ വെള്ളി കൊണ്ട് പൊട്ടുള്ള ഒരു ചെറുമീൻ. നിധി കിട്ടിയ പോലെ ആയി അപ്പുവിന്. കോപ്പയും അതിലെ വെള്ളവും മീനും മാറോടു ചേർത്തുപിടിച്ചു. ഒരു പരാതിയും കൂടാതെ ചെവിയിലെ വെള്ളം എടുക്കാൻ നിന്നു കൊടുത്തു.

കുളി കഴിഞ്ഞു പോരുമ്പോൾ മീനിനെ കൊണ്ടുപോരാൻ അമ്മ അനുവദിച്ചില്ല. അതിനെ വെള്ളത്തോടെ കുളത്തിലേക്കു തന്നെ ഒഴുക്കിക്കളഞ്ഞു. അപ്പു കരച്ചിലായി. ഞെളി



വര: അരുണ ആലഞ്ചേരി

പിരിയും ചവിട്ടിത്തുള്ളലും ആയി. കുറച്ചിട നല്ല വാക്കു പറഞ്ഞു ക്ഷമകെട്ട് അമ്മ കൈ ഉയർത്തി.

കൃത്യസമയത്ത് മുത്തച്ഛൻ ഇടപെട്ടതിനാൽ അടി വീണില്ല.

''എന്താ അവനു വേണ്ടത്, കുട്ട്യേ?''

''ചുട്ട പെട, അല്ലാതെന്താ! ഒരു പൊടിമീൻ ആ കോപ്പയിൽ കുടുങ്ങിക്കിട്ടി. വൈകുന്നേരംവരെ അതിനെ നോക്കി ഇരിക്കാനാവും ഇനി മോങ്ങൽ. സ്കൂളിൽ പോണ കാര്യം ഒന്നും പിന്നെ നടക്കില്ല! പോരേ, പൂരം!''

അപ്പുവിന്റെ കൈ പിടിച്ച് ആ ഒഴിഞ്ഞ കോപ്പയും വാങ്ങി മുത്തച്ഛൻ കുളത്തിലേക്കു തിരികെ നടന്നു. ഞങ്ങൾ ഇപ്പോ വരാം!

അമർത്തിയൊന്നു മൂളി അമ്മ അകത്തു പോയി.

മുത്തച്ഛനും അപ്പുവും കൂടി ആവതു ശ്രമിച്ചിട്ടും ഒരു മീനും വഴങ്ങിയില്ല. കിട്ടി എന്നാവും. പെട്ടെന്നു തെന്നിമാറും. എല്ലാ മീനുകളും നല്ല അഭ്യാസികൾ.

അപ്പോഴാണ് മുത്തച്ഛൻ ആ മാനത്തുകണ്ണിമീനിന്റെ കഥ പറഞ്ഞത്.

'സൂക്ഷിക്കണം എന്നു പറഞ്ഞാണ് ആ മീനിന്റെ അമ്മ തന്റെ ചുറ്റുവട്ടത്തു നിന്ന് മാറാൻ ആ ചെറുമീനിനെ അനുവദിച്ചത്. പരിചയമില്ലായ്മയാലാണ് അത് ആ കോപ്പയിൽ കയറിയതും മറ്റു മീനുകൾ ഓടിയൊഴിഞ്ഞിട്ടും പോകാതിരുന്നതും. അതിപ്പോൾ അമ്മയുടെ അരികിൽ എത്തിയിരിക്കും. ഓടിക്കിതച്ചു ചെന്ന് അമ്മയോട് താൻ ഒരു പാഠം പഠിച്ച കാര്യം വിക്കിവിക്കി പറയുകയാവും!'

മീനിനു പകരം നല്ല നാല് 



വെള്ളാരങ്കല്ലു പെറുക്കി മുത്തച്ഛൻ അപ്പുവിനു കൊടുത്തിട്ടു പറഞ്ഞു. ''ഇത് സ്കൂളിൽ കൂട്ടുകാരെ കാണിക്കാം.''

അമ്മ ഇഡ്ഡലി വായിൽ കൊടുക്കുന്നേരം മുത്തച്ഛൻ ജീവികളുടെ കഥ വിസ്തരിച്ചു. എല്ലാ ജീവികളും നമ്മുടെ ഉറ്റവരാണ്. എപ്പോൾ ആരുടെ സഹായമാണ് ആവശ്യമായി വരിക എന്നു പറയാനാവില്ല. ചെറുതോ വലുതോ എന്ന വ്യത്യാസമില്ല. അതുകൊണ്ട് എല്ലാ ജീവികളെയും സ്വന്തമായി കരുതണം. കണ്ണുകൊണ്ടു കാണാവുന്നതും കാണാൻ പോലും വലിപ്പം ഇല്ലാത്തതുമായ അനേകായിരം ജീവികളാണ് നമ്മെ പോറ്റുന്നത്.

''അപ്പോൾ ഉറുമ്പു കടിക്കുന്നതോ മുത്തശ്ശാ?''

''ഇഷ്ടം കാട്ടാനും അതിന് ആ ഒരു വിദ്യയേ അറിയൂ!''

''പോത്തു കുത്താൻ വരുന്നതോ?''

''അതിനെ ഇഷ്ടപ്പെടാത്തതിന്, അല്ലാതെന്തിനാ?''

''പാമ്പു കടിക്കുന്നതോ?''

''അതിനെ ഉപദ്രവിക്കുമെന്നു പേടിച്ചോ, ഉപദ്രവിച്ചതിനാലോ തന്നെ.''

തേൻ തൊട്ടുകൂട്ടിയാണ് അമ്മ ഇഡ്ഡലി വായിൽ കൊടുക്കുന്നത്. പാത്രത്തിൽ ഈച്ച ഇരിക്കാതെ കഴിക്കാൻ അമ്മ നന്നേ പാടുപെടുന്നുണ്ടായിരുന്നു.

അമ്മ ചിരിച്ചു. ''ഈ ഈച്ചകളും നമ്മളെ സഹാ

യിക്കും എന്നാണോ അച്ഛാ?''
''എന്താ സംശയം! ചക്കയും ഈച്ചയുംപോലെ എന്നുതുടങ്ങിയ പഴമൊഴികളും ഈച്ചക്കോപ്പി എന്ന വാക്കുമൊക്കെ ഉണ്ടായത് ഈച്ച ഉള്ളതുകൊണ്ടല്ലേ കുട്ട്യേ?''
സ്കൂളിൽ നല്ല രസമായിരുന്നു. പുതിയ കൂട്ടുകാരെ കിട്ടി. ടീച്ചർ പറഞ്ഞുകൊടുത്തതും കാക്കയുടെയും പൂച്ചയുടെയും കാര്യങ്ങളായിരുന്നു. രണ്ടിന്റെയും ചിത്രം ബോർഡിൽ വരയ്ക്കുകയും എല്ലാരെക്കൊണ്ടും വരപ്പിക്കുകയും ചെയ്തു. അപ്പു പൂച്ചയ്ക്കു മീശ വരയ്ക്കാൻ മറന്നുപോയി!
അന്നു രാത്രി ഉറങ്ങുന്നേരം മുത്തച്ഛൻ പറഞ്ഞ കഥയും ജന്തുക്കളുടെ കഥയായിരുന്നു. അതുകൊണ്ടാവാം അപ്പു ജന്തുക്കളെ സ്വപ്നം കണ്ടു.
ഒരു തോണിയാത്രയിൽ നിന്നാണു തുടങ്ങിയത്. വലിയ ഒരു തോണിയിൽ അപ്പുവും അമ്മയും അച്ഛനും മുത്തച്ഛനും മുത്തശ്ശിയും കൂടി ദൂരെ എങ്ങോട്ടോ പോകുന്നു. പുഴയിലൂടെയാണ്. ഒഴുക്കുണ്ട്. വെള്ളത്തിൽ മീനുകളും കക്കകളും ശംഖുകളും ഞണ്ടുകളും ധാരാളം. അപ്പു അതുനോക്കി ഇരിക്കുകയായിരുന്നു. അതിനിടെ എന്തിനെന്നറിയാതെ പേടിതോന്നി. തലയുയർത്തി നോക്കിയപ്പോൾ കൂടെ ആരുമില്ല. എല്ലാരും പോയി! തോണി ഊന്നുന്ന ആളും ഇല്ല! അപ്പു തനിച്ച്, ഒഴുക്കിൽ. തോണി ചുഴികളിൽ വട്ടംതിരിയുന്നു.
അപ്പു ഉറക്കെ കരഞ്ഞു.
അതുകേട്ട് ഒരു ചെറുമീൻ വെള്ളത്തിനു മുകളിൽ ചുണ്ടു കാട്ടി ചോദിച്ചു.
''എന്തേ?''
അപ്പു കരഞ്ഞു,
''എനിക്കു വീട്ടിൽ പോണം!''
അതുകണ്ടും കേട്ടും ആ കുട്ടിമീൻ ഒന്നും പറയാതെ വെള്ളത്തിൽ തിരികെ ആണ്ടുപോയി. എന്നിട്ടോ, കുറച്ചുകഴിഞ്ഞപ്പോൾ ഒരു പടുകൂറ്റൻ മീൻ തോണിക്കരികിൽ വന്നു. അതിന്റെ കൂടെ ആ ചെറുമീനും ഉണ്ടായിരുന്നു. പോയി വിളിച്ചുകൊണ്ടുവന്നപോലെ. തോണിയുടെ ഓരം ചേർന്നുനിന്ന് ആ വലിയ മീൻ തോണി തള്ളിത്തള്ളി കൊണ്ടുപോയി അപ്പുവിന് പരിചയമുള്ള കടവിൽ അടുപ്പിച്ചു!
തോണിയിൽ നിന്നിറങ്ങി തിരിഞ്ഞുനോക്കിയപ്പോൾ രണ്ടു മീനുകളെയും കണ്ടില്ല. വലിയ മീൻ അകന്നുപോകുന്ന തിരയിളക്കം മാത്രം വെള്ളത്തിൽ കണ്ടു.
നേരം സന്ധ്യയായിത്തുടങ്ങിയിരുന്നു. വീട്ടിലേക്കുള്ള വഴി നടന്നുതീരുന്നില്ല. നടക്കുന്തോറും വഴി അത്രയ്ക്കത്ര നീളുന്നു! അപ്പുവിന് വീണ്ടും പേടിയായി.

**തോണിയിൽ നിന്നിറങ്ങി തിരിഞ്ഞുനോക്കിയപ്പോൾ രണ്ടു മീനുകളെയും കണ്ടില്ല. വലിയ മീൻ അകന്നുപോകുന്ന തിരയിളക്കം മാത്രം വെള്ളത്തിൽ കണ്ടു. നേരം സന്ധ്യയായിത്തുടങ്ങിയിരുന്നു. വീട്ടിലേക്കുള്ള വഴി നടന്നുതീരുന്നില്ല. നടക്കുന്തോറും വഴി അത്രയ്ക്കത്ര നീളുന്നു! അപ്പുവിന് വീണ്ടും പേടിയായി.**

വഴിയോരത്തിരുന്ന് അപ്പു കരയാൻ തുടങ്ങി
ഇമ്പമുള്ള കിളിയൊച്ച കേട്ടാണ് മുഖമുയർത്തിയത്.
ഒരു അടയ്ക്കാപ്പക്ഷി ചോദിക്കുന്നു. ''എന്തിനാ നീ കരേണത്, ചങ്ങാതീ?''
''എനിക്കു വീട്ടിലെത്തണം!''
''അതിനെന്തിനാ കരേണത്? ഞാൻ കൊണ്ടുപോവാം!''
അടയ്ക്കാപ്പക്ഷി മുൻപേ പറന്ന് കുറുക്കുവഴി കാണിച്ചതിലൂടെ അപ്പു നടന്നു.
എന്നിട്ടും എത്തുന്നില്ല. വിശപ്പും ദാഹവും തുടങ്ങി.
അടയ്ക്കാപ്പക്ഷി പഴുത്തു പാകമായ തുടുത്തുമിനുത്ത വലിയ കശുമാങ്ങകൾ കൊത്തി താഴെ ഇട്ടുകൊടുത്തു. കഴിച്ചോളൂ.
കുറച്ചുകൂടി കഴിഞ്ഞതോടെ നേരം ഇരുട്ടി വഴി കാണാതെ ആയി.
അടയ്ക്കാപ്പക്ഷി പോയി ഒരു പറ്റം മിന്നാമിനുങ്ങുകളെ കൊണ്ടുവന്നു. അവ സംഘം ചേർന്നു കൊച്ചു ടോർച്ചുകൾ അടിച്ചപ്പോൾ ആവശ്യമായ വെളിച്ചമായി.
കുറച്ചുകൂടി മുന്നോട്ടു പോയതും ആ വഴിയിൽ ആഴമുള്ള ഒരു തോടും അതിൽ നിറയെ വെള്ളവും കണ്ട് അപ്പു അന്ധാളിച്ചു നിന്നു.
കുഞ്ഞിക്കിളി രണ്ടുമൂന്നു വട്ടം നീട്ടിക്കരഞ്ഞു.
അതിനു മറുപടിയായി കേട്ടത് ഒരു ആനയുടെ ചിന്നംവിളിയാണ്.
ഒരു പടുകൂറ്റൻ കാട്ടാന തോട്ടിലൂടെ വന്നു. അത് അപ്പുവിന്റെ മുന്നിലെ തോട്ടിനു കുറുകെനിന്ന്





അപ്പുവിനെ തുമ്പിക്കൈയിലെടുത്ത് ഒന്നു തിരിഞ്ഞ് മറുകരയിൽ ഇറക്കി വച്ച് തിരികെ പോയി.

കുഞ്ഞിക്കിളി സന്തോഷത്തോടെ ഒരു പാട്ടുപാടി.

മിന്നാമിന്നികൾ താളത്തിൽ വെളിച്ചം കാണിച്ചു.

അതൊരു ഘോഷയാത്ര പോലെ ആയി.

പോകപ്പോകെ വീടെത്താഞ്ഞ് അപ്പുവിന് പിന്നെയും സങ്കടമായി.

കരച്ചിൽ വന്നു.

കുഞ്ഞിക്കിളി ചോദിച്ചു.

''ഇനീം എന്തിനാ കരേണേ?''

അപ്പു തേങ്ങി. ''അമ്മേ കാണണം.''

''അതിനാണോ പ്രയാസം.''

കുഞ്ഞിക്കിളി അപ്പുവിനു മുന്നിൽ നിലത്ത് ഇറങ്ങി ഇരുന്നു.

''എന്റെ കഴുത്തിൽ കയറിക്കോളൂ.''

അതു പറയുന്നതിനൊപ്പം കുഞ്ഞിക്കിളി വലുതായി വലുതായി വന്നു. നോക്കിനിൽക്കെ പടുകൂറ്റനായി.

അപ്പു പുറത്തു കയറിയ ഉടൻ കിളി ചിറകു വിടർത്തി പറന്നുതുടങ്ങി.

''മുറുകെ പിടിച്ചോളണം, പേടിക്കരുത്.''

അപ്പു എത്ര വട്ടം ആലോചിച്ചതാണ്, ഒരു പക്ഷിയെപ്പോലെ പറക്കാനായെങ്കിലെന്ന്.

മരത്തലപ്പുകൾക്കു മുകളിലൂടെ, കുന്നിന്റെ ശിഖരങ്ങൾക്കും മുകളിലൂടെ, മേഘങ്ങൾക്കകത്തുകൂടെ ഒരു യാത്ര.

പെട്ടെന്ന് അത്രയും ഉയരെനിന്ന് താഴേക്ക് പിടിവിട്ടു വീണു.

പേടിച്ചു നിലവിളിച്ചുപോയി.


പക്ഷേ, വീണത് പതുപതുപ്പുള്ള കിടക്കയിലാണ്.

മുത്തച്ഛന്റെ അരികിൽ നിന്ന് അപ്പുവിനെ വാരിയെടുത്ത് അമ്മ പതിവുകിടക്കയിൽ കൊണ്ടുചെന്നു കിടത്തിയതാണെന്ന് പാതിയുറക്കത്തിൽ അപ്പു അറിഞ്ഞില്ല.

അത്രയുമല്ല, അപ്പോഴും ആ കുഞ്ഞിക്കിളി, ചെറുതായി കുഞ്ഞിക്കിളിതന്നെ ആയി, തുറന്ന ജനാലയ്ക്കു വെളിയിൽ പാറി നിന്നിരുന്നു, സന്തോഷസ്വരങ്ങളോടെ.

# മൂന്നു പക്ഷിക്കവിതകൾ

സച്ചിദാനന്ദൻ



## 1. പൊന്മ

നീലയിലിത്രയും നീലയുണ്ടെന്നു നീ
പാറിപ്പറന്നു പറഞ്ഞു തന്നു.

ആഴി തന്നാഴത്തിൽ നിന്നു നീ കൊക്കിനാൽ
കോരിയെടുത്തതോ നിന്റെ നീല?
മാനത്തു മേഘങ്ങൾക്കുള്ളിൽ പറക്കുമ്പോൾ
തൂവലിൽ പറ്റിപ്പിടിച്ചതാണോ?
മാമല തന്നുയരങ്ങളിൽ നിന്നെങ്ങാൻ
മേൽ വീണുറഞ്ഞു കടുത്തതാണോ?

കൂരമ്പു പോലെ നീ താണു വരുന്നേരം
മീനുകൾ പ്രാർത്ഥന ചൊല്ലാറുണ്ടോ?
നീ പോകെ വെള്ളത്തിൽ കാണുന്ന ചിറ്റോളം
ആ ഗീതകത്തിൻ വരികളാണോ?


ഞാനെന്നും കാണും കുളക്കരെ, തൈമാവിൻ
കീഴിൽ, നിൻ നീലിച്ച മിന്നൽ കാണാൻ.
നാളെയുമെത്തണേ നേരത്ത്; വൈകിയാൽ
സ്കൂൾ മണി കേട്ടു ഞാൻ നീലയാകും!

## 2. തത്ത

തത്തമ്മേ, നിന്റെ കൊതിപ്പിക്കും തൂവലിൻ
പച്ചയെനിക്കു തരാമോ?
ഇന്നോളം കണ്ടില്ല വേറെ കിളികളിൽ
നിന്റെ മിനുക്കിന്റെ ചന്തം
തെക്കേപ്പുറത്തെപ്പുളിമൊട്ടിൽ, കൈത ത-
ന്നിത്തിരിക്കൂമ്പിൽ ഞാൻ കണ്ടൂ,
അത്തിരനോട്ടം, വരിനെല്ലിൻ ഞാറിൽ, എൻ
മുറ്റത്തെ വേപ്പിൻ തളിരിൽ.
ഏതു കളിയരങ്ങിൽ നിന്നു നീ കടം
വാങ്ങിയി,താരേ മിനുക്കി?
എങ്കിലും നിൻ കൊക്കിതെങ്ങിനെ ചോപ്പായി,
കുന്നിമണികൾ കൊറിച്ചോ?

ഇന്നലെപ്പട്ടണമൂലയിൽ നിന്നെ ഞാൻ
കണ്ടൂ ചെറിയൊരു കൂട്ടിൽ.
ഏറെയുണ്ടായിരുന്നാളുകൾ ചുറ്റിലും
ഭാഗ്യമറിയുവാൻ വന്നോർ.
മിണ്ടാതനുസരിക്കുന്നൂ, ചീട്ടുകൾ
കൊണ്ടുവെയ്ക്കുന്നു നീ കൊക്കാൽ.
ചിത്രങ്ങൾ വായിച്ചു
കേൾക്കെച്ചിലർക്കുണ്ടു
ദു:ഖം, ചിലർക്കു സന്തോഷം.

നിൻ മനം തത്തുന്നു ദൂരെ കിനാവിന്റെ
പൊന്മരച്ചില്ലകൾ തോറും
എങ്കിലും നിന്നുടൽ താഴെ, ചിറകരി-
ഞ്ഞല്ലയോ നിന്നെ മെരുക്കീ
നിൻ യജമാനൻ; നിൻ പച്ചയിലൂഴി തൻ
സങ്കടമന്നു ഞാൻ കണ്ടൂ.
എന്നുമെൻ പ്രാർത്ഥന നിന്റെ ചിറകിനു
പിന്നെയും തൂവൽ മുളയ്ക്കാൻ;
പിന്നെയുമാകാശം നിന്നിളംപച്ചയാൽ
മിന്നിത്തിളങ്ങിജ്ജ്വലിക്കാൻ.



വര: അരുണ ആലഞ്ചേരി



## 3. മൈന

ചേർനിറക്കാരിയെന്നോതിയിട്ടെന്നോടു
മാറിനിൽക്കാനായ്പ്പറയല്ലേ!
എന്റെ തവിട്ടു നിറത്തിൽ നിറയുന്നു
സംഗീതമെന്നു മറക്കല്ലേ!

പഞ്ചവർണക്കിളിയല്ല ഞാ,നെങ്കിലും
എൻ കണ്ണിലുണ്ടഞ്ചു സൂര്യന്മാർ!
എന്നെക്കണികണ്ടുണരുന്നു മുക്കുറ്റി
എന്നിലലിയുന്നു സായാഹ്നം.

എന്നുമേ സാധകം ചെയ്യുന്നു ഞാൻ, മഴ
യെന്നും ശ്രുതിചേർത്തു പെയ്യുന്നു
തത്തി നടന്നിടത്തൊക്കെയും പൊന്തുന്നു
പച്ചക്കറുകകൾ, പൂത്തുമ്പ.

എൻ കൂജനത്തിനാൽ ശുദ്ധമാക്കുന്നു ഞാൻ
മണ്ണും മനസ്സും വിഹായസ്സും
ഉള്ളിൻ മുറിവുകളൊക്കെയും പാട്ടിന്റെ
തുള്ളികൾ വീഴ്ത്തിയുണക്കുന്നു.

എത്ര തലമുറ കാതോർത്തെനി, ക്കിനി-
യെത്ര തലമുറ കാതോർക്കും!
ഞാനെന്നുമുണ്ടാവും പൂവുകൾ വീണൊരീ-
യോണമുറ്റത്തിനെത്താരാട്ടാൻ.

# പയ്യൻ കൊമ്പത്ത്

ചെമ്മനം ചാക്കോ

തെക്കേപ്പറമ്പിൽ നിൽക്കുന്ന
കോട്ടമാവിന്റെ കൊമ്പിലായ്
ദേശാടനം നടത്തുന്ന
പക്ഷി വന്നു ചിലയ്ക്കയായ്:

''അപ്പൻ കൊമ്പത്ത്
അമ്മ വരമ്പത്ത്''

കാപ്പിക്കുരു പറിക്കാനായ്
കൊമ്പിൽ കേറിയ കുട്ടിയോ
കൂവിടുന്നാവതുച്ചത്തിൽ
കൂവലിൻ മറുകൂവലായ്:

''ചക്കയ്ക്കുപ്പില്ലാ,
കപ്പയ്ക്കുപ്പധികം!''

''വീണിടും തലയുംകുത്തി-
താഴേ, വേഗമിറങ്ങെടാ!''
നോക്കുമ്പോൾ വടിയും വീശി
നിൽക്കുന്നമ്മ ചുവട്ടിലായ്!



വര: അരുണ ആലഞ്ചേരി

# കൂട്ടായ്മയുടെ ഓണം

**പി വത്സല**

ഓണം നമ്മുടെ അത്യന്തം ചേതോഹരമായ ഒരു പൈതൃക സമ്പത്താണ്. അമൂല്യനിധി. ആണും പെണ്ണും കുഞ്ഞു കുട്ടിമുതൽ വൃദ്ധന്മാർ വരെ കാത്തിരിക്കുന്ന ഒരുദിവസം. ഒറ്റദിവസമല്ലത്. പത്തു ദിവസവും കൂടുതലും. അതിനു മതപരമായ ഒരു പരിവേഷമുണ്ടെന്നു തോന്നുന്നതേയില്ല. മഴക്കാലത്തെ ദുരിതങ്ങൾക്കും വിഷമങ്ങൾക്കും രോഗങ്ങൾക്കുംശേഷം എത്തിച്ചേരുന്ന ഒരു പുഷ്പകാലം. നിറങ്ങൾ, വെളിച്ചം, സുഗന്ധം എന്നിവയുടെ കാലം. സ്നേഹകാലം, ചിരിക്കാലം, പഠിപ്പില്ലാ അവധിക്കാലം. അങ്ങനെ ആനന്ദത്തിന്റെ തുറകളിലൂടെ ഓടിച്ചാടി നടക്കും കാലം. ഒരാൾ കുട്ടിക്കാലത്ത് എത്ര തവണ ഓണാഘോഷത്തിൽ പങ്കെടുത്തു എന്നു പറയുന്നത് അയാൾക്കു നവോന്മേഷം തരുന്നു. ചിതറിപ്പോയ കുടുംബാംഗങ്ങളും ചിത്രങ്ങളും അയൽക്കാരും ഒത്തുചേരാൻ ഇടയാക്കുന്നു.

നമ്മൾ ചെറുയാത്രയ്ക്കിറങ്ങുമ്പോൾ, റോഡിൽ, നടവഴിയിൽ, ബസ്സ്റ്റോപ്പിൽ, റെയിൽവേസ്റ്റേഷനിൽ, അങ്ങാടിയിൽ, ചന്തയിൽ എല്ലായിടത്തും താത്കാലികമായി നഷ്ടപ്പെട്ട ഒരു സ്നേഹമുഖം,തിളങ്ങുന്ന മിഴികൾ, ചടുലചലനങ്ങൾ.. നമ്മെ എതിരേൽക്കുന്നില്ലേ?

കഴിഞ്ഞകാലം, എന്നു വച്ചാൽ അരനൂറ്റാണ്ടിനപ്പുറത്തെ ഓണവും പുതുകാലത്തിന്റെ ഓണവും തമ്മിൽ വലിയ വ്യത്യാസമുണ്ടെങ്കിലും ഫലത്തിൽ സമാഗമത്തിന്റെ ജൈവാംശം, വേരുകൾ, പുതുപുത്തനായി അനുഭവപ്പെടുന്നു. ഇതിനാണ് ജീവിതചൈതന്യം, പൂക്കാലശോഭ എന്നൊക്കെ പറയുന്നത്.

മനുഷ്യന് നല്ല ആഹാരം, ഭംഗിയുള്ള ഉടുപ്പ്, വൃത്തിയും വെടിപ്പുമുള്ള പാർപ്പിടം, സ്നേഹബന്ധങ്ങളുടെ മൃദുവായ ഇഴയടുപ്പുള്ള പട്ടുപോലത്തെ സൗഹൃദം ഇതെല്ലാം ആവശ്യമാണ്.

തൊട്ടാൽ പൊട്ടിത്തെറിക്കുന്ന ഇന്നത്തെ അനുഭവങ്ങളിൽനിന്ന് ഒരു തിരിച്ചുപോക്ക് നാമെല്ലാം ആഗ്രഹിക്കുന്നുണ്ട്.

സമൃദ്ധമായ ഓണാനുഭവമുള്ളവർ ഭാഗ്യമുള്ളവർ. അക്കൂട്ടത്തിൽ ഞാനും പെടുന്നു. ദൈവാനുഗ്രഹം എന്ന് ഒറ്റവാക്കിൽ പറയാം.

ഞങ്ങളുടെ താഴ്വാരത്തിനുചുറ്റും മാലൂർകുന്ന്, വേട്ടയാടുംകുന്ന്, വെള്ളിമാട്, കോട്ടൂളിക്കുന്ന് എന്നിവ ഉയർന്നുനിൽക്കുന്നു. കുടിയിടങ്ങൾ അകലങ്ങളിൽ മാത്രം. ഓരോ കുടുംബത്തിനും അതതു ദേശത്തെ മനുഷ്യരുടെ കുടുംബകാര്യം അറിയാം. ഇവരുടെയെല്ലാം സന്തതികൾ സംഗമിക്കുന്നത് ഓണക്കാലത്ത് കാട്ടുപൂക്കൾ വിരിഞ്ഞുനിൽക്കുന്ന കുന്നിൻപുറങ്ങളിലും കതിർനെല്ല് നിൽക്കുന്ന വിരിഞ്ഞ പാടങ്ങളിലുമാണ്.

പുഴത്തീരത്തെ മണൽത്തിട്ടയിലും പരുത്ത കരയിലും അത്യന്തം മനോഹരമായ അതിരാണിപ്പൂക്കൾ ഉണ്ടായിരുന്നു. നെൽച്ചെടികൾ നിൽക്കുന്ന പാടവരമ്പിൻചെരിവിൽ വെളുത്ത ഉടുപ്പു ധരിച്ച കുഞ്ഞുചെടി



ക്കൂട്ടങ്ങൾ, തുമ്പകൾ ഉണ്ടായിരുന്നു. തോട്ടുവക്കിലെ കരകൾതോറും കൈത പൂത്തിരുന്നു. വേലിത്തറികളിൽ വയലറ്റുനിറത്തിലുള്ള കുഞ്ഞുപൂങ്കതിരുകൾ സൂര്യനെ നോക്കി അനങ്ങാതെനിന്നു കൈകൂപ്പി. ഏതു പുരയിടത്തിന്റെ അതിരിലും വേലിച്ചെടി നീളെ ചെമ്പരത്തിപ്പൂക്കൾ; ചുമപ്പ്, മഞ്ഞ, ഓറഞ്ച്, വെളുപ്പും ഇളംചുവപ്പും വരകളുള്ള വേലിപ്പരുത്തികൾ; കൃഷ്ണമുടി എന്നു നാഗരികരും പാതിരിപ്പൂ എന്നു ഗ്രാമീണരും പറയുന്ന കിരീടംപോലെയുള്ള വലിയ പൂക്കൾ; ഏതു കാട്ടുമൂലയിലും നീണ്ടുനീണ്ടു വെളിച്ചമന്വേഷിച്ചു പോകുന്ന മഞ്ഞനിറത്തിലുള്ള കോളാമ്പിപ്പൂ; വരണ്ട മലമ്പള്ളങ്ങളിലെ, ഉശിരുള്ള ചെമ്പരത്തിപ്പൂ;

**തൊട്ടാൽ പൊട്ടിത്തെറിക്കുന്ന ഇന്നത്തെ അനുഭവങ്ങളിൽനിന്ന് ഒരു തിരിച്ചുപോക്ക് നാമെല്ലാം ആഗ്രഹിക്കുന്നുണ്ട്. സമൃദ്ധമായ ഓണാനുഭവമുള്ളവർ ഭാഗ്യമുള്ളവർ. അക്കൂട്ടത്തിൽ ഞാനുംപെടുന്നു. ദൈവാനുഗ്രഹം എന്ന് ഒറ്റവാക്കിൽ പറയാം.**

വേലിത്തറികളിൽ പോലും പൂത്തുനിൽക്കുന്ന ശ്ലൈറിഡിയയുടെ വെള്ള, ഇളംവയലറ്റ്, റോസ്നിറം കലർന്ന പൂങ്കുലകൾ; പുൽപ്പരപ്പിൽ വിരിയുന്ന എണ്ണമറ്റ നിറവും രൂപവും ശില്പഭംഗിയുമുള്ള വള്ളിപ്പൂക്കൾ; പച്ചവയലിലെ ഓണപ്പൂ, കാക്കപ്പൂ എന്നിവ.

ഇവയ്ക്കു പുറമേ ഞങ്ങളുടെ കുന്നുകൾക്കിടയിലെ പുഞ്ചപ്പരപ്പിൽ ഓണക്കാലത്ത് ജലസമൃദ്ധിയും ചേറ്റാഴങ്ങളിൽനിന്നു കഴുത്തുനീട്ടി നാലുപാടും നോക്കുന്ന ആമ്പൽപ്പൂക്കളും ഉണ്ടായി



വര: അരുണ ആലഞ്ചേരി

രുന്നു. കൊറ്റിയുടെ കുഞ്ഞുങ്ങൾക്കൊപ്പം അവ ചിങ്ങക്കാറ്റേറ്റു രസിച്ചു. പൂനൂർപ്പുഴയുടെ കരയിൽ ഇടതിങ്ങിയ മുളങ്കാട്ടിൽ ഒളിഞ്ഞിരുന്ന്, ഓലേഞ്ഞാലിയെന്ന വെളുത്ത കൊടിവാലുള്ള സുന്ദരിക്കിളികൾ കുളിച്ചു കേറുന്ന ഞങ്ങളെ കളിയാക്കിച്ചിരിച്ചു.

'ഞങ്ങൾ' എന്നു പറഞ്ഞാലാരെന്നറിയണ്ടേ? അനേകം അംഗങ്ങളുള്ള തറവാട്ടിലെ സഹോദരീസഹോദരന്മാരുടെ മക്കൾ, ആശ്രയം തേടിയ രണ്ടുമൂന്നു മുത്തശ്ശിമാർ, തകർന്ന ബന്ധത്തിലുള്ള കുട്ടികൾ, മൂന്നു കുടിയിരിപ്പുകാരുടെ മക്കൾ. വലിയ താഴ്‌വരയുടെ ചെരിവിന്റെ മൂന്നുകോണുകളിൽ വല്യച്ഛന്റെയും അച്ഛന്റെയും സഹായത്തോടെ അവർ പുരകെട്ടിപ്പാർത്തിരുന്നു.

കുംഭമാസത്തിൽ, തെങ്ങിൻതോപ്പിലെ ഓലകൾ വെട്ടിക്കൂട്ടുമ്പോൾ അച്ഛമ്മ കൊയിലേറ്റക്കാരനോട് ഓർമപുതുക്കും.

''ദാ ഓണമാവുമ്പോഴേക്ക് പൂവട്ടി ഉണ്ടാക്കാനുണ്ട്. രണ്ടുമൂന്നു കുരുത്തോല വെട്ടിയിടാൻ മറക്കേണ്ട.''

കുരുത്തോലയുടെ 'വട്ടിപ്പാകം' തെങ്ങുകയറുന്ന പതിവുകാരനറിയാം.

മഴക്കാലം. വയ്ക്കാനുള്ള അരിക്ക് നെല്ലുപുഴുങ്ങാറുള്ള വലിയ 'തള്ളച്ചെമ്പി'ന്റെ വാവട്ടത്തിൽ കുരുത്തോലകൾ ആഞ്ഞുവളച്ചു ചക്രപാകത്തിലാക്കി ഉറപ്പിച്ചു കെട്ടിവച്ചു. മുത്തശ്ശി അവയെ നെല്ലിനുമേലെ ഇറക്കിവച്ച് ആവിയിൽ പുഴുങ്ങി, നാരായണി എന്ന സഹായി മുറ്റത്തിട്ടുണക്കി, കുഞ്ഞുപൂവട്ടി മെടയാനുള്ള നേർത്ത ചീളുകളാക്കി ഉണക്കിയ കുരുത്തോല പുകയത്തുകെട്ടിത്തൂക്കും. വെയിലിലുണങ്ങുന്നതിന് വെളുത്ത പട്ടിന്റെ നിറം. പുകയിലുണങ്ങിയവയ്ക്ക് ഉറപ്പേറും. വെയിലും പുകയും വാട്ടിയ നിറം. ഉരുക്കുപോലെ കുറെക്കാലം അടുക്കളയുടെ മേലെ കൊളുത്തിൽ ഞാന്നു കിടക്കും.

കർക്കിടകത്തിന്റെ സ്വകാര്യതയിലും സ്വാതന്ത്ര്യത്തിന്റെ വിശ്രമത്തിലും ഇരുന്ന് പെണ്ണുങ്ങൾ പല വലിപ്പത്തിലും രൂപത്തിലും ഉള്ള പൂവട്ടികൾ നെയ്ത് ഒന്നുകൂടി അടുപ്പിനുമീതെയുള്ള ചേകിലുണക്കും.

ചിങ്ങം പുറത്തു വരുമ്പോഴേ വട്ടികൾ തുടച്ചു മിനുക്കും. കൈതനാരുണ്ടാക്കി വണ്ണം കുറഞ്ഞ ചരടുകളിൽ പല വലിപ്പത്തിലുള്ള വട്ടികൾ തൂക്കിയിട്ടാൽ മതി. മറ്റൊരുപകരണം പൂക്കൾക്കു വേണ്ട. പൂക്കൾ കുന്നുകളിലും താഴ്‌വരകളിലും ചിലപ്പോൾ അയൽക്കാരുടെ കുടിയിടങ്ങളിലും ഇഷ്ടംപോലെ. ആർക്കും കടന്നുചെല്ലാം പൂപറിക്കാം.

ഉണരുന്നത് പുലരുമ്പോൾ അഞ്ചുമണിക്ക്. നിലാവും മഞ്ഞും ഉരുകിച്ചേർന്ന അന്തരീക്ഷം കാഴ്ചയെ മന്ദീഭവിപ്പിക്കും. ഇലത്തുള്ളികൾ ചുവടുവയ്ക്കുന്ന ഒച്ച കേൾക്കാം. ചിലപ്പോൾ ചാറ്റമഴയും പുറകെ പൊടിമഴയും പൂമഴയും. ആരും ഒന്നിനെയും വകവയ്ക്കുന്നില്ല. കർക്കിടകക്കാറ്റ് ഏതോ ഗുഹകളിൽ പുതച്ചുറങ്ങുന്നുണ്ടാകും. മുത്തശ്ശന്റെ രാമച്ചവിശറിയും പച്ചപ്പാളവിശറിയും വീശുന്ന ഓരോ ചെറുകാറ്റിന്റെ കൈയും.

പുലർകാലത്ത് അമ്മ കൊളുത്തിത്തൂക്കുന്ന ചങ്ങലവിളക്കിൽനിന്ന് ഒരു തിരിയെങ്കിലും തീനാളത്തോടെ തട്ടിയെടുത്തു പതിവായി ആലയുടെ പുറത്തേക്കു പറന്നു പോകുന്ന കാക്കയെ മുത്തശ്ശി ശാസിക്കും.

നാരായണ... നാരായണ... എന്ന നാമം ചൊല്ലിയെണീറ്റു കർക്കിടകക്കുളി കഴിഞ്ഞ് അതിസുന്ദരനായി എഴുന്നള്ളുന്ന സൂര്യഭഗവാനെയും തൊഴുന്നു. പിന്നെ, തണ്ണീർക്കിണ്ടിയിലെ ജലത്തിൽ നീന്തുന്ന തുളസിക്കതിരെടുത്തു ശിവനെ പ്രാർത്ഥിക്കുന്ന മുത്തശ്ശി എണീറ്റുവന്ന് ഏതെങ്കിലും 'കള്ളക്കുട്ടി' വെളുപ്പിനും ഉണർന്നെഴുന്നേററു പൂ തേടാൻ മടിച്ചു മൂടിപ്പുതച്ചുറങ്ങുന്നോ എന്നു തെരയും.

യുവതികളായ അമ്മമാർ ബദ്ധപ്പെട്ട് എണീറ്റുവന്ന് ഒച്ചയൊതുക്കി ദിനകൃത്യങ്ങളിലേർപ്പെടും. പെൺകുട്ടികളിൽ മൂത്ത യശോദേട്ടത്തിയാണ് മുറ്റത്തെ പൂത്തറ മെഴുകുക. മഴ പ്രതീക്ഷിച്ച്, അതിനൊരു പുര, കുറുകി മെടഞ്ഞ ഓലയും കൃത്യമായി മുറിച്ചെടുത്ത മുളങ്കഴുക്കോലും വാരികളും ചേർത്ത് അച്ഛൻ

**കർക്കിടകത്തിന്റെ സ്വകാര്യതയിലും സ്വാതന്ത്ര്യത്തിന്റെ വിശ്രമത്തിലും ഇരുന്ന് പെണ്ണുങ്ങൾ പല വലിപ്പത്തിലും രൂപത്തിലും ഉള്ള പൂവട്ടികൾ നെയ്ത് ഒന്നുകൂടി അടുപ്പിനുമീതെയുള്ള ചേകിലുണക്കും. ചിങ്ങം പുറത്തു വരുമ്പോഴും വട്ടികൾ തുടച്ചു മിനുക്കും. കൈതനാരുണ്ടാക്കി വണ്ണം കുറഞ്ഞ ചരടുകളിൽ പല വലിപ്പത്തിലുള്ള വട്ടികൾ തൂക്കിയിട്ടാൽ മതി. മറ്റൊരുപകരണം പൂക്കൾക്കു വേണ്ട.**

മുൻകൂട്ടി നിർമിച്ചിട്ടുണ്ടാവും.

ഓണക്കാലത്തും ചില നേരങ്ങളിൽ മഴപെയ്തു. പലതരം മഴ! വീട്ടുപടിക്കെട്ടിനു മേലെയുള്ള കമാനത്തിൽ പടർന്നുകയറിയ വള്ളിത്താമരപ്പൂക്കൾ എമ്പാടും ഉണ്ടായിരുന്നു. അവ തോട്ടി നീട്ടി അച്ഛൻ പറിച്ചെടുത്ത് ഒരു ചേമ്പിലയിൽ ഒരുക്കും. ആൺകുട്ടികൾ പുഞ്ചയിൽ നിറഞ്ഞ വെള്ളത്തിൽ നീന്തി ആമ്പൽപ്പൂക്കൾ നീണ്ട കഴുത്തോടെ ഒടിച്ചുകൊണ്ടുവരിക ഒന്നാം ഓണത്തിന്റെ അന്നു പുലർകാലത്താണ്.

ആമ്പൽപ്പൂവിനു മറ്റൊരു പൂവിനും ഇല്ലാത്ത ജൈവഗന്ധം ഉണ്ട്. സൗമ്യമായി പട്ടുപോലെ മിനുത്ത കൈത്തലംകൊണ്ടു തടവിയുറക്കുന്ന സുഖം തരുന്ന പരിമളം.

എല്ലാവരും നാലുദിക്കിൽ നിന്നും ഒരു യുദ്ധം ജയിച്ച സന്തോഷത്തോടെ തിരിച്ചെത്തുന്നു. ആൺകുട്ടികളും പെൺകുട്ടികളും ഇണങ്ങി ജീവിച്ചിരുന്ന കുട്ടിക്കാലം.

പിന്നീട് ഓരോരുത്തരും അവരവരുടെ സമ്പാദ്യങ്ങൾ ചേമ്പില നിരത്തി കൂടയിൽ നിന്നു ചൊരിയുന്നു. ആർക്കാണ് തുമ്പപ്പൂ കൂടുതൽ കിട്ടിയത് എന്നാണ് ആദ്യത്തെ നോട്ടം. ആ ആളാണ് ഒന്നാം സ്ഥാനത്തു വരിക. ഒന്നാമനാണ് അന്നത്തെ കളം വരയ്ക്കാനും നിറങ്ങൾ നിർണയിക്കാനുമുള്ള അവകാശം.

അന്നേരം അടുക്കളയിൽ നിന്നു മാളുവല്യമ്മ വിളിക്കുന്നു.

''കാപ്പികുടിക്കാൻ വന്നോളൂ.'' ശർക്കരയും വയനാടൻ കാപ്പിപ്പൊടിയും ചേർത്തു തിളപ്പിച്ച കാപ്പിയുടെ മണം കോലായിലെത്തും. അത്യാവശ്യം വേണ്ടവർക്ക്, അമ്മ ഓരോ ടീസ്പൂൺ, കടഞ്ഞെടുത്ത് ഉരുക്കി ഭരണിയിൽ സംഭരിച്ച നെയ്യ് നൽകും. കാപ്പിക്കു മേൽ അതുരുകി വക്കത്തു വരെ വികസിക്കും. കാപ്പിയുടെ അരികുകൾക്ക് നേർത്ത ലേസ് പിടിപ്പിക്കും. പൂക്കളം തീർത്തു കഴിയുമ്പോഴേ പ്രാതൽ ലഭിക്കൂ.



അയൽപക്കത്തെ കുട്ടികൾ കൊണ്ടുവരുന്ന അധിക പുഷ്പങ്ങൾ കളത്തിനു ചുറ്റും വിരിഞ്ഞിരിക്കും. പൂപ്പുരയ്ക്കടുത്ത് ഒരു ചതുരൻ തറയിൽ ഗൗരവത്തോടെ നിൽക്കുന്ന തൈത്തെങ്ങ് ഞങ്ങളെയും പൂക്കളത്തെയും നിരീക്ഷിക്കും. തെങ്ങിന് അച്ഛന്റെ ഛായയുണ്ടെന്ന് എനിക്കു തോന്നും. ബലമേറിയ കൈവിരിച്ചു പുലർകാലമന്ദസ്മിതത്തോടെ ഒരു മുഖം.

അച്ഛനാണ് എപ്പോഴും പൂക്കളത്തിനു മണ്ണിൽ നിന്നല്പം ഉയർന്ന പൂത്തറ നിർമിക്കുക. അടിച്ചുറപ്പിച്ച മണ്ണ്, പതിനാറാംനാൾ പുരപൊളിച്ചു കഴിഞ്ഞാലും മഴയേറ്റ് അനങ്ങാതെ നിൽക്കും. പതിനാറിനു മകം. അന്നു തറ മെഴുകും. തുമ്പക്കുടയും തുളസിപ്പൂവുമാണ് പ്രധാനം. വൈകുന്നേരം മധുരപ്പായസം. പുന്നെല്ലരികൊണ്ട് സമാപനം. ഇന്ന് കുഞ്ഞുങ്ങളെല്ലാം ചിറകുമുളച്ചു പറന്നു പോയല്ലോ. പല വീടുകളും കാലി. കാവൽക്കാരായി അച്ഛനമ്മമാർ. മക്കൾ പലനാട്ടിൽ കുറെ പേർ വിദേശത്ത്. ഓണത്തിനു വരാൻ നോറ്റിരിക്കുന്ന ചിലർക്കെങ്കിലും വേണ്ടി, ഞങ്ങൾ മുതിർന്നവരും പ്രായം കൂടിയവരും, ഊണും പൂക്കളവും വാത്സല്യവും സ്നേഹവും ഓർമകളുമായി എല്ലാം ഒരുക്കും. വരുന്നവർ ഫിലിമിലടക്കി സദ്യയും വീടും പൂവും എല്ലാം കൂടെക്കൊണ്ടു പോവും. പൂക്കൾ ഞങ്ങൾ വീട്ടുവളപ്പിൽത്തന്നെ നട്ടുപിടിപ്പിക്കുന്നു. ഇന്നുവരെ അങ്ങാടിപ്പൂ വില കൊടുത്തു മേടിച്ചു പൂക്കളം ഒരുക്കീട്ടില്ല. അതൊരു ഭാഗ്യമല്ലേ!

# ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും

ചന്ദ്രമതി

ഇഷ്ടക്കുട്ടിക്ക് എല്ലാരേം ഇഷ്ടം. കാറ്റിനെയും മഴയെയും പൂവിനെയും പൂമ്പാറ്റയെയും സ്കൂളിലെ കുട്ട്യോളേം അപ്രത്തേം ഇപ്രത്തേം കുട്ട്യോളേം എല്ലാം ഇഷ്ടം. എല്ലാവർക്കും ഇഷ്ടക്കുട്ട്യേം ഇഷ്ടം.

ഇഷ്ടക്കുട്ടീടെ ചേച്ച്യാണ് ഇഷ്ടല്ലാക്കുട്ടി. അവൾക്ക് ഒന്നിനെയും ഇഷ്ടമല്ല. തുമ്പിയേം പൂമ്പാറ്റേമൊക്കെ ഉപദ്രവിക്കും. എല്ലാ കുട്ട്യോളോടും വഴക്കുകൂടും. ഇഷ്ടല്ലാക്കുട്ടിക്ക് ആകെ ഇഷ്ടം വയറുനിറച്ച് ആഹാരവും പിന്നെ ഉറക്കവും. ഇഷ്ടമുള്ള ആഹാരം കിട്ടിയില്ലേൽ ഇഷ്ടല്ലാക്കുട്ടി വീടിനെ എടുത്തു മറിക്കും.

അന്നുരാവിലെ അമ്മ വിളമ്പിയത് ഇഡ്ഡലീം ചമ്മന്തീമായിരുന്നു.

"എന്താമ്മേ ഇഡ്ഡലിക്കു സാമ്പാർ വയ്ക്കാത്തേ?"

ഇഷ്ടല്ലാക്കുട്ടി ചോദിച്ചു.

"എനിക്കു ചമ്മന്തി ഇഷ്ടമല്ലെന്ന് അറിഞ്ഞൂടേ?"

"ഇന്നലെ രാത്രി വെള്ളത്തിലിടാൻ നോക്കിയപ്പോ സാമ്പാർപരിപ്പ് തീർന്നിരിക്കുന്നു." അമ്മ പറഞ്ഞു.

"അതോണ്ടാ ചമ്മന്തിയരച്ചേ. മോൾക്കു നാളെ അമ്മ ഇഡ്ഡലിയും സാമ്പാറും തരാം ട്ടോ."

"എനിക്കു വേണ്ട ചമ്മന്തി കൊള്ളൂല്ല." ഇഷ്ടല്ലാക്കുട്ടി പിണങ്ങി എണീറ്റുപോയി.

"ചമ്മന്തി നല്ല സ്വാദാ ചേച്ചീ." ഇഷ്ടക്കുട്ടി വിളിച്ചു പറഞ്ഞു. "വന്നു കഴിച്ചു നോക്ക്."

"വേണ്ടാ പറഞ്ഞില്ലേ? നീ മിണ്ടാതിരുന്നോ അവിടെ." ഇഷ്ടല്ലാക്കുട്ടി ദേഷ്യപ്പെട്ടു.

ആഹാരം കഴിഞ്ഞ് ഇഷ്ടക്കുട്ടി പഞ്ചതന്ത്രക്കഥകൾ എന്ന പുസ്തകവുമെടുത്ത് വരാന്തേൽ പോയി. അവിടത്തെ കസേരലിരുന്ന് കഥ വായിക്കാൻ അവൾക്കു വല്യ ഇഷ്ടമാണ്. കാറ്റുവന്നിങ്ങനെ ദേഹത്തു തട്ടിപ്പോകും. ഇടയ്ക്കു മതിലിനു മുകളിലൂടെ പൂച്ചമ്മേം കുട്ട്യോളും പോകും. നല്ല രസമാ.



വര: അരുണ ആലഞ്ചേരി

അകത്ത് അമ്മ ഇഷ്ടല്ലാക്കുട്ടിയോടു പറഞ്ഞു.

“നല്ല കുട്ടിയായിട്ടു വന്ന് ആഹാരം കഴിക്ക്. ചമ്മന്തി വേണ്ടെങ്കിൽ ഞാൻ പഞ്ചസാര ഇട്ടു തരാം.”

ഇഷ്ടല്ലാക്കുട്ടിക്ക് നല്ലോണം വിശക്കുന്നുണ്ടായിരുന്നു. ഒരു വാശിക്കു വേണ്ടെന്നു പറഞ്ഞുംപോയി.

“ഓ, പഞ്ചസാരയാണേൽ നോക്കാം.”

എന്നു ഗമയിൽ പറഞ്ഞ് അവൾ കഴിക്കാനിരുന്നു. ഇടയ്ക്ക് ആരും കാണാതെ ചമ്മന്തി സ്വാദു നോക്കിയപ്പോ നല്ല രുചി. ഇനി എങ്ങനെടുക്കും? വേണ്ടാന്നു പറഞ്ഞുപോയതല്ലേ.

“ചമ്മന്തി ഒഴിച്ചു കഴിച്ചു നോക്ക്.” അമ്മ പറഞ്ഞു.

“എനിക്കുവേണ്ട. എനിക്കിഷ്ടല്ല.” എന്നു പറഞ്ഞ് അവൾ വേഗം ഇഡ്ഡലി കഴിച്ചുതീർത്തു.

വരാന്തയിൽ പുസ്തകം വായിച്ചോണ്ടിരുന്ന ഇഷ്ടക്കുട്ടി കാക്കകളുടെ കൂട്ടക്കരച്ചിലുകേട്ട് മുഖമുയർത്തി. എന്താ ഇവറ്റകൾ ഇങ്ങനെ കരയാൻ? ചിലപ്പോഴൊക്കെ തമ്മിൽ കൊത്തുകൂടി നാട്ടുകാക്കകളെയൊക്കെ വിളിച്ചുവരുത്തി ഇതുപോലെ വഴക്കുണ്ടാക്കും ഈ കാക്കക്കൂട്ടം. കാക്കക്കുഞ്ഞ് കൂട്ടീന്നു താഴെവീണാലും ബഹളം കേൾക്കാം.

പുസ്തകമടച്ചുവച്ച് മുറ്റത്തേക്കിറങ്ങിയ ഇഷ്ടക്കുട്ടിയുടെ മുന്നിൽ വന്നുവീണു ഒരു തത്ത. ചെറിയ തത്ത. അതിന്റെ ചില തൂവലുകളൊക്കെ ഇളകി തെറിച്ചു നിന്നു. തത്തയെ ഓടിച്ചു വന്ന കാക്കകൾ ഇഷ്ടക്കുട്ടിയെക്കണ്ട് അടുത്തുവന്നില്ലെങ്കിലും മാറിനിന്ന് ദേഷ്യത്തിൽ കാകാ എന്നു വിളിച്ചു.

**കാക്കക്കൊത്തുകൊണ്ട തത്തക്കുട്ടി പറക്കാനാവാതെ അവിടെത്തന്നെ നിന്നുപോയി. ഇഷ്ടക്കുട്ടി അടുത്തു വന്നിട്ടും അതു പറന്നില്ല. ചിറക് വെറുതേ ഒന്നിളക്കുക മാത്രമേ ചെയ്തുള്ളൂ. കൊത്തിയാലോ എന്നു പേടിച്ചു കൊണ്ട് ഇഷ്ടക്കുട്ടി തത്തയെ തൊട്ടു. കാക്കക്കൂട്ടം ഉറക്കെ കരയാൻ തുടങ്ങി. തത്ത ഒരു കാൽ പൊക്കി ഇഷ്ടക്കുട്ടിയുടെ കൈയിലേക്ക് പിടിച്ചുകയറി.**

കാക്കക്കൊത്തുകൊണ്ട തത്തക്കുട്ടി പറക്കാനാവാതെ അവിടെത്തന്നെ നിന്നുപോയി. ഇഷ്ടക്കുട്ടി അടുത്തു വന്നിട്ടും അതു പറന്നില്ല. ചിറക് വെറുതേ ഒന്നിളക്കുക മാത്രമേ ചെയ്തുള്ളൂ. കൊത്തിയാലോ എന്നു പേടിച്ചുകൊണ്ട് ഇഷ്ടക്കുട്ടി തത്തയെ തൊട്ടു. കാക്കക്കൂട്ടം ഉറക്കെ കരയാൻ തുടങ്ങി. തത്ത ഒരു കാൽ പൊക്കി ഇഷ്ടക്കുട്ടിയുടെ കൈയിലേക്ക് പിടിച്ചുകയറി. ഇഷ്ടക്കുട്ടി അതിശയിച്ചു നിന്നു. തന്റെ കൈയിലിതാ ഒരു തത്ത. ഒരു തത്തയെ തൊടാൻ എത്ര കൊതിച്ചതാണ് ഒരിക്കൽ! ഇപ്പോഴിതാ തനിയെ വന്നിരിക്കുന്നു.

പെട്ടെന്നവൾ കണ്ടു. തത്ത പൊക്കിപ്പിടിച്ചിരിക്കുന്ന കാലിൽ മുറിവുണ്ട്. കാക്ക കൊത്തിയതാവും. ഇഷ്ടക്കുട്ടി തത്തയുമായി വരാന്തയിലേക്കു കയറി. പിറകെ വന്ന കാക്കകളെ അവൾ 'പോ കാക്കേ' എന്നു വഴക്കു പറഞ്ഞു.

“ഒരു പാവം തത്തേ കൊത്തിമുറിച്ചിട്ട് മതിയായില്ലേ?”

അപ്പോഴാണ് കൈ കഴുകി ഏമ്പക്കവും വിട്ട് ഇഷ്ടല്ലാക്കുട്ടി വന്നത്. തത്തയെയും കാക്കകളേം കണ്ട് അവൾക്കു ദേഷ്യമായി.

“നീ എന്തിനാ ആ തത്തേംകൊണ്ടു നടക്കണേ? കളയെടീ അതിനെ..” ഇഷ്ടല്ലാക്കുട്ടി ഉറക്കെ പറഞ്ഞു.

“ഞാൻ വിട്ടാ അതിനെ കാക്കകളെല്ലാം കൂടെ കൊത്തിക്കൊല്ലും.”

ഇഷ്ടക്കുട്ടി പറഞ്ഞു.

“ദാ കണ്ടോ, കാലു കൊത്തി മുറിച്ചിരിക്കുന്നു. പിന്നെ തൂവലൊക്കെ കൊത്തിപ്പറിച്ചിരിക്കുന്നതു കണ്ടോ?”

“നിന്റെ തൂവലും കാലുമൊന്നുമല്ലല്ലോ. എനിക്കൊരു പക്ഷിയേം ഇഷ്ടംല്ലാ. കളയതിനെ.”

ശബ്ദംകേട്ട് അമ്മ വെളിയിൽ വന്നു. ഇഷ്ടക്കുട്ടീടേം ഇഷ്ടല്ലാക്കുട്ടീടേം വാക്കുകൾ കേട്ടിട്ട് അമ്മ തത്തേ നോക്കി. കാലിലെ തൊലി പോയിരിക്കണതും തൂവല് ഇളകി നിൽക്കണതും കണ്ടു.

“ഞാനാ മുറിവില് മഞ്ഞൾപ്പൊടി തൂകിത്തരാം. മുറിവുണങ്ങിക്കോളും.” അമ്മ പറഞ്ഞു.

അമ്മ മഞ്ഞൾപ്പൊടിയെടുക്കാൻ പോയപ്പോൾ ഇഷ്ടല്ലാക്കുട്ടി പറഞ്ഞു.

“മഞ്ഞളുമിട്ടിട്ട് കൊണ്ടുകളഞ്ഞോണം ആ വൃത്തികെട്ട പക്ഷിയെ.”

“കാക്കകളു പോയിട്ടില്ല. ഇതിനാണെങ്കിൽ പറക്കാനും വയ്യ. പാവമല്ലേ ചേച്ചീ?”

“കാക്ക കൊത്തി കൊല്ലുന്നെങ്കിൽ അതു ചത്തോളും. നിനക്കെന്താ?”

അമ്മ മഞ്ഞൾപ്പൊടി തത്തയുടെ രണ്ടുകാലിലും തൂകിക്കൊടുത്തു. വീണ്ടും

ഇഷ്ടക്കുട്ടീം ഇഷ്ടല്ലാക്കുട്ടീം വഴക്കായി. ഒരാൾക്കു തത്തേ കളയണം. മറ്റേയാൾ കളയില്ല. ഒടുവിൽ അച്ഛൻ ഒരു പരിഹാരം കണ്ടുപിടിച്ചു. ടി വി വാങ്ങിയ കാർഡ്ബോർഡു പെട്ടി പൊടിതട്ടി കൊണ്ടുവന്നു. വായു കടക്കാനതില് ദ്വാരങ്ങളുമിട്ടു. എന്നിട്ട് തത്തേ അതിലിട്ട് അടച്ച് വരാന്തേടെ ഒരറ്റത്തുവച്ചു. ഇനി കാക്കയ്ക്കു തൊടാനൊക്കില്ലല്ലോ.

ശനിയാഴ്ചയാണ് ഇഷ്ടക്കുട്ടീം ഇഷ്ടല്ലാക്കുട്ടീം ഡാൻസും പാട്ടും പഠിക്കാനും ചിത്രംവര പഠിക്കാനും പോണത്. സ്കൂളിൽ നല്ല മാർക്കു കിട്ടിയതിന് ഇഷ്ടക്കുട്ടിയെ സിനിമയ്ക്കു കൊണ്ടുപോകാമെന്ന് അച്ഛൻ പറ

‘‘എപ്പഴും നോക്കീല്ലല്ലോ.'' ഇഷ്ടക്കുട്ടി പറഞ്ഞു. ‘‘ഇപ്പഴല്ലേ നോക്കിയുള്ളൂ?''

രാത്രി അമ്മയുണ്ടാക്കിയ ചപ്പാത്തിയും കറിയും കഴിക്കുമ്പോൾ ഇഷ്ടക്കുട്ടി തത്തയെ ഓർത്തു. പാവത്തിനു വിശക്കുന്നുണ്ടാവും. എന്തെങ്കിലും കൊടുക്കാമെന്നു പറഞ്ഞാൽ ചേച്ചി അടുത്ത വഴക്കിനു വരും.

ഉറങ്ങാൻ കിടക്കുമ്പോഴും ഇഷ്ടക്കുട്ടിയുടെ മനസ്സു നിറയെ തത്തയായിരുന്നു. രാവിലെ മുതൽ ഒന്നും കഴിച്ചിട്ടില്ലല്ലോ പാവം. അടുത്ത കട്ടിലിൽ ഇഷ്ടല്ലാക്കുട്ടി ഉറങ്ങീന്നു തീർച്ചയായപ്പോ ഇഷ്ടക്കുട്ടി മെല്ലെ കിടക്കമുറിയുടെ കതകു തുറന്നു നോക്കി. ഹാളിൽ അമ്മ

**ശബ്ദമുണ്ടാക്കാതെ പുറത്തിറങ്ങിയ ഇഷ്ടക്കുട്ടി മേശപ്പുറത്തെ പഴക്കൂടയിൽ നിന്ന് ഒരു പഴവുമെടുത്ത് പമ്മിപ്പമ്മി വാതിലിനടുത്തേക്കു നടന്നു. അവൾ പതുക്കെ വരാന്തയിലോട്ടുള്ള കതകു തുറന്നപ്പോൾ അച്ഛൻ ഇടങ്കണ്ണിട്ട് അതു കണ്ടു. ഇവളെങ്ങോട്ടാണീ രാത്രിയിൽ ഇറങ്ങിപ്പോകുന്നത്, ഒരു പേടിയുമില്ലാതെ?**

ഞ്ഞിരിക്കുന്നതും അന്നാണ്. ക്ലാസുകൾ കഴിഞ്ഞു വന്നയുടനെ വേഗം വേഗം ചോറുകഴിച്ച് അമ്മേം അച്ഛനും മക്കളും കൂടെ സിനിമയ്ക്കു പോയി. പിന്നെ അവര് ചായേം കുടിച്ച് വടേം തിന്ന് തിരിച്ചുവന്നപ്പോ സന്ധ്യയായി.

തത്ത കൂട്ടിലുണ്ടോന്ന് ഇഷ്ടക്കുട്ടി മൂടി ചെറുതായി തുറന്നുനോക്കി. തല ചെരിച്ച് ദേഹത്തെ തൂവലുകളിലൊളിച്ച് തത്ത ഉറങ്ങുന്നതു കണ്ടുനിന്നപ്പോ ഇഷ്ടല്ലാക്കുട്ടി ദേഷ്യപ്പെട്ടു.

‘‘വെറുതേയിരിക്ക്. നീ എന്തിനാ അതിനെ എപ്പഴും ചെന്നു നോക്കണത്?''

ടി വി കാണുന്നു. സെറ്റിയിലിരുന്ന് അച്ഛൻ ലാപ്ടോപ്പിൽ എന്തോ ചെയ്യുന്നു.

ശബ്ദമുണ്ടാക്കാതെ പുറത്തിറങ്ങിയ ഇഷ്ടക്കുട്ടി മേശപ്പുറത്തെ പഴക്കൂടയിൽ നിന്ന് ഒരു പഴവുമെടുത്ത് പമ്മിപ്പമ്മി വാതിലിനടുത്തേക്കു നടന്നു. അവൾ പതുക്കെ വരാന്തയിലോട്ടുള്ള കതകു തുറന്നപ്പോൾ അച്ഛൻ ഇടങ്കണ്ണിട്ട് അതു കണ്ടു. ഇവളെങ്ങോട്ടാണീ രാത്രിയിൽ ഇറങ്ങിപ്പോകുന്നത്, ഒരു പേടിയുമില്ലാതെ? ലാപ്ടോപ്പ് നീക്കിവച്ച് അച്ഛനും എണീറ്റു.

വരാന്തയുടെ അറ്റത്തെ കാർഡ്ബോർഡ്പെട്ടി ഇഷ്ടക്കുട്ടി മെല്ലെ തുറന്നു. തത്ത എന്തോ പറയുന്നുണ്ടായിരുന്നു.

‘‘നീ ഉറങ്ങീല്ലേ?'' ഇഷ്ടക്കുട്ടി ചോദിച്ചു. ‘‘എന്താ വിശക്കണുണ്ടോ? ഞാൻ പഴം കൊണ്ടുവന്നിട്ടുണ്ട്.''

തത്തയെ ഒരു കൈയിൽ പിടിച്ചുകൊണ്ട് ഇഷ്ടക്കുട്ടി തൊലിയുരിച്ച പഴം തത്തയുടെ ചുണ്ടിലേക്കു പിടിച്ചു. ആർത്തിയോടെ തത്ത അതു കൊത്തിത്തിന്നാൻ തുടങ്ങി. ഇഷ്ടക്കുട്ടി അതിനോടു സംസാരിക്കാനും തുടങ്ങി.

‘‘നിന്റെ മുറിവൊക്കെ പൊറുത്തോ തത്തേ? വേദന ഉണ്ടോ? രാത്രി ഒറ്റയ്ക്കിവിടെ കിടക്കാൻ നിനക്കു പേടിയുണ്ടോ? ഞാൻ നിന്നെ എന്റെ മുറിയില് കെടത്തിയേനെ. പക്ഷേ ചേച്ചി അറിഞ്ഞാ വഴക്കുപറയും. ചിലപ്പോ നിന്നെ ഉപദ്രവിക്കും. അതുകൊണ്ട് രാത്രി ഇവിടെ കെടന്നേ പറ്റൂ. നേരം വെളുക്കുമ്പം ഞാൻ വരാം, ട്ടോ. നാളെ ഞായറാഴ്ചയായതോണ്ട് മുഴുവൻ സമയോം നിന്റെ കൂടെ കളിക്കാം...''

പഴത്തിന്റെ ഏതാണ്ട് മുഴുവനും തത്ത കഴിച്ചു തീർത്തു. അപ്പോഴാണ് ഇഷ്ടക്കുട്ടി ഒരു കാര്യമോർത്തത്.

‘‘അയ്യോ, നിനക്കു വെള്ളം തന്നില്ലല്ലോ തത്തേ. ഞാൻ മറന്നുപോയി. ഇപ്പം എടുത്തോണ്ടുവരാമേ. അതുവരെ ഇതിന്റെ അകത്തിരുന്നോ.''

എഴുന്നേറ്റു തിരിഞ്ഞ ഇഷ്ടക്കുട്ടി നോക്കിയത് അച്ഛന്റെ മുഖത്തേക്ക്! വാതിലിൽ ഒരു കൈ പിടിച്ച് കൗതുകത്തോടെ നോക്കിനിൽക്കുകയായിരുന്നു അച്ഛൻ. വഴക്കു പറയുമോ എന്നു വിചാരിച്ച് ഇഷ്ടക്കുട്ടി പേടിച്ചുനിൽക്കുമ്പോൾ അച്ഛൻ അവളെ ചേർത്തുപിടിച്ചു.



''നിനക്കിത്ര ഇഷ്ടാണോ മോളേ ആ തത്തയെ?''

തത്തയെ കൈയിൽ പിടിച്ചുകൊണ്ടാണ് അച്ഛനും മകളും ഹാളിലേക്കു വന്നത്. കതകടയ്ക്കുന്ന ശബ്ദം കേട്ടപ്പോൾ അമ്മ ടി വിയുടെ മുന്നിൽനിന്നു തിരിഞ്ഞു നോക്കി.

''എന്തിനാ തത്തേ അകത്തു കൊണ്ടുവന്നത്.''

ഇഷ്ടക്കുട്ടി കിണ്ണത്തിൽ വെള്ളമൊഴിച്ച് തത്തയ്ക്കു കൊടുക്കുമ്പോൾ അച്ഛൻ പഴത്തിന്റെ കഥ അമ്മയോടു പറഞ്ഞു.

''ഇരുട്ടത്ത് തത്തേ വെളിലിടുന്നത് മോൾക്ക് വിഷമം. അതുകൊണ്ട് ഈ രാത്രി അത് ഈ ഹാളിൽ ഇരിക്കട്ടെ.''

''അയ്യേ വേണ്ട.'' അമ്മ പറഞ്ഞു. ''അത് ഇവിടൊക്കെ തൂറിവൃത്തികേടാക്കും.''

''ഒരു കൊച്ചു പക്ഷി എത്ര വൃത്തികേടാക്കാനാണ്?'' അച്ഛൻ ചിരിച്ചു. ''ഞാൻ വൃത്തിയാക്കിത്തരാം. പോരേ? നേരം വെളുത്തിട്ട് പറത്തിവിടാം. നോക്ക്, അതിന്റെ കാലിന്റെ പ്രശ്നമൊക്കെപ്പോയി. കാല് നിവർത്തിവച്ചിരിക്കുന്നതു കണ്ടോ?''

''പറത്തിവിടണോ അച്ഛാ?'' ഇഷ്ടക്കുട്ടി ചോദിച്ചു. ''നമുക്കു വളർത്തിക്കൂടേ? എന്റെ ചില കൂട്ടുകാരൊക്കെ വീട്ടില് തത്തേ വളർത്തണൊണ്ട്.''

''വീട്ടിൽ തത്തയെ വളർത്തുന്നത് കുറ്റകരമാണു മോളേ.'' അച്ഛൻ പറഞ്ഞു. ''അതിനു ലൈസൻസെടുക്കുകേമൊക്കെ വേണം. അതൊന്നും വേണ്ട. തത്ത സ്വാതന്ത്ര്യത്തോടെ അതിന്റെ രീതിയിൽത്തന്നെ ജീവിച്ചോട്ടെ.''

രാത്രിയിൽ ഇഷ്ടക്കുട്ടിക്ക് ശരിക്കുറങ്ങാൻ പറ്റിയില്ല. താൻ എഴുന്നേൽക്കാൻ താമസിച്ചാൽ ആരെങ്കിലും കതകു തുറക്കുമ്പോ തത്ത പറന്നു പോയാലോ എന്നായിരുന്നു പേടി. ഞായറാഴ്ചയായതുകൊണ്ട് എല്ലാരും താമസിച്ചല്ലേ എഴുന്നേൽക്കൂ എന്ന് അവൾ സ്വയം ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

ആദ്യം ഉണർന്നെഴുന്നേറ്റത് ഇഷ്ടക്കുട്ടി തന്നെയായിരുന്നു. തത്ത ഹാളിൽ പറന്നു നടക്കുന്നത് അവൾ കണ്ടു. അവൾ കൈ നീട്ടിയെങ്കിലും തത്ത അതിൽ പറന്നിരുന്നില്ല.

''എന്നെ ഓർമയില്ലേ തത്തേ?'' അവൾ ചോദിച്ചു. ''ഞാനല്ലേ കാക്കകളിൽ നിന്നു രക്ഷിച്ചത്? പഴം തന്നത് ഓർമയില്ലേ? വെള്ളം തന്നത്? ''

അമ്മ കിടക്കമുറിയുടെ വാതിൽ തുറന്നു പുറത്തേക്കു വന്നു.

''മോളു നേരത്തേ എണീറ്റോ?''

''അമ്മേ, തത്ത എന്നെ മറന്നു.'' ഇഷ്ടക്കുട്ടിക്കു കരച്ചിൽ വന്നു.

''ആഹാ, അതു പറക്കുന്നുണ്ടല്ലോ. ഇനി അതങ്ങു പൊയ്ക്കോട്ടെ മോളേ.''

അമ്മ കതകു തുറന്നു. അങ്ങുമിങ്ങും പറന്നു നടന്നിട്ട് തത്ത വാതിൽക്കലേക്കു പറന്നു. പിന്നെ തിരിച്ചുവന്ന് ഇഷ്ടക്കുട്ടിയുടെ തലയ്ക്കു ചുറ്റും വട്ടംവച്ചു.

''മോളേ കൊത്തും. മാറി നിൽക്ക്.''

''ഇല്ലമ്മേ ദാ നോക്കൂ...''

ഇഷ്ടക്കുട്ടി കൈനീട്ടി. തത്ത അവളുടെ കൈവിരലിൽ ഒരു നിമിഷം ഇരുന്നു. പിന്നെ ചിറകടിച്ച് പുറത്തേക്കു പറന്നുപോയി.

ഇഷ്ടക്കുട്ടി വരാന്തയിലേക്ക് ഓടിയിറങ്ങി നോക്കിയപ്പോഴുണ്ട് മാവിന്റെ മുകളിലൂടെ തത്ത പറന്നുപോകുന്നു. അവൾക്കു വല്ലാത്ത സങ്കടം വന്നു.

''പാവം തത്ത. ഒരിടവും വൃത്തികേടാക്കിയിട്ടില്ല.''

അമ്മ വരാന്തയിൽ വന്നു.

''ദാ ഇത് ഊണുമേശേടെ അടിയില് കിടന്നു.''

അമ്മ പച്ചനിറത്തിലുള്ള ഒരു തൂവൽ ഇഷ്ടക്കുട്ടിയുടെ കൈയിൽ കൊടുത്തു. മിനുസമുള്ള തത്തത്തൂവൽ ചുണ്ടുവിറച്ച്, കണ്ണുനിറഞ്ഞ്, തൂവൽ നെഞ്ചോടു ചേർത്ത് ഇഷ്ടക്കുട്ടി ആകാശത്തേക്കു നോക്കി. അവിടെയെങ്ങും ആരുമില്ലായിരുന്നു.

# രണ്ടുമുഖങ്ങൾ

ഏഴാച്ചേരി രാമചന്ദ്രൻ

പളനിക്കു പോകുവാൻ പിച്ചതെണ്ടി
പാവമൊരാണ്ടിപ്പണ്ടാരം
കാലത്തു മുറ്റത്തു കൈനീട്ടി നിന്നൂ
മേലാകെ ഭസ്മവും സിന്ദൂരവും.

കൈയിലെത്താലത്തിൽ നാണയത്തുട്ടുകൾ
മെയ്യിലടിമുടിപീതാംബരം;
തോളത്തു ചായുന്ന കാവടിയും മയിൽ-
പ്പീലിയും ശൂലവും രുദ്രാക്ഷവും.

2
'ഹരഹരോസ്മരഹര' യെന്നു പാടി-
പ്പടി കടന്നദ്ദേഹം വന്നുനിന്നു.
അമ്മിണിക്കുട്ടിക്കു പേടിയായി
അമ്മയ്ക്കുപിന്നിൽ പതുങ്ങിനിന്നു.
അപ്പുവി, ന്നിമ്മട്ടിൽ വേഷം കെട്ടി
ഒപ്പമിറങ്ങാനൊരിമ്പമായി.
നാണയത്തുട്ടുകൾ താലത്തിലർപ്പിച്ചു
താണുവണങ്ങിനാളമ്മ.
ശൂലം നിറുകയിൽ മുട്ടിച്ചനുഗ്രഹ-
ജാലം ചൊരിഞ്ഞു മറഞ്ഞു ഭിക്ഷു.

3
വൈകിട്ടുവാർത്തയും ചിത്രവും ടി വിയിൽ
വല്ലാതെ പേടിച്ചുപോയിതപ്പു.
ഭസ്മമെറിഞ്ഞു മയക്കിക്കിടാങ്ങളെ
കട്ടുകടത്തും കരിങ്കള്ളനെ,
വട്ടിയൂർക്കാവി, ലൊരേടത്തുവെച്ചൊരു
കുട്ടിയോടൊപ്പം പിടിച്ചു നാട്ടാർ.
ഭിക്ഷയാചിച്ചും കൊ,ണ്ടിന്നതിരാവിലെ
മുറ്റത്തുകണ്ടൊരാ സന്ന്യാസി,
വൃക്ക മോഷ്ടിക്കും 'തിരുട്ടുകൂട്ട' ങ്ങളിൽ
പ്പെട്ടവനാണീപ്പെരുങ്കള്ളൻ.

4
മുരുകൻ നമ്മളെ കാത്തുരക്ഷിച്ചു
മകളെ മാറോടുചേർത്തമ്മ.
തൂത്തുക്കുടിക്കാരൻ വേലയ്യനാണിവൻ
വെല്ലൂർ ജയിൽചാടി വന്നതത്രേ
കാലിൽ ചിലങ്കകിലുക്കി നടക്കുമാ
കോലം കണ്ണിലുണ്ടിപ്പോഴും.



വര: അരുണ ആലഞ്ചേരി

# അക്ഷരത്തിൽനിന്നും അക്കത്തിലേക്ക്

**വി മധുസൂദനൻ നായർ**



വര: അരുണ ആലഞ്ചേരി

നാവിൽ ഹരിഃശ്രീ കുറിക്കുവാൻ കുഞ്ഞിനെ
ദേവനെപ്പോലെ മടിയിൽവച്ച്
കൈയിൽപ്പവിത്രമെടുത്തുള്ളിലാധാര-
മെയ്യാറു വാഴുന്നൊരക്ഷരത്തെ
ധ്യാനിച്ചു കുഞ്ഞിൽപ്പകരാൻ തുടങ്ങവേ
മുന്നിൽ നിന്നമ്മ പറഞ്ഞു കേട്ടൂ:

''അക്ഷരമൊന്നുമെൻ മോനു വേണ്ടാ, ഇനി
ലക്ഷവും കോടിയും വേണ്ടതല്ലേ,
അക്കങ്ങൾ മാത്രം കുറിക്കണേ, കോടികൾ,
ഒക്കുകിൽ ഏറെയനന്തകോടി.
അക്ഷരത്തെത്തള്ളിയക്കം പെരുക്കുന്നൊ-
രിക്കാലമെന്തിനീയക്ഷരങ്ങൾ!''

# ഓണം ഓർമകളിലൂടെ

പ്രൊഫ. മാത്യു ഉലകംതറ

എൺപതുകൊല്ലം മുമ്പുള്ള ഓണം എന്റെ ഓർമകളിൽ നിറഞ്ഞുനിൽക്കുന്നു. ഓണം അന്ന് വിളവെടുപ്പുത്സവമായിരുന്നു. നെൽപ്പാടങ്ങൾ കൊയ്ത്തു കഴിഞ്ഞ് ഉണങ്ങിത്തുടങ്ങുന്നു. മിക്ക വീടുകളിലും പുത്തരിയുണ്ടാകും. പുത്തരിച്ചോറും പലതരം കറികളും പായസവുമൊക്കെച്ചേർന്ന ഓണസദ്യയെക്കുറിച്ചോർത്ത് കുട്ടികൾ കൊതിയോടെ കാത്തിരിക്കും. അന്നു വീട്ടിൽ പായസം ഓണത്തിനുമാത്രമേ കിട്ടിയിരുന്നുള്ളൂ. അത്തം മുതൽ വീട്ടുമുറ്റത്തു പൂക്കളമത്സരമായിരിക്കും. കാടുംമേടും ചുറ്റിത്തിരിഞ്ഞ് പൂക്കൂടയുമായി കുട്ടികൾ ചെറുകൂട്ടങ്ങളായി പൂക്കൾ തേടിനടക്കുന്ന കാഴ്ച കാണാമായിരുന്നു. ഞാനും പൂക്കൾ തേടിനടന്നിട്ടുണ്ട്.

പ്രധാനമായി നാല് ഓണങ്ങളാണ് അന്നു ഞങ്ങൾ ആഘോഷിച്ചിരുന്നത്. ഉത്രാടത്തിന് ആഘോഷം തുടങ്ങുകയായി. ഞങ്ങളുടെ നാട്ടിൽ തിരുവോണം എല്ലാവർക്കുമുള്ളതായിരുന്നെങ്കിലും എന്റെ വീട്ടിലെ തിരുവോണത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. സർവ ചാർച്ചക്കാരും എന്റെ വീട്ടിൽ ഒത്തുകൂടിയിരുന്നു. എന്നാൽ എനിക്കു സന്തോഷം അവസാനത്തെ ഓണമായിരുന്നു! ഓണവിഭവങ്ങളുടെ മിച്ചം മുഴുവൻ അഞ്ചാം ദിവസം തീർക്കണം. അതിനു 'കാടിയോണ'മെന്നാണു ഞങ്ങൾ പറഞ്ഞിരുന്നത്. ഓരോ വർഷവും ഞാൻ കാടിയോണത്തിനായി കാത്തിരുന്നു.

ഉന്മേഷം പകരും. ദൂരദേശത്തു ജോലിക്കുപോയിരുന്നവരെല്ലാം ഓണാവധിക്കു വീട്ടിലെത്തും. അങ്ങനെ പഴയ ബന്ധുമിത്രാദികളെയൊക്കെക്കാണാം. ഓർമകൾ പുതുക്കി സന്തോഷിക്കാം.

**വീട്ടുമുറ്റത്തെ മരക്കൊമ്പിൽ ഊഞ്ഞാൽ കെട്ടി ആടാം. വെയിലാറുമ്പോൾ കൊയ്തൊഴിഞ്ഞ പാടത്തും പറമ്പിലും പന്തുകളിക്കാം. പെൺകുട്ടികൾക്ക് വട്ടക്കളിയും ആട്ടവും പാട്ടും തൊങ്കിക്കളിയുമൊക്കെയുണ്ടാകും. കായലോരങ്ങളിൽ താമസിക്കുന്നവർക്ക് വള്ളംകളിമേളവും.**

ഓണത്തിനുള്ള പ്രത്യേക സന്തോഷങ്ങളിലൊന്ന് ഓണക്കോടി കിട്ടുമെന്നുള്ളതാണ്. നല്ല പുത്തൻ ഉടുപ്പുകൾ. ഹായ്! അതുമാത്രമല്ലല്ലോ? വീട്ടുമുറ്റത്തെ മരക്കൊമ്പിൽ ഊഞ്ഞാൽ കെട്ടി ആടാം. വെയിലാറുമ്പോൾ കൊയ്തൊഴിഞ്ഞ പാടത്തും പറമ്പിലും പന്തുകളിക്കാം. പെൺകുട്ടികൾക്ക് വട്ടക്കളിയും ആട്ടവും പാട്ടും തൊങ്കിക്കളിയുമൊക്കെയുണ്ടാകും. കായലോരങ്ങളിൽ താമസിക്കുന്നവർക്ക് വള്ളംകളിമേളവും. ഓണവിഭവങ്ങളൊക്കെ വച്ചൊരുക്കിയ ശേഷം സ്ത്രീകൾ രാത്രിയിൽ ഊഞ്ഞാലാട്ടത്തിനും വട്ടക്കളിക്കുമൊക്കെയായി ഒത്തുകൂടും. തെളിഞ്ഞ ഓണനിലാവ് അവർക്കെല്ലാം

'ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ കഞ്ഞി' മുതലായ പഴഞ്ചൊല്ലുകൾ പലതുണ്ട്. അതൊന്നും പുതിയ ലോകത്തിനു ചേരുന്നതല്ല. ഇന്നു കോരനും കഞ്ഞിയുമില്ല. ഓണസദ്യയുടെ വിഭവങ്ങൾ (പായസമുൾപ്പെടെ) കടയിൽ നിന്നു പാക്കറ്റിൽ വാങ്ങാം. പൂ തേടി പോകുന്ന കുട്ടികളില്ല. പൂക്കുന്ന കാടുമില്ല. എല്ലായിടത്തും റിസോട്ടുകളാണ്. പൂക്കളങ്ങളുണ്ട്, പക്ഷേ പ്ലാസ്റ്റിക്ക്പൂക്കൾ കൊണ്ടാണു വർണഭംഗിയുണ്ടാക്കുന്നത്. പഴയ പാട്ടും നൃത്തവും മേളവുമൊന്നും നാട്ടുമ്പുറങ്ങളിലില്ല. എല്ലാം ടി വി യിൽ കാണാം. ഓണം തന്നെ ടി വിയിൽ ഒതുങ്ങുകയാണോ?



വര: അരുണ ആലഞ്ചേരി

ഓണത്തെപ്പറ്റിയുള്ള കഥകൾ വായിച്ചു മനസ്സിലാക്കിയപ്പോൾ എനിക്കു ചില വിയോജിപ്പുകൾ തോന്നുന്നു. മാവേലിയെ വാമനൻ പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തിയ കഥയിൽ ഒട്ടേറെ യുക്തിഭംഗങ്ങളുണ്ട്. കേരളത്തെ ഒരു അസുരരാജാവും ഭരിച്ചിട്ടില്ല എന്നാണ് എന്റെ പഠനത്തിൽനിന്നും മനസ്സിലായത്. ഭഗവാൻ മഹാവിഷ്ണു ഒരു നീതിമാനായ രാജാവിനെ ചവിട്ടിത്താഴ്ത്താൻ ഒരുമ്പെടുമോ?

പരശുരാമൻ സൃഷ്ടിച്ച കേരളത്തെ മാവേലിയിൽ നിന്നു രക്ഷിക്കാൻ വാമനമൂർത്തി അവതരിക്കുന്നതെങ്ങനെ? അഞ്ചാമത്തെ അവതാരമാണു വാമനാവതാരം. അതുകഴിഞ്ഞാണു പരശുരാമാവതാരം. പരശുരാമൻ സൃഷ്ടിച്ച കേരളത്തെ മാവേലിയിൽ നിന്നു രക്ഷിക്കാൻ പരശുരാമനെക്കാൾ മുമ്പുണ്ടായ വാമനൻ അവതരിച്ചെന്നോ?

അസുരരാജാവായ മഹാബലിയുടെ സ്മരണ ആണ്ടുതോറും പുതുക്കുന്ന ഈ ആഘോഷത്തിന് എന്നാൽ ചരിത്രപരമായ ഒരു അടിസ്ഥാനമുണ്ടെന്നാണ് എന്റെ അഭിപ്രായം.

എൻ വി കൃഷ്ണവാര്യർ എഴുതിയതുപോലെ അസീറിയയും കേരളവുമൊക്കെ ഒറ്റ ഭൂഖണ്ഡമായി കിടന്നിരുന്നതാണത്രേ. അസീറിയക്കാരായ ബലിവംശരാജാക്കന്മാരുടെ ഭരണത്തിൻ കീഴിലായിരുന്നു ഈ പ്രദേശമെല്ലാം. ആ രാജാക്കന്മാർക്കെല്ലാം ബലലുശൻ, ബലകുദരൻ എന്നൊക്കെ പേരുണ്ടായിരുന്നു. അതിലൊരു മഹാബലന്റെ കാലത്തു കടൽക്ഷോഭമുണ്ടായി. കടൽ ഇടയ്ക്കു കയറി കേരളമുൾപ്പെടെയുള്ള ഭൂപ്രദേശങ്ങളെ അസീറിയയിൽ നിന്നു വേർതിരിച്ചു കളഞ്ഞു.

അസീറിയൻ ഭരണാധികാരികളെയാണ് നാം അസുരരാജാക്കന്മാരെന്നു വിളിക്കുന്നത്. അസുരചക്രവർത്തിയായ മഹാബലന്റെ സദ്ഭരണസൗഭാഗ്യം അയവിറക്കാൻ വേണ്ടിയാണ് ഓണാഘോഷം തുടങ്ങിയത്. ഇന്നും മലേഷ്യ തുടങ്ങിയ തീരദേശങ്ങളിൽ ഓണാഘോഷമുണ്ടത്രേ. ഇതാണ് എൻ വി കൃഷ്ണവാര്യരുടെ ഗവേഷണപരമായ അഭ്യൂഹകഥ. കഥ എങ്ങനെയുമാകട്ടെ, തട്ടിപ്പും വെട്ടിപ്പും വർധിച്ചുവരുന്ന ഇക്കാലത്ത് കള്ളവും ചതിയും ഇല്ലാത്ത ഒരു സങ്കല്പലോകത്തെ ഓണാഘോഷത്തിലൂടെയെങ്കിലും നമുക്ക് അയവിറക്കാം അല്ലേ?

# ആഡംബരഫ്ളാറ്റിലെ കുട്ടിയുടെ ഓണം

സുഗതകുമാരി

ലിലി നേരത്തേ ഉറക്കമുണർന്നു. (അവളുടെ പേര് ലീലാമണി എന്നാണ്. പക്ഷേ അമേരിക്കയിൽ ചെന്നപ്പോൾ അത് ലീലയും പിന്നെ ലിലിയുമായി. പഴയ പേര് അവൾ പോലും മറന്നിരിക്കുന്നു.)

ഇന്നു തിരുവോണമല്ലേ? കഴിഞ്ഞ പത്തുദിവസമായി അവൾ അമ്മയോടു ചോദിക്കുന്നു.


''മമ്മീ, അത്തം വന്നല്ലോ. നമുക്കു പൂക്കളമൊരുക്കണ്ടേ?'' (അമ്മ എന്നാണ് അഞ്ചുവയസ്സുവരെ വിളിച്ചിരുന്നത്. പിന്നീടാണതു മമ്മിയാക്കിയത്.)

''ഈ ഫ്ളാറ്റിലെങ്ങനാ പൂക്കളം! അതൊന്നും വേണ്ട. തിരുവോണം സെലിബ്രേഷൻസ് ഉണ്ട്. അതുമതി.''

മമ്മി ഒഴിഞ്ഞുമാറി.

''ഇതൊക്കെ അമ്മൂമ്മ പറഞ്ഞു തന്നതായിരിക്കും.'' എന്നൊരു കമന്റും.

ലിലി ഓർമിച്ചു. അഞ്ചുവയസ്സു കഴിഞ്ഞപ്പോഴാണ് അച്ഛനും അമ്മയും ലിലിയെയുംകൊണ്ട് ന്യൂയോർക്കിലേക്കു പോയത്. പിന്നെയിതാ പത്തുവയസ്സായപ്പോൾ ഒരു മാസത്തേക്കു നാട്ടിൽ വന്നിരിക്കുന്നു. അച്ഛനു നാട്ടിൽ എന്തൊക്കെയോ കാര്യങ്ങളുണ്ട്. ഇതിനിടയ്ക്ക് രണ്ടുമാസത്തേക്ക് അമ്മൂമ്മ



വര: അരുണ ആലഞ്ചേരി

ന്യൂയോർക്കിൽ വന്നു താമസിച്ചപ്പോഴായിരുന്നു രസം! അമ്മൂമ്മ വേഗം പൊയ്ക്കളഞ്ഞു. അന്യനാടു പിടിക്കണില്ലത്രേ. അന്നൊക്കെ ഹോളിഡേയ്സിന് അമ്മൂമ്മയുടെകൂടെ നടക്കാൻ പോകുമായിരുന്നു. എന്നും രാത്രിയിൽ അമ്മൂമ്മ കഥ പറഞ്ഞു തരുമായിരുന്നു. കൂടെക്കിടത്തി പാട്ടുപാടി പഠിപ്പിക്കുമായിരുന്നു. 'തെച്ചി മന്ദാരം തുളസി' എന്നൊക്കെ പാടാൻ ലിലിയെ പഠിപ്പിച്ചതും അമ്മൂമ്മയാണ്. ഉണ്ണിക്കൃഷ്ണന്റെ കുസൃതികളും രാവണൻ സീതയെ കട്ടുകൊണ്ടുപോയതുമൊക്കെ ലിലി അറിഞ്ഞതും അങ്ങനെയാണ്. ഓണക്കാര്യമൊക്കെ അമ്മൂമ്മ വിസ്തരിക്കുന്നതു കേട്ടിരിക്കാൻ എന്തൊരു സുഖമായിരുന്നു! പക്ഷേ അമ്മൂമ്മ ഇന്നില്ല. ലിലി നാട്ടിൽ വന്നപ്പോഴേക്കും അമ്മൂമ്മ ആകാശത്തേക്കു പൊയ്ക്കഴിഞ്ഞു.

പത്തുദിവസത്തെ പൂക്കളമിടീലും ഊഞ്ഞാലാട്ടവും പാട്ടും കളിയും ആറ്റിലെ കുളിയും അമ്പലത്തിൽ പോക്കും കടുവാകളിയുമൊക്കെ സ്വപ്നംകണ്ടാണ് നാട്ടിൽ വന്നത്. നഗരത്തിലെ പുതിയ ഫ്ളാറ്റിലിരുന്ന് അവൾ ചോദിച്ചു.

''മമ്മീ അത്തത്തിനു പൂക്കളം വേണ്ടേ?''

ടൈൽസ് പാകിയ മുറ്റം. പൂച്ചട്ടികളിൽ പരിഷ്കൃതമായ ചെടികൾ.

''ഇവിടെ അതിനൊന്നു മൊക്കൂല്ല. ഞങ്ങൾ നിന്നെ തിരുവോണത്തിന് ലേഡീസ് ക്ലബിൽ കൊണ്ടുപോകാം. അവിടെ പൂക്കളം കോമ്പറ്റിഷൻ ഉണ്ട്.''

ലിലിക്കു മനസ്സിലായില്ല. എങ്കിലും അവൾ പട്ടുപാവാടയുമുടുത്ത് മമ്മിയുടെയൊപ്പം ക്ലബ്ബിൽ പോയി. നിറയെ നല്ല ആന്റിമാർ. എന്തുഭംഗിയായി ഡ്രസ്സു ചെയ്തിയിരിക്കുന്നു! വലിയ ഹാളിൽ അവർ പല ഗ്രൂപ്പായി തിരിഞ്ഞ് പൂക്കളമിടുന്നു. ചില അങ്കിൾമാരും വന്നിട്ടുണ്ട്, കാണാനും ജഡ്ജ് ചെയ്യാനും. വാശിയിലാണു മത്സരം.

ലിലി വായിൽ വിരലിട്ടുകൊണ്ട് കണ്ണുമിഴിച്ചുനിന്നു. ഇതല്ലല്ലോ അമ്മൂമ്മ പറഞ്ഞ പൂക്കളം. മണ്ണുകുഴച്ച് ചാണകം മെഴുകി Cow dung dirty അല്ലേ എന്നു താൻ ചോദിച്ചപ്പോൾ അമ്മൂമ്മ ചിരിച്ചു.

''അല്ല മക്കളേ, ചാണകം എല്ലാം ശുദ്ധീകരിക്കുന്നതാണ്,'' എന്നാണു പറഞ്ഞത്. ആദ്യം തുളസിയും തുമ്പയുമിടുമത്രേ. പിന്നെ മലഞ്ചരിവുകളിൽനിന്നും അടുത്ത പറമ്പുകളിലും നിന്നും പാട്ടും പാടി കുട്ടികൾ ശേഖരിച്ചുകൊണ്ടുവരുന്ന പൂക്കൾ കൊണ്ട് കളമിടും. വീട്ടുമുറ്റത്താണ് പൂക്കളം. അമ്മമാരും ചേച്ചിമാരും അമ്മായിമാരുമെല്ലാം കൂടും. ഓണക്കോടിയുടുത്തൊരുങ്ങി, കുളിച്ചുകുറിയിട്ട്, മുറ്റത്തെ ഊഞ്ഞാലിൽ കുട്ടികൾ പാടിയാടും. ഉപ്പേരിയും ഉണ്ണിയപ്പവും തിന്നുകൊണ്ട് ആൺകുട്ടികൾ കളിച്ചുതിമർക്കും. ഫുട്ബോൾപോലെന്തോ കളി. സന്ധ്യയ്ക്ക് പൂക്കളത്തിനു ചുറ്റും മൺചിരാതുകൾ

> **ആദ്യം തുളസിയും തുമ്പയുമിടുമത്രേ. പിന്നെ മലഞ്ചെരിവുകളിൽനിന്നും അടുത്ത പറമ്പുകളിലും നിന്നും പാട്ടും പാടി കുട്ടികൾ ശേഖരിച്ചുകൊണ്ടുവരുന്ന പൂക്കൾകൊണ്ട് കളമിടും. വീട്ടുമുറ്റത്താണ് പൂക്കളം. അമ്മമാരും ചേച്ചിമാരും അമ്മായിമാരുമെല്ലാം കൂടും. ഓണക്കോടിയുടുത്തൊരുങ്ങി മുറ്റത്തെ ഊഞ്ഞാലിൽ കുട്ടികൾ പാടിയാടും.**

കത്തിക്കും. ചുറ്റുംനിന്ന് കുട്ടികളും അമ്മമാരുമൊക്കെ തിരുവാതിര കളിക്കും. അമ്മമാരും വരും ഊഞ്ഞാലാടാൻ. ലിലി സ്വപ്നത്തിൽ നിന്നുണർന്നപോലെ ചുറ്റും നോക്കി. മൽസരം കഴിഞ്ഞിരിക്കുന്നു. ജഡ്ജിങ് നടക്കുകയാണ്. ആർക്കാ സമ്മാനം? മമ്മിയുടെ ഗ്രൂപ്പിനല്ല. മറ്റേതോ ആന്റിമാർക്കാണ്. എന്തൊരു ബഹളം. കൈയടികൾ, കൈകുലുക്കലുകൾ, അഭിനന്ദനങ്ങൾ.

ലിലി മിണ്ടാതെ നോക്കിനിന്നു. സമ്മാനങ്ങൾ കിട്ടിയ വിജയികൾ ആഹ്ലാദം കൊണ്ടു തമ്മിൽ കെട്ടിപ്പിടിക്കുന്നു. അനുമോദിക്കുന്നു. ജയിക്കാത്തവരുടെ മുഖത്ത് മങ്ങലുണ്ടെങ്കിലും അവരും കൂട്ടത്തിൽ കൂടുന്നു. ഒരാൾ പിറുപിറുക്കുന്നത് ലിലി കേട്ടു.

''അവളുടെ ഹസ്ബന്റിന്റെ ഫ്രണ്ട്സ് ആണ് ജഡ്ജസ്. പിന്നെ സമ്മാനം അവർക്കല്ലേ കിട്ടൂ.''

ബഹളം കഴിഞ്ഞു. ഉച്ചയൂണിനു സമയമായി. പുരുഷന്മാരും ചില ആന്റിമാരും എങ്ങോട്ടാണു മറഞ്ഞത്? ലിലി മമ്മിയോടൊപ്പം മേശയ്ക്കരികിൽ ചെന്നിരുന്നു. ഡാഡിയെ കാണുന്നില്ലല്ലോ. ഇലയിട്ടുള്ള സദ്യയാണ്. കുറെ കറികളുണ്ട്. ചിക്കനുണ്ട്, ഫിഷ് ഫ്രൈ ഉണ്ട്. ഇതൊന്നും ഓണത്തിനു പാടില്ലെന്നല്ലേ അമ്മൂമ്മ പറഞ്ഞിട്ടുള്ളത്? സാരമില്ല.

രണ്ടു പായസമുണ്ട്. കുറെക്കഴിഞ്ഞാണ് ഡാഡിയും അങ്കിൾമാരും ഉണ്ണാൻ വന്നത്. ചിരിച്ചു ബഹളം വച്ച് തോളിൽ കൈയിട്ടും പരസ്പരം താങ്ങിയുമൊക്കെയുള്ള അവരുടെ വരവു കണ്ടപ്പോൾ ലിലിക്കു കാര്യം മനസ്സിലായി. ഇതു പലപ്പോഴും ന്യൂയോർക്കിൽ വച്ച് കാണാറുള്ളതാണല്ലോ.

ഉറക്കെയുള്ള പൊട്ടിച്ചിരികളും ബഹളവും കളിതമാശകളുമൊക്കെയായി ഊണു കഴിഞ്ഞു. മമ്മിയും കൂട്ടുകാരികളും ഇതിലെല്ലാം രസത്തോടെ പങ്കെടുക്കുന്നുണ്ട്. താനും ചില കുട്ടികളും മാത്രം മിണ്ടാതെ ആരും ശ്രദ്ധിക്കാതെ ഒരിടത്തിരുന്നു. കൂട്ടത്തിൽ ഒരാൺകുട്ടി, കണ്ണാടിവച്ച ഒരു ഗൗരവക്കാരൻ അല്പം മാറിയിരുന്ന് ഹാരിപോട്ടർ വായിക്കുന്നു.

ഊണുകഴിഞ്ഞ് എല്ലാവരും പരസ്പരം ഷേയ്ക്ക് ഹാൻഡ് ചെയ്തും 'സീ യൂ' പറഞ്ഞും പിരിഞ്ഞു തുടങ്ങിയപ്പോൾ ലിലി മമ്മിയോടു പതുക്കെ ചോദിച്ചു,

"മമ്മി, ഇനിയെന്താണ്?"

മമ്മി പൊട്ടിച്ചിരിച്ചു.

"ഇനിയെന്തു വേണം? ഫ്ളാറ്റിൽ പോയി കിടന്നുറങ്ങ്. വൈകിട്ടു വേണമെങ്കിലൊരു സിനിമയ്ക്കു പോകാം"

ലിലിയുടെ കണ്ണുകൾ നിറഞ്ഞു. അപ്പോൾ ഉടുക്കാനുള്ള കൊച്ചു കസവുനേര്യതോ? ചന്ദനക്കുറിയോ? പൂവടയോ? ആർപ്പോവിളിയോ? അമ്പെയ്തു പൂവട എടുക്കലോ? പശുക്കൾക്കു മധുരം കൊടുക്കലോ? ഉറുമ്പിന് ഓണം കൊടുക്കലോ? ഊഞ്ഞാലാട്ടമോ? ഓണക്കളികളോ? മാവേലിപ്പാട്ടോ? ഇതിപ്പോൾ വലിയവരുടെ ഓണമല്ലേ? അപ്പോൾ കുട്ടികൾക്കോ?

ലിലിയുടെ കണ്ണുകൾ നിറഞ്ഞൊഴുകിയത് കാർ ഡ്രൈവ് ചെയ്തുകൊണ്ടിരുന്ന ഡാഡിയോ, ഓണപ്പൂക്കളം ജഡ്ജ്മെന്റിന്റെ കുറ്റങ്ങളെപ്പറ്റി വാതോരാതെ പറയുന്ന മമ്മിയെയോ കണ്ടതേയില്ല. ഈ കാഴ്ചകൾ കണ്ട് ദൂരെ മൂകനായി നിന്ന മാവേലിമുത്തശ്ശൻ മാത്രം കണ്ടിരിക്കും.


## പഴയ കാലത്തെ ഒരു ഓണപ്പാട്ട്





# തുമ്പപ്പൂവേ...

തുമ്പപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരു വട്ടിപ്പൂതരണേ
ആയ്കില ഈയ്കില ഇളംകൊടി പൂയ്ക്കില
പിന്നെ ഞാനെങ്ങനെ പൂതരേണ്ടൂ
കാക്കപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരുവട്ടിപ്പൂതരണേ
ആയ്കില ഈയ്കില ഇളംകൊടി പൂയ്ക്കില
പിന്നെ ഞാനെങ്ങനെ പൂതരേണ്ടൂ
അരിപ്പൂപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരു വട്ടിപ്പൂതരണേ
ആയ്കില ഈയ്കില ഇളംകൊടി പൂയ്ക്കില
പിന്നെ ഞാനെങ്ങനെ പൂതരേണ്ടൂ
പൂവായ പൂവെല്ലാം പിള്ളേരറുത്തു
പൂവാം കുറുന്തല ഞാനും പറിച്ചു
പിള്ളെരേ പൂവൊക്കെ കത്തിക്കരിഞ്ഞുപോയ്
ഞങ്ങടെ പൂവൊക്കെ മുങ്ങിത്തെളിഞ്ഞുപോയ്
പൂവേപൊലി പൂവേപൊലി!



വര: അരുണ ആലഞ്ചേരി

# ഓണം

**പ്രഭാവർമ**



മഞ്ഞണിരാവിൻ കുളിരലമാലയി-
ലൊന്നു കുളിക്കേണം.
ചിങ്ങപ്പൊന്നണി വെയിലിൽ പിന്നീ-
ടൊന്നു തുവർത്തേണം!
ചന്ദനഗന്ധമെഴും കാറ്റാൽ മുടി
കോതിയൊതുക്കേണം.
വെള്ളിവെയിൽത്തെളിയാൽ ഹരിചന്ദന-
ലേപനമണിയേണം!
തിരുമുറ്റത്തെത്തെച്ചിപ്പൂവാൽ
ചെംപൊട്ടണിയേണം.
പൊന്മുക്കുറ്റിപ്പൂവാൽ കാതിൽ
കമ്മലുമണിയേണം!
സീതത്താലീലതയാലേ നറു
മാലകളണിയേണം.
പൂവിളിയാലേ, യാർപ്പാലേ പുതു
പാട്ടുകൾ കോർക്കേണം!
വള്ളികളാലെ, വടത്താലേ-ന-
ല്ലൂഞ്ഞാൽ കെട്ടേണം.
കാറ്റിൻ കൈയാൽ കാവിന്മേൽ ചി-
ല്ലാട്ടം പാറേണം!
ചിങ്ങത്തിങ്കൾത്തങ്കത്തേരിൽ
വിണ്ണിൽ പോകേണം.
നക്ഷത്രക്കുഞ്ഞുങ്ങൾക്കൊപ്പം
നനുനനെ മിന്നേണം!
തിരുവോണത്തിരുമുറ്റത്തൊരു മണി-
പീഠമൊരുക്കേണം.
മാബലിമന്നനെയെതിരേറ്റൊരു കുറി
കൂടിയിരുത്തേണം!
പൂപ്പാലികയിൽ നിന്നും പൂക്ക-
ളിറുത്തർച്ചിക്കേണം.
പനിനീർത്തെളിയാൽ തിരുമുറ്റത്തെ
സുവാസിതമാക്കേണം!



വര: അരുണ ആലഞ്ചേരി

# ഓർമയിൽ ഒരു പുലിവേഷം

പി കെ ഗോപി

ഓണം പാട്ടാണ്, കളിയാണ്, പൂവാണ്, പൂക്കളമാണ്, ഊണാണ്, ഊഞ്ഞാലാണ്, ഉപ്പേരിയാണ്, പപ്പടമാണ്, പുത്തനുടുപ്പാണ്, വിരുന്നുകാരാണ് എല്ലാമാണ്...

ഗ്രാമത്തിലെ ഓണം പാടത്തിന്റെ അങ്ങേക്കരയിൽനിന്ന് ചിങ്ങവെയിലിന്റെ ആരവമായി ഒഴുകിവരുന്നു. 'പൂവേ പൊലി പൂവേ...' ഇക്കരെനിന്നു മറുശബ്ദം പത്തിരട്ടിശക്തിയിൽ അങ്ങോട്ടു പായുന്നു. 'ഒന്നാം പൂപ്പൊലി... ഒരായിരം പൊലി... ഓടിവാ... പൂപ്പൊലി... പാടിവായോ...!' വായിൽ തോന്നിയതെല്ലാം കോതയ്ക്കു പാട്ടാണ്. കോതയ്ക്കല്ല, ഗോപിക്ക്, ഉണ്ണിക്ക്, കുട്ടന്, തങ്കന്, രവിക്ക്... എല്ലാവർക്കും പാടാനറിയാം. അല്ലെങ്കിൽ പാട്ടെന്തോന്നറിയാൻ? ചുമ്മാതങ്ങു കസറുക തന്നെ!

പൂ പറിക്കാൻ പാട്ട്, കളമിടാൻ പാട്ട്, ഊഞ്ഞാലാടാൻ പാട്ട്, ഉപ്പേരി തിന്നാൻ പാട്ട്, പുലികളിക്കു പാട്ട്, തിരുവാതിരയ്ക്കു പാട്ട്. എന്റമ്മോ... പാട്ടില്ലാത്ത ഓണം ഓർക്കാനേ വയ്യ!

അങ്ങനെ തിരുവോണസദ്യ കെങ്കേമമായി കഴിഞ്ഞു. ഇല വടിച്ചുനക്കിയത് ഞങ്ങൾ കുട്ടികൾ മാത്രമല്ല. ആട്, പശു, പോത്ത് എല്ലാവർക്കും സദ്യയുണ്ട്. പോത്തമ്മാവൻ പായസം കുടിച്ച് ഇലയടക്കം ശാപ്പിടും. പിന്നെയും തലയാട്ടും.... ''കൊണ്ടുവാ പായസം.'' അമ്മ പായസക്കലം കമിഴ്ത്തിക്കാണിക്കും. ''തീർന്നെടാ... ഇനി നാളെ!''

ഉറുമ്പിനും പ്രാണികൾക്കും കിളികൾക്കും കോഴികൾക്കും താറാവുകൾക്കും അമ്മ സദ്യ കൊടുക്കും. ഓണം എല്ലാവർക്കുമുണ്ട്. ഇലകൾക്ക്... പൂക്കൾക്ക്... ഭൂമിക്ക്... മരത്തിന്... മാനത്തിന്... സൂര്യന്... ചന്ദ്രന്... നക്ഷത്രങ്ങൾക്ക്...

സദ്യ കഴിഞ്ഞ് ഞങ്ങൾ റോഡിലിറങ്ങി.



വര: അരുണ ആലഞ്ചേരി

പുത്തൻഷർട്ടും നിക്കറും പത്താള് കാണണം. അതാണൊരു ഗമ. തുണിയുടെ പുതുമണം കാറ്റിലൊഴുകി നടക്കും. അതൊരു വല്ലാത്ത മണം തന്നെ.

അതാ വരുന്നു രവിയും സംഘവും. നമുക്ക് പുലിവേഷം കെട്ടിയാലോ? ഹായ് തുമ്പപ്പുലി! പറമ്പിൽനിന്ന് തുമ്പച്ചെടി പിഴു തെടുക്കണം. വാഴനാരിൽ കൊരുത്തു മെട യണം. എത്ര ചെടികൾ കിട്ടുമോ അത്രയും പുലിവേഷം നന്നാവും.

ആരാ വേഷം കെട്ടുക?

ആവേശം മൂത്ത് ചാടിക്കയറി പറഞ്ഞു പോയതാണ്, ''ഞാൻ കെട്ടാം പുലിവേഷം.'' ഒരുനിമിഷം! പുത്തനുടുപ്പും നിക്കറും അഴിച്ചുമാറ്റുന്നു. തുമ്പച്ചെടിയിൽപ്പൊതിഞ്ഞ ഒരു വികൃതരൂപം ജനിക്കുന്നു. മുഖത്തു പാള ക്കോലം. കണ്ണിന്റെയും മൂക്കിന്റെയും വായു ടെയും സ്ഥാനത്ത് ചെറിയ ദ്വാരങ്ങൾ മാത്രം. ആർക്കും തിരിച്ചറിയാനാവില്ല. പച്ചത്തുമ്പ യിൽ പൊതിഞ്ഞ പുലിവേഷം റോഡിലി റങ്ങി ആഘോഷിച്ചു നടക്കുന്നു. 'ഹോ...യ്, പുലിവരുന്നേ...പുലി...' തകരപ്പാട്ടയിൽ താളം കൊട്ടി വലിയൊരു കുട്ടിപ്പട പുറകെയുണ്ട്. ആകാശത്തോളം ഉയരെ ആരവം.

എന്റെ ശരീരം ചൊറിഞ്ഞു തുടങ്ങുന്നു. 'ഹമ്മേ...' എങ്ങനെ ചൊറിയും? ഞാൻ പല്ലു കടിച്ചു സഹിച്ചു. ആരോടു പറയാൻ? ആരവ ത്തിനിടയിൽ ആരു കേൾക്കാൻ? പാളക്കോ ലത്തിനിടയിലല്ലേ തല! കൈകളിൽ കുരു ത്തോലത്തോരണത്തിന്റെ കെട്ട് .

പുലിയും സംഘവും നാടുചുറ്റി. അല്ലറ ചില്ലറ നാണയത്തുട്ടുകൾ പാട്ടയിൽ വീണി ട്ടുണ്ട്. വേഷം കെട്ടിയ പറമ്പിൽത്തന്നെ തിരി ച്ചെത്തി. എല്ലാവരുംകൂടി വാഴനാരിന്റെ കെട്ട റുത്തു മാറ്റി. മുഖംമൂടിപ്പാള അഴിച്ചുകളഞ്ഞു. ഞാൻ സ്വതന്ത്രനായി.

എന്റെ ശരീരം ചുവന്നു തടിച്ചു. തെങ്ങിൻ പ്പുകളിൽ കമ്പും ഇലയുംകൊണ്ട് ഉരസി. ചൊറിച്ചിലോടു ചൊറിച്ചിൽ.

തുമ്പച്ചെടികൾക്കിടയിൽ 'ചൊറിതണ*' ത്തിന്റെ ഇലകൾ കൂടി വച്ചു മെടഞ്ഞതാണു കാരണം. ഞാൻ വീട്ടിലേക്കോടി. അമ്മ വെളി ച്ചെണ്ണ പുരട്ടി, മഞ്ഞളു തേച്ച്, ഇളം ചൂടുവെ ള്ളത്തിൽ ഉപ്പിട്ടു കുളിപ്പിച്ചു. മേലാസകലം ഭസ്മം പൂശിത്തന്നു. ചൊറിച്ചിലിന് ആശ്വാസം.

എന്റെ തിരുവോണം ചൊറിച്ചിലിന്റെ പൊന്നോണം!

*ചൊറിയണം

# ഓണത്തീവണ്ടികൾ

**ആര്യാ ഗോപി**

കക്ഷമയുടെ അരികുകളിൽ പൂക്കൾ വിരിയാൻ തുടങ്ങി. കൂടുംകുടു ക്കയും വെള്ളക്കുപ്പികളുമായി ഞാനും സൂര്യയും സ്കൂൾ വിട്ടുവന്നനേരം തൊട്ട് ഒരുങ്ങിയിരിപ്പാണ്. അവസാനവട്ട പെട്ടി യൊരുക്കലിന്റെ ഉത്രാടപ്പാച്ചിലിലാണ് അമ്മ. പലതരം കോഴിക്കോടൻ ഹൽവ, മിഠായികൾ, പലഹാരങ്ങൾ, മുന്തിരി, ഓണ പ്പുടവകൾ എല്ലാമെല്ലാം, സിപ് വലിച്ചു വലുതാക്കുന്ന ബാഗിൽ അമ്മ കൃത്യമായി എടുത്തുവെച്ചു.

'ഈയച്ഛൻ ഒന്നു വേഗം വന്നെങ്കിൽ..'

ഓണയാത്രയ്ക്കുള്ള പുറപ്പാടാണ്. അന്നത്തെ രാത്രി തീവണ്ടിക്ക്. ആ കൊല്ല വും തീവണ്ടിമണം നിറഞ്ഞ ഞങ്ങളുടെ ഓണയാത്രയുടെ ചൂളംവിളി ശക്തിഭദ്രന്റെ വീടായ അങ്ങാടിക്കൽ വീട്ടിലെ തിരുവോ ണപ്പുലരിയെ തട്ടിയുണർത്തി.

ഞങ്ങളുടെ വരവ് ആദ്യമറിയുക ജിമ്മാ കും. മണം പിടിച്ച് വാലു താഴ്ത്തിയൊരു നിൽപ്പുണ്ട്.

'എന്താടാ... സുഖമാണോ?' എന്നു പറഞ്ഞ് അച്ഛന്റെ തലോടലിൽ ഒരുവർഷ ത്തെ മുഴുവൻ പരിചയക്കേടും കാറ്റിൽ പറത്തി മൂപ്പർ ചെവി ചുളുക്കും.

അച്ഛമ്മയും വല്യച്ഛനും ഓണനിലാ വിന്റെ സ്നേഹസ്പർശമാകും. ഞങ്ങളുടെ പുറകേ അവർ കൊഞ്ചിപ്പറഞ്ഞ് കൂട്ടു കൂടും. അപ്പച്ചിയുടെ മകൻ കുറുമ്പനാണ്. അപ്പാപ്പന്റെ മക്കൾ പതുക്കെപ്പതുക്കെ കൂട്ടിടും. പൂവിടാനും പൂപറിക്കാനുമൊക്കെ വലിയ ഉഷാറാണു പിന്നെ. വല്ല്യപ്പച്ചി യുടെ കൊച്ചുമക്കൾ നാണിച്ചുനിൽക്കും.

വീടിനപ്പുറം വയൽവരമ്പിലൂടെ നട ന്നാൽ തോട്ടിലെത്താം. തോട്ടിനപ്പുറം കുന്നാണ്. റബർക്കാടും വലിയ വൃക്ഷ ങ്ങളും വാഴത്തോട്ടങ്ങളും. കണ്ണെത്താത്ത ദൂരത്തോളം നെൽവയൽ. കനോലി കനാ ലിന്റെ തീരം മാത്രം കണ്ട ഞങ്ങളുടെ നഗരബാല്യം പിന്നെല്ലാം മറന്ന് തെളിനീർ ത്തോട്ടിൽ മുങ്ങാംകുഴിയിടും. 'മക്കളേ



തോട്ടിലൊഴുക്കുണ്ടേ.'അച്ഛമ്മ ശ്രദ്ധാലു
വാകും. നീന്തലറിയാത്ത ഞങ്ങൾ മത്സ്യക്കുഞ്ഞുങ്ങളാകും. നാട്ടിലെ കൂട്ടുകാരൊക്കെ തോട്ടിലിറങ്ങും. ഞാനും സൂര്യയും ജലകുമിളകളുടെ കൂട്ടുകാരാകും. ഞങ്ങൾ വെള്ളത്തിൽ മുങ്ങിയാൽ നിവരുംവരെ ജിം കരയിൽ നിന്നു കുരയ്ക്കും. ഞങ്ങളുടെ സംരക്ഷണം ഏറ്റെടുക്കാൻ വല്ല്യച്ഛൻ ചട്ടം കെട്ടി വിട്ടിരിക്കുകയാണ്. ജിമ്മിന്റെവെപ്രാളക്കുര കേട്ട് വല്യച്ഛനോടി വന്നു. ഞങ്ങളെ കുളിപ്പിച്ചുതോർത്തി കരയ്ക്കെടുത്തു.

തേങ്ങാപ്പാലിൽ വെന്ത സേമിയപ്പായസം നാവിലിരുന്ന് കൊതി കൂട്ടും. ഇല നിറയെ വിഭവങ്ങൾ. ഏതു തൊട്ടുനക്കണം എന്നറിയാതെ വിഷമിക്കും. ഇടം കൈയിൽ പപ്പടം. വലം കൈയിൽ പരിപ്പും നെയ്യും ചേർത്തു കുഴച്ച ചോറുരുള. അന്നത്തെ ഓണക്കളികൾക്ക് കാഴ്ചക്കാർ ഇത്തിരികൂടും. അച്ഛമ്മ ഓണക്കഥകളുടെ കെട്ടഴിക്കും. ഒന്നിനുമൊന്നിനും സമയം തികഞ്ഞു കിട്ടില്ല.

തീവണ്ടി മടക്കച്ചൂളം വിളിക്കുന്നു. മടങ്ങാതെ തരമില്ലല്ലോ. അച്ഛമ്മയുടെ ഉള്ളുനീറുന്നു. 'മക്കളേ...' എന്ന് ചേർത്തണയ്ക്കുന്നു. കണ്ണീരിന്റെ നനവ്.

'അടുത്ത ഓണം. ഓണം.....' എന്ന് ഞങ്ങളും മനസ്സിൽ പറയുന്നു. ദാ.. ഓണത്തീവണ്ടി കോഴിക്കോട്ടേക്കു മടങ്ങുന്നു. അച്ഛനു മമ്മയും ആകാശച്ചരിവിൽ നോക്കി മൗനിച്ചിരിക്കും. ആ മൗനത്തിന്റെ പാതാളത്തിലെവിടെയോ ദാനശീലനായ മഹാബലി മരിക്കാതെ ജീവിക്കുന്നുണ്ടാകും.

# പൊടിക്കളം

**സൂര്യാ ഗോപി**

മുറ്റത്തെ കോഴിവാലൻ ചെടിയോടും മുക്കുറ്റിയോടും തുമ്പയോടും ഒരു തിരുവോണത്തലേന്ന് ഞാനും ചേച്ചിയും അടക്കം പറഞ്ഞു. 'ഇത്തവണയേ..... നിങ്ങളെയൊന്നും പൂക്കളത്തിൽ വേണ്ട.'

കോഴിവാലൻ നീളൻ ഇലകൾ കുടഞ്ഞു പെട്ടെന്ന് പിണങ്ങി. മുക്കുറ്റിപ്പെണ്ണിന്റെ ഇതളുകൾ വിളറി. തുമ്പ

ക്കുട്ടി മുഖം കുനിച്ചു മാറി നിന്നു.

ഞങ്ങൾ ഉത്സാഹത്തിലായിരുന്നു. കുറച്ചു ദിവസം മുമ്പായിരുന്നു സ്കൂളിലെ ഓണാഘോഷം. കോൺവെന്റ് മുറ്റത്ത്, കഥകളിത്തലയാണ് പൂക്കളമായി നിരന്നത്. ഒരു പകൽ മുഴുവനുമെടുത്താണ് അധ്യാപകർ കളം വരച്ചത്. പിന്നെ, രണ്ടുനാൾ രാപ്പകലൊഴിയാതെ എല്ലാവരുംചേർന്ന് അധ്വാനിച്ചു പൂവിട്ടു. ഒരു ഭീമൻ പൂക്കളം! അതിനു ചുറ്റും ബെഞ്ചുകൾ നിരത്തിയിരുന്നു. പോരാത്തതിന് ചെറുതൂണുകൾ നാട്ടി, കയറുകൾ വലിച്ചുകെട്ടി. ഞങ്ങളെല്ലാം ക്ലാസ്സിൽനിന്നു വന്ന്, നിര തെറ്റാതെ ഏന്തിവലിഞ്ഞു പൂക്കളമൊന്നു കണ്ടു. ന്താ... ചന്തം! ചായങ്ങളുടെ ഉത്സവം!

ആ ചന്ദനനിറം അറക്കപ്പൊടിയാണെന്നു കൂട്ടുകാരിറ്റാനിയ പറഞ്ഞു. നിറം കൊടുത്തതാണത്രേ! കടുംകാപ്പിയുടെ നിറത്തിലുള്ളത് ചോക്കുപൊടിയാണ്. പിന്നെ പർപ്പിൾ നിറം തേങ്ങാപ്പീരയിൽ നിറം പിടിപ്പിച്ചതാണ്. കേട്ടപ്പോൾ നല്ല രസം തോന്നി. പൂക്കളില്ലാത്ത പൂക്കളം! ഞങ്ങൾക്കു ചിരിവന്നു. എന്നാലും പുതിയ കണ്ടുപിടുത്തത്തിന്റെ ഹരത്തിൽ പിന്നെയുള്ള വൈകുന്നേരങ്ങളിൽ ഞങ്ങൾ തിരക്കിലായി.



തിരുവോണദിവസം സൂര്യനുണരും മുൻപേ ഞങ്ങൾ അടുക്കള കൈയേറി. കഷ്ടിച്ച്, ഒരു തേങ്ങയുടെ പീര കിട്ടി. അമ്മ അത്ര പന്തിയല്ലാതെ നോക്കി. കിട്ടിയതും കൊണ്ട് ഞങ്ങൾ സ്ഥലം വിട്ടു. തിരക്കിട്ടു ചോക്കുപൊടിച്ചു. അയ്യോ..! കൈ കടഞ്ഞു. തേങ്ങാപ്പീര നിറങ്ങൾ ചേർത്ത് ഉലർത്തി. ഉച്ചയോടെ മുറ്റത്ത് 'പീരക്കളം' നിവർന്നു.


മൂവാണ്ടന്റെ കൊമ്പിലിരുന്ന് കാക്കപ്പെണ്ണ് കൂട്ടുകാരെ വിരുന്നിനു വിളിച്ചു. അണ്ണാൻകുട്ടന്മാർ വായിൽ വെള്ളമൂറി ചാടിത്തുള്ളി. കട്ടുറുമ്പിൻപട ഞങ്ങളുടെ കാലിനിടയിലൂടെ മാർച്ചു ചെയ്തുവന്നു.

നിവർന്നിരുന്നൊന്നു കാണും മുമ്പേ ഞങ്ങളുടെ കളം 'കാക്കിരി-പീക്കിരി' ആയി. അവരവരുടെ പങ്കു വീതിച്ചെടുത്ത് മുറ്റത്തെ അതിഥികൾ പിരിഞ്ഞു പോയി. ചോക്കുപൊടിയും കടലാസുകഷണങ്ങളും തേയിലപ്പൊടിയും ചിതറിക്കിടന്നു. ഞങ്ങളുടെ ഓണക്കളം, മാഞ്ഞുമങ്ങിയ പൊട്ടുപോലെ മുറ്റത്തിന്റെ നെറ്റിയിൽ ഭംഗിയില്ലാതെ കിടന്നു.

കോഴിവാലനും മുക്കുറ്റിയും ചിരിച്ചുചിരിച്ചു മണ്ണു കപ്പുന്നതായി ഞങ്ങൾ കണ്ടു. അമ്മയുമച്ഛനും ഉച്ച തിരിഞ്ഞപ്പോൾ, കുറച്ചു പൂവുകൾ പറിച്ച് ഒരുണ്ണിപ്പൂക്കളം പെട്ടെന്നു പണിതു. മധുരം കൂടിയ ഉഗ്രൻ അമ്മപ്പായസത്തിൽ ഞങ്ങളുടെ നിരാശ അലിഞ്ഞു പോയി.

ഓണാവധി കഴിഞ്ഞു സ്കൂളിലെത്തിയപ്പോൾ റ്റാനിയ പുതിയ ഒരറിവു കൂടി പറഞ്ഞു; അവിടത്തെ പൂക്കളത്തിനു ചുറ്റും ഉറുമ്പുപൊടി കൂടി ഇടും പോലും!


പത്തുപന്ത്രണ്ടു ദിവസമായിട്ടും വാടാത്ത പൂക്കളത്തെ ഞങ്ങൾ നോക്കി. ഉറുമ്പിനു പോലും വേണ്ടാത്ത ഒരു പൊടിക്കളം!!



# നീണ്ടുനീണ്ടുപോയൊരു മൂക്ക്

റുഡ്യാർഡ് കിപ്ലിംങ്
പുനരാഖ്യാനം : റോസ്മേരി





വര: അരുണ ആലഞ്ചേരി

പണ്ടുകാലത്തെ കാര്യമാണു പറയുന്നത്. അന്നൊന്നും ആനകൾക്ക് ഇന്നു കാണുമ്പോലെയുള്ള നീണ്ട തുമ്പിക്കൈ ഉണ്ടായിരുന്നില്ല. മൂക്കിന്റെ സ്ഥാനത്ത് കറുത്തിരുണ്ട് പുറത്തേക്ക് ഉന്തിനിൽക്കുന്ന ഒരു മുഴ. കണ്ടാൽ ഒരു ഉണ്ണിയപ്പം ഒട്ടിച്ചുവച്ചതുപോലെയുണ്ട്. ആ അവയവംകൊണ്ടു ശ്വസിക്കാനും മണംപിടിക്കാനും മാത്രമേ പറ്റൂ. മറ്റു യാതൊരു പ്രയോജനവുമില്ല.

അക്കാലത്തു ജീവിച്ചിരുന്ന ഒരാനക്കുട്ടിയുടെ കഥയാണിത്. ടുമ്പോ എന്നായിരുന്നു അവന്റെ പേര്. വിടർന്ന കണ്ണുകളും കൊച്ചുവാലും ഉരുണ്ട കുഞ്ഞുശരീരവും ഒക്കെയായി ശരിക്കും ഒരോമനപ്പൈതൽ! അവൻ ഈ ഭൂമിയിലേക്കു വന്നിട്ട് കഷ്ടിച്ച് ഏതാനും മാസങ്ങളേ ആയിട്ടുള്ളൂ. അതുകൊണ്ടുതന്നെ തന്റെ ചുറ്റിനും കാണുന്നതും

കേൾക്കുന്നതുമായ സകല കാര്യങ്ങളും അവനെ വിസ്മയിപ്പിച്ചു.

കൊച്ചുടുമ്പോവിന് എന്തിനെക്കുറിച്ചും സംശയങ്ങളാണ്. പുലർകാലേ, കൺതുറക്കുമ്പോൾ മുതൽ രാത്രി ഉറങ്ങുംവരെ ആനക്കുട്ടി അവിടെങ്ങും ചുറ്റി നടന്ന് കണ്ണും മിഴിച്ച് സകല കാഴ്ചകളും നോക്കിക്കണ്ടു. ഓരോന്നോരോന്നു കാണുന്തോറും അവന്റെ സംശയങ്ങൾ ഏറിവന്നു.

അച്ഛനമ്മമാരെയും ബന്ധുക്കളെയും അവൻ ചോദ്യം ചോദിച്ചുചോദിച്ചു വശംകെടുത്തി. സൂര്യൻ രാത്രി എവിടെയാണ് ഉറങ്ങുന്നതെന്നായിരുന്നു അവന്റെ ചോദ്യങ്ങളിലൊന്ന്. തടാകത്തിന്റെ അഗാധതയിലാണെന്ന് അച്ഛൻ മറുപടി കൊടുത്തു.

തന്റെ കളിച്ചങ്ങാതിമാരായ സീബ്രകൾക്ക് എന്തേ ഉടലെങ്ങും കറുപ്പും വെള്ളയും വരകൾ? വരകൾക്കു പകരം പുള്ളിക്കുപ്പായമായിരുന്നെങ്കിൽ മഹാകോമാളിത്തം തോന്നിയേനെ എന്ന് അമ്മയുടെ മറുപടി.

ടുമ്പോയുടെ അടുത്ത സന്ദേഹം ഉറുമ്പുതീനികളെക്കുറിച്ചാണ്. അവറ്റകൾ എന്തുകൊണ്ടാണ് ഉറുമ്പുകളെ മാത്രം ശാപ്പിടുന്നത്? അവരുടെ പേര് ഒച്ചുതീനിയെന്നോ ചീവീടുതീനിയെന്നോ അല്ലാതെ 'ഉറുമ്പുതീനി' എന്നാകയാൽ മറ്റൊന്നിനെയും അവറ്റകൾക്കു തിന്നാനാവില്ലെന്ന് ടുമ്പോയുടെ ഏട്ടൻ വിശദീകരിച്ചു.

ആനക്കുട്ടിയുടെ സംശയങ്ങൾക്ക് അവസാനമില്ലായിരുന്നു. ഒന്നു തീരുമ്പോൾ അടുത്തത് എന്ന കണക്കിന് ചോദ്യങ്ങളുടെ ശരവർഷം. ഉത്തരം പറഞ്ഞുപറഞ്ഞ് മുതിർന്നവർ വശംകെട്ടു. അവന്റെ ചോദ്യങ്ങൾ പലതിനും അവരുടെ പക്കൽ ഉത്തരമില്ലായിരുന്നു എന്നതാണു വാസ്തവം.

മുളങ്കൂട്ടങ്ങളും പുൽമേടുകളും ഇടതൂർന്ന മാമരങ്ങളും ഇടയ്ക്കിടെ തടാകങ്ങളും ഒക്കെച്ചേർന്ന ഒരു പ്രദേശത്തായിരുന്നു ടുമ്പോയുടെ താമസം. ആയിടെ ഒരു ദിവസം അവൻ 'ചീങ്കണ്ണി' എന്നൊരു ജീവിയെക്കുറിച്ചു കേൾക്കാനിടയായി. ആ വഴി പറന്നുപോയ ഒരു നീർക്കൊക്ക് താൻ ആ ഭയങ്കര സത്വത്തിന്റെ പിടിയിൽ നിന്നും എങ്ങനെ രക്ഷപ്പെട്ടുവെന്ന് വിവരിക്കുകയായിരുന്നു.

**ആനക്കുട്ടിയുടെ സംശയങ്ങൾക്ക് അവസാനമില്ലായിരുന്നു. ഒന്നു തീരുമ്പോൾ അടുത്തത് എന്ന കണക്കിന് ചോദ്യങ്ങളുടെ ശരവർഷം. ഉത്തരം പറഞ്ഞുപറഞ്ഞ് മുതിർന്നവർ വശംകെട്ടു. അവന്റെ ചോദ്യങ്ങൾ പലതിനും അവരുടെ പക്കൽ ഉത്തരമില്ലായിരുന്നു എന്നതാണു വാസ്തവം.**

അതോടെ, കൊച്ചുടുമ്പോവിന്റെ മനസ്സിൽ ഒരായിരം സംശയങ്ങളായി. ചീങ്കണ്ണിയെ കണ്ടാൽ എങ്ങനെയിരിക്കും? അവൻ അത്താഴത്തിന് എന്താവും കഴിക്കുക? മീനുകളെപ്പോലെ വെള്ളത്തിൽ മാത്രം ജീവിക്കുന്ന കൂട്ടത്തിലാണോ? പക്ഷേ, ആരോടു ചോദിക്കാൻ? വീട്ടുകാരോടും കൂടപ്പിറപ്പുകളോടും ചോദിച്ചിട്ടു കാര്യമില്ല. ഉത്തരം പറഞ്ഞ് വശംകെട്ടതിനാൽ ടുമ്പോയോടു കുറച്ചുനാൾ വാപൂട്ടി കഴിയാനാണ് ഏവരുടെയും കല്പന.

പക്ഷേ നമ്മുടെ ആനക്കുട്ടിക്ക് ഇരിക്കപ്പൊറുതി ഇല്ലാതായി. അവന് എങ്ങനെയെങ്കിലും ഉത്തരം കിട്ടിയേ മതിയാവൂ. മറ്റുള്ളവരെ ആശ്രയിക്കാതെ പ്രശ്നം തന്നത്താൻ പരിഹരിച്ചു കളയാം എന്നവൻ തീരുമാനിച്ചു. ചീങ്കണ്ണി വസിക്കുന്ന ലിംപോപോ നദിയിലേക്കു പോവുകതന്നെ .

ആൾ കൊച്ചുകുഞ്ഞല്ലേ, തനിയെ കൂട്ടംവിട്ടെങ്ങും പോയേക്കരുതെന്ന് അമ്മയും അച്ഛനും കർശനമായി താക്കീതുചെയ്തിട്ടുണ്ട്. ഹിംസ്രമൃഗങ്ങൾ വിഹരിക്കുന്ന ഇടമല്ലേ. തങ്ങളുടെ കുഞ്ഞോമനയ്ക്ക് വല്ല ആപത്തും പിണഞ്ഞാലോ, അന്തമില്ലാത്ത ആ കൊടും കാട്ടിനുള്ളിൽ വഴിതെറ്റി അലഞ്ഞാലോ എന്നൊക്കെ ആയിരുന്നു വീട്ടുകാരുടെ പേടി.

പക്ഷേ അതു വല്ലതുമുണ്ടോ ആനക്കുട്ടി ചിന്തിക്കുന്നു? ഈറ്റയുടെ തളിരിലകൾ കണക്കിലേറെ വാരി വലിച്ചകത്താക്കി ഏവരും സംതൃപ്തമായ ഒരുച്ചമയക്കത്തിൽ ആണ്ടു മുഴുകിയ നേരത്ത് നമ്മുടെ ടുമ്പോ ഒച്ചയുണ്ടാക്കാതെ മെല്ലെ എണീറ്റ് നദിക്കരയെ ലക്ഷ്യമാക്കി നടപ്പുതുടങ്ങി. നടന്നുനടന്ന് ഒടുക്കം അവൻ കൊക്കു പറഞ്ഞ ലിംപോപോ എന്ന നദിയുടെ തീരത്തെത്തി. വലിയ നദിയാണ്. ഇരുവശത്തും ആകാശം മുട്ടെ വളർന്നു നിൽക്കുന്ന മരങ്ങളും അവയിൽനിന്നു തൂങ്ങിക്കിടക്കുന്ന കാട്ടുവള്ളികളും. നദിയിലെ വെള്ളം ഇരുണ്ടും

**ആനക്കുട്ടിയുടെ കണ്ണിൽ നിന്നും കണ്ണുനീർ അടർന്നു പതിച്ചു. ചീങ്കണ്ണി തന്റെ പല്ലുകൾ കൊണ്ടുള്ള പിടി കൂടുതൽ കൂടുതൽ മുറുക്കി. ആ കൂർത്ത ചാട്ടുളിപ്പല്ലുകളിൽനിന്നും രക്ഷപ്പെടാനായി ടുമ്പോ സർവശക്തിയും സംഭരിച്ച് തന്റെ മൂക്ക് പിന്നാക്കം വലിക്കാൻ ശ്രമിച്ചു. വിചിത്രമെന്നല്ലാതെ എന്തേ പറയേണ്ടൂ. അവൻ വലിക്കുന്തോറും മൂക്ക് നീണ്ടുനീണ്ടു വരുന്നു.**

കൊഴുത്തും പായൽമൂടിയും കാണപ്പെട്ടു.

ടുമ്പോ നദിക്കരയിൽ നിന്നുകൊണ്ട് വെള്ളത്തിലേക്ക് ഉറ്റുനോക്കി. അപ്പോഴുണ്ട് വെള്ളത്തിൽ ഒരു നീണ്ട തടിക്കഷണം അങ്ങനെ പൊങ്ങിക്കിടക്കുന്നു. സൂക്ഷിച്ചുനോക്കിയപ്പോൾ അറ്റത്തായി ചെറിയ രണ്ടു മഞ്ഞക്കണ്ണുകൾ മെല്ലെ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നുണ്ട്. ഓ, അപ്പോൾ അനങ്ങാതെ കിടക്കുന്ന ആ വസ്തുവിനു ജീവനുണ്ട്.

എങ്കിൽ ഈ വിചിത്ര ജീവിയോടു തന്നെ സംഗതികൾ ചോദിച്ചറിയാം, ടുമ്പോ തീരുമാനിച്ചു.

''അമ്മാവാ, ഞാനൊന്നു ചോദിച്ചോട്ടെ. ഈ ചീങ്കണ്ണി എന്നു പേരുള്ള ആളിനെ കണ്ടിട്ടുണ്ടോ? അങ്ങേർ എവിടെയാണു താമസം?''

തികച്ച ഔത്സുക്യത്തോടെയായിരുന്നു ആനക്കുട്ടിയുടെ ചോദ്യം.

''ങ്ഹാ, കണ്ടിട്ടുണ്ടോന്ന്? നല്ല ചോദ്യം തന്നെ! എടോ ഞാൻ തന്നെയാണ്, താൻ തിരക്കി നടക്കുന്ന സാക്ഷാൽ ശ്രീമാൻ ചീങ്കണ്ണി!''

തന്റെ നീണ്ടു കൂർത്ത കോമ്പല്ലുകൾ പുറത്തുകാട്ടി ശേലുകെട്ട ഒരു പുഞ്ചിരി പൊഴിച്ചുകൊണ്ട് തടിക്കഷണം അഭിമാനത്തോടെ പ്രതിവചിച്ചു.

''ഓ, വലിയ ഉപകാരം! ഞാൻ തേടുന്ന ആളിനെ ഇത്രവേഗം കണ്ടുമുട്ടാനായല്ലോ. അങ്ങയെ അലട്ടാനോ ശല്യപ്പെടുത്താനോ ഒന്നും വന്നതല്ല ഞാൻ. ഒരു സംശയത്തിന് ഉത്തരം തിരഞ്ഞ് എത്തിയതാണ്. ചീങ്കണ്ണികൾ എന്താണു കഴിക്കുന്നത് എന്നൊന്നറിയണം. മറുപടി കിട്ടിയാലുടൻ ഞാൻ തിരികെ പൊയ്ക്കൊള്ളാം.''

വളരെ ഭവ്യതയോടെ ആനക്കുഞ്ഞ് ഉണർത്തിച്ചു.

''അതൊരു വലിയ രഹസ്യമാണ്.''

അഹന്ത നിറഞ്ഞ സ്വരത്തിലായിരുന്നു ചീങ്കണ്ണിയാശാന്റെ മറുപടി.

''നീ ഇങ്ങടുത്തു വരൂ! എന്നിട്ടു മുട്ടുമടക്കി എന്നോടു ചേർന്നിരിക്കൂ. അപ്പോൾ നിന്റെ കാതിൽ ഞാനാ രഹസ്യം മന്ത്രിക്കാം.''

ഇത്രയും പറഞ്ഞുകൊണ്ട് ആ കൗശലക്കാരൻ ചീങ്കണ്ണി നദിയുടെ ഓരത്തേക്കു മെല്ലേ ഒഴുകിയെത്തി.

ആനക്കുട്ടി തികച്ചും ശുദ്ധാത്മാവായിരുന്നു. ലോകത്തിന്റെ ചതികളോ വഞ്ചനകളോ ഒന്നുമറിയാത്ത ഒരു നിഷ്കളങ്കൻ. ഇത്രവേഗം തന്റെ സംശയത്തിന് ഉത്തരം കിട്ടുന്നത് അവനെ സന്തുഷ്ടനാക്കി.

മറ്റൊന്നും ചിന്തിക്കാതെ ടുമ്പോ ചീങ്കണ്ണിയുടെ അടുത്തെത്തി. എന്നിട്ട് മുട്ടുകുത്തി വെള്ളത്തിൽ ചടഞ്ഞിരുന്ന് മുഖം താഴ്ത്തി, കാത് ചീങ്കണ്ണിയുടെ അടുത്തേക്കു ചായ്ച്ചുവച്ച് ആകാംക്ഷയോടെ ഇരിപ്പായി.

പെട്ടെന്ന് ചീങ്കണ്ണി ഒറ്റച്ചാട്ടം. എന്നിട്ട് ഈർച്ചവാൾ തലപ്പുപോലെയുള്ള ആ നെടുങ്കൻ വായ തുറന്ന് ആനക്കുട്ടിയുടെ ഉരുണ്ട മൂക്കിന്മേൽ ഒരു കടി. കണ്ണടച്ചു തുറക്കുന്ന വേഗത്തിൽ എല്ലാം കഴിഞ്ഞു. ടുമ്പോ വേദനകൊണ്ടു പുളഞ്ഞു. ''അമ്മാവാ എനിക്കു വേദനിച്ചിട്ടുവയ്യ. എന്നെ വിടൂ.''

ആനക്കുട്ടിയുടെ കണ്ണിൽ നിന്നും കണ്ണുനീർ അടർന്നു പതിച്ചു. ചീങ്കണ്ണി തന്റെ പല്ലുകൾ കൊണ്ടുള്ള പിടി കൂടുതൽ കൂടുതൽ മുറുക്കി. ആ കൂർത്ത ചാട്ടുളിപ്പല്ലുകളിൽനിന്നും രക്ഷപ്പെടാനായി ടുമ്പോ സർവശക്തിയും സംഭരിച്ച് തന്റെ മൂക്ക് പിന്നാക്കം വലിക്കാൻ ശ്രമിച്ചു.


വിചിത്രമെന്നല്ലാതെ എന്തേ പറയേണ്ടൂ, അവൻ വലിക്കുന്തോറും മൂക്ക് നീണ്ടുനീണ്ടു വരുന്നു.

ആനക്കുട്ടിയുടെ പരിഭ്രമം കണ്ട് ചീങ്കണ്ണിക്ക് രസം പിടിച്ചു. അവൻ ആവേശംമൂത്ത് തന്റെ പെരുത്തവാൽ വെള്ളത്തിൽ ചുഴറ്റി നാലുപാടും അലകൾ ചിതറിച്ചു.

മൂക്കു പിന്നാക്കം വലിച്ചു വലിച്ച് ആനക്കുട്ടി തളർന്നു. ചെളിയിൽ വഴുതി ടുമ്പോയുടെ കാലടികളുടെ ബാലൻസും തെറ്റിത്തുടങ്ങി. ഭാഗ്യത്തിന് അപ്പോൾ ഒരു പച്ച വരയൻ പെരുമ്പാമ്പ് നദിയിലൂടെ ഒഴുകിവരുന്നുണ്ടായിരുന്നു.

ഈ ഒച്ചയും ബഹളവുമൊക്കെ കേട്ടപ്പോൾ പെരുമ്പാമ്പ് തന്റെ സഞ്ചാരത്തിന്റെ ഗതിമാറ്റി ആരവം കേട്ടിടത്തേക്കു തിരിഞ്ഞു. അടുത്തു ചെന്നപ്പോൾ അതിനു മനസ്സലിവു തോന്നി. ക്രൂരനും





കണ്ണിൽച്ചോരയില്ലാത്തവനു മാണ് ചീങ്കണ്ണിയാശാൻ. ആനക്കുഞ്ഞാണെങ്കിൽ ദുഷ്ടത തിരിച്ചറിയാൻപോലു മാവാത്ത പരമപാവത്താൻ. അവന് എത്രനേരമിങ്ങനെ പിടിച്ചുനിൽക്കാനാകും.

സ്നേഹവാനും ഹൃദയാ ലുവുമായിരുന്നു നമ്മുടെ പച്ചവരയൻ. ആനക്കുട്ടിയെ എവ്വിധവും രക്ഷിക്കാൻ തന്നെ അവൻ തീരുമാനിച്ചു. ഏറെക്കാലം ഈ ഭൂമിയിൽ ജീവിച്ച് നല്ല ലോകപരിചയം നേടിക്കഴിഞ്ഞ നമ്മുടെ പെരുമ്പാമ്പിന് അധികമൊ ന്നും ആലോചിച്ചുനിൽക്കേ ണ്ടി വന്നില്ല. അവന്റെ ബുദ്ധി യിൽ പെട്ടെന്ന് ഒരാശയം ഉദിച്ചു.

അവൻ തന്റെ തലഭാഗം കൊണ്ട് ഒരു കയറെന്നപോൽ ആനക്കുഞ്ഞിനെ ചുറ്റി വരിഞ്ഞു. അവനു ശ്വാസം മുട്ടാത്തവിധം ശ്രദ്ധിച്ചായി രുന്നു ഈ ചുറ്റിപ്പിടുത്തം. പാമ്പ് തന്റെ വാലറ്റം ഉറ പ്പുള്ള ഒരു പാറയിൽ ബല മായി ചുറ്റിവെച്ചു. എന്നിട്ട് അതീവശക്തിയോടെ ആന ക്കുട്ടിയെ മെല്ലെമെല്ലേ പിന്നോട്ടു വലിച്ചു.

അധികസമയമൊന്നും മിനക്കെടേണ്ടിവന്നില്ല. 'പ്ലോപ്' എന്നൊരു ശബ്ദ ത്തോടെ ടുമ്പോയുടെ മൂക്ക് ചീങ്കണ്ണിയുടെ പിടിയിൽ നിന്നും വിട്ടുപോന്നു. അവൻ പൊത്തോന്ന് കരയിലെ നനഞ്ഞ മണ്ണിലേക്ക് വന്ന ലച്ചു വീണു. ആ വലിയുടെ ഊക്കിൽ ചീങ്കണ്ണിയാശാനും പിന്നാക്കം മലച്ചു. ആ കനത്ത ഉലച്ചിലിൽ നദി യിലെ വെള്ളവും കരയിലെ മരക്കൂട്ടങ്ങളും പ്രകമ്പനം കൊണ്ടു.

ജീവൻ തിരിച്ചുകിട്ടിയ ആശ്വാസത്തിലായിരുന്നു നമ്മുടെ ആനക്കുട്ടി. അവൻ നിറഞ്ഞ മനസ്സോടെ മലമ്പാ മ്പിനു നന്ദി പറഞ്ഞു. സാധു പൈതൽ! അവന്റെ നീണ്ടു പോയ മൂക്ക് വല്ലാതെ ചുവന്നു തുടുത്തിരുന്നു. വേദ നയാണെങ്കിൽ ദുസ്സഹവും. പച്ചവരയൻ കാട്ടുവാഴയുടെ ഇളംകൂമ്പു ചതച്ചരച്ച് ടുമ്പോ യുടെ നീരുവച്ച മൂക്കിൻതുമ്പ ത്തു വെച്ചുകെട്ടി.

തന്റെ മൂക്കിനു സംഭവിച്ച മാറ്റം കണ്ട് ആനക്കുട്ടി അന്തം വിട്ടു. അമ്പമ്പോ, അതിന് എന്തൊരു നീളം! വലിച്ചു വലിച്ച് അതൊരു വല്ലാത്ത പരുവത്തിലായിട്ടുണ്ട്. നദീ ജലത്തിൽ തെളിഞ്ഞുകണ്ട തന്റെ പ്രതിബിംബം അവനെ ശരിക്കും ഹതാശനാക്കി. മൂക്കിൻതുമ്പു തടവിക്കൊണ്ട് കരയുന്ന മനസ്സുമായി അവനാ നനഞ്ഞ മണ്ണിൽ കുത്തിയി രുന്നു. കണ്ണിൽനിന്നും ധാര ധാരയായി മിഴിനീർക്കണ ങ്ങൾ അടർന്നുവീണു.

ആനക്കുട്ടിയുടെ നിരാശ പൂണ്ട ആ ഇരിപ്പുകണ്ട് നമ്മുടെ മലമ്പാമ്പിനു വല്ലാത്ത സങ്കടം തോന്നി.

അവൻ ആനക്കുഞ്ഞിന്റെ അടുത്തിരുന്ന് മൃദുസ്വര ത്തിൽ പറഞ്ഞു.

''ഉണ്ണീ, നിന്റെ ഈ തുമ്പിക്കൈ കൊള്ളാമല്ലോ! നിനക്കിനി ഇതുകൊണ്ട് എന്തൊക്കെ പുതിയ പുതിയ കാര്യങ്ങൾ ചെയ്യാം! നിലത്തും മുകളിലുമുള്ള സകലവസ്തുക്കളും ഈ നീണ്ട തുമ്പി എത്തിച്ച് നിനക്കു ശേഖരിക്കാം. ആറ്റിൽനിന്നും വെള്ളം കോരിയെടുത്ത് ദേഹത്തെല്ലാം ചീറ്റിക്കാം. നീ ജലധാരാ യന്ത്രം കണ്ടിട്ടുണ്ടോ? അതു പോലെ ബഹുരസമായി രിക്കും സംഗതി. ഹോ, എന്തൊക്കെ കൗതുകങ്ങളാ ണെന്നോ ഇനി നിന്നെ കാത്തിരിക്കുന്നത്.''

പാമ്പിന്റെ ഉത്സാഹം നിറഞ്ഞ സംസാരംകേട്ട് ആനക്കുട്ടിക്കും ആവേശ മായി.

''നേരാണോ ഏട്ടൻ പറയുന്നത്?''

അവൻ കണ്ണുകൾ മിഴിച്ച് ആകാംക്ഷയോടെ ചോദിച്ചു.

''ശരിക്കും നേരുതന്നെ എന്റെ ഓമനേ! നിന്റെ ഈ നീണ്ട മൂക്കുകൊണ്ട് പ്രയോ ജനങ്ങൾ നിരവധിയുണ്ട്. മാത്രമല്ല ഇതു കാണാനും നല്ല ശേലുണ്ട്.'' പച്ചവരയൻ ആവേശത്തോടെ തുടർന്നു.

''നീ തിരിച്ചു വീട്ടിലെത്തു മ്പോൾ നോക്കിക്കോ എന്താ ണുണ്ടാവാൻ പോണേന്ന്. മറ്റെല്ലാ ആനകളും ഇതു പോലെ നീണ്ട മൂക്ക് തങ്ങൾ ക്കും വേണമെന്നു പറഞ്ഞ് ശാഠ്യം തുടങ്ങും.''

പെരുമ്പാമ്പിന്റെ പ്രവ ചനം ഫലിച്ചു. ഏതാനും ആഴ്ചകൾക്കകം ലിംപോ പോ നദീതീരത്ത് ആനക ളുടെ ഒരു നീണ്ട നിരതന്നെ കാണപ്പെട്ടു. നദിക്കരയിലെ ഇരുണ്ടുതഴച്ച മരങ്ങൾക്കു ചുവട്ടിൽ അവർ കാത്തു നിന്നു. എന്തിനെന്നോ? ചീങ്കണ്ണിയാശാനെ നേരിൽ കണ്ട് 'എന്താണു ചീങ്കണ്ണി കൾ അത്താഴത്തിനു കഴി ക്കുക' എന്നു ചോദിച്ചറി യാൻ. പിന്നീട് എന്താണു സംഭവിച്ചിട്ടുണ്ടാവുക എന്നു നിങ്ങൾക്ക് ഊഹി ക്കാമല്ലോ!





തളിര് വായനക്കൂട്ടം പത്തനാപുരം സെയിന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ മുൻ എം പി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യുന്നു. തളിര് പ്രൊമോട്ടർ മടന്തക്കോട് രാധാകൃഷ്ണൻ, സ്കൂൾ സെക്രട്ടറി ഫാ. കെ വി പോൾ, സ്കൂൾ മാനേജർ സി ഒ ജോസഫ് റമ്പാൻ, പഞ്ചായത്ത് പ്രസിഡന്റ് നജീബ് മുഹമ്മദ്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ഡോ. പോൾ മണലിൽ, പി റ്റി എ പ്രസിഡന്റ് ജി തുളസീധരൻ നായർ, ഹെഡ്മാസ്റ്റർ പി പി ജോൺസൺ മാസ്റ്റർ, അലക്സ് ഡാനിയേൽ തുടങ്ങിയവർ സമീപം.

# പഴയ കാലത്തിന്റെ ഓണപ്പാട്ടുകൾ

കറ്റക്കറ്റക്കയറിട്ടു
കയറാലഞ്ചു മടക്കിട്ടു
നെറ്റിപ്പട്ടം പൊട്ടിട്ടു
കൂടേ ഞാനും പൂവിട്ടു
പൂവേ പൊലി പൂവേ പൊലി
പൂവേ പൊലി പൂവേ
പൂവേ പൊലി പൂവേ പൊലി
പൂവേ പൊലി പൂവേ .......

## 2

തുമ്പേലരിമ്പേലൊരീരമ്പൻ തുമ്പ
തുമ്പ കൊണ്ടമ്പതു തോണി ചമച്ചു
തോണിത്തലയ്ക്കലൊരാലു മുളച്ചു
പൂവേ പൊലി പൂവേ പൊലി പൂവേ.......
ചന്തത്തിൽ മുറ്റം ചെത്തിപ്പറിച്ചീല
എന്തെന്റെ മാവേലി ഓണം വന്നൂ
ചന്തയ്ക്കുപോയീല നേന്ത്രക്കാ വാങ്ങീല
എന്തെന്റെ മാവേലി ഓണം വന്നൂ
പന്തുകളിച്ചീല പന്തലുമിട്ടീല
എന്തെന്റെ മാവേലി ഓണം വന്നൂ
അമ്മാവൻ വന്നീല, സമ്മാനം തന്നീല
എന്തെന്റെ മാവേലി ഓണം വന്നൂ
അച്ഛനും വന്നീല, സമ്മാനം തന്നീല
എന്തെന്റെ മാവേലി ഓണം വന്നൂ
നെല്ലു പുഴുങ്ങീല, തെല്ലുമുണങ്ങീല
എന്തെന്റെ മാവേലി ഓണം വന്നൂ
പിള്ളേരും വന്നീല, പാഠം നിറുത്തീല
എന്തെന്റെ മാവേലി ഓണം വന്നൂ
തട്ടാനും വന്നീല, താലിയും തീർത്തീല
എന്തെന്റെ മാവേലി ഓണം വന്നൂ
നങ്ങേലിപ്പെണ്ണിന്റെ അങ്ങേരും വന്നീല
എന്തെന്റെ മാവേലി ഓണം വന്നൂ.......

## 3

പൂവായ പൂവെല്ലാം പിള്ളേരറത്തു
പൂവാങ്കുറുന്തില ഞാനുമറുത്തു
പിള്ളേരടെ പൂവെല്ലാം കത്തിക്കരിഞ്ഞു
എന്നുടെ പൂവെല്ലാം മിന്നിത്തെളിഞ്ഞു
പൂവേ പൊലി പൂവേ പൊലി.....



വര: വിഷ്ണു പി എസ്

# നിലംതൊടാമണ്ണ്

ഇന്ദിരാ അശോക്

ഓണക്കൂമ്പുകൾ എന്നുവിളിക്കുന്ന ചെറിയ മൺകൂനകളിൽ കയറി പിന്നാലെ ഓടിയും, വിരലൂന്നിനിന്ന് തൊട്ടുനോക്കാൻ ശ്രമിച്ചുമായിരുന്നു വെയിലിന്റെ അതിഥികളായെത്തുന്ന ആ പലവർണത്തുമ്പികളെ കുട്ടികളായ ഞങ്ങൾ സ്വീകരിച്ചിരുന്നത്. വെളിച്ചം അരിച്ചിറങ്ങാൻ പറ്റുന്ന തരത്തിലുള്ള ചിറകുകളിൽ മഞ്ഞ, കറുപ്പ്, നീല നിറങ്ങളുടെ പ്രത്യേകസങ്കരമുണ്ടായിരുന്നു. ഈ തുമ്പിച്ചിറകുകൾ, ഒരില, അതിന്റെ മുഴുവൻ പച്ചയും മണ്ണിനു കൊടുത്തശേഷം കാണപ്പെടുന്ന അരിപ്പപോലെയിരുന്നു. അതിലായിരുന്നു മേൽപ്പറഞ്ഞ നിറങ്ങൾ വരച്ചുചേർത്ത്, അവ എന്റെ മുറ്റത്തും ഭൂമിമലയാളത്തിലെ എല്ലാ വെളിപ്പറമ്പുകളിലും



വര: അരുണ ആലഞ്ചേരി

തുള്ളിക്കളിക്കാൻ വന്നിരുന്നത്. തീരെച്ചെറിയ കളിവിമാനങ്ങൾപോലെ, കാറ്റിന്റെ ഭാരമില്ലായ്മയിൽ അവർ കൊണ്ടുവന്നത് തെളിഞ്ഞ ഉത്സവകാലങ്ങളായിരുന്നു. വായുവിൽ കൂപ്പുകുത്തുന്നതായി ഭാവിച്ചും ഇടയ്ക്കു നിശ്ചലരായിനിന്നും ഇവർ തങ്ങളുടെ വൈഭവം പ്രകടിപ്പിച്ചു.

നീണ്ടു മെലിഞ്ഞ മറ്റു ചിലരുണ്ട്. മനോഹരമായ മഞ്ഞ, പച്ച, മഴവിൽനീല തുടങ്ങിയ ഉടുപ്പുള്ളവർ. കുളിയിടങ്ങളായ ജലപ്പരപ്പിന്റെ മീതെ ഉയർന്നു നിൽക്കുന്ന ഇലയിലോ തണ്ടിലോ വന്നിരുന്നു മോഹിപ്പിച്ച്, മുത്തുപോലുള്ള കണ്ണുകൾ ഉരുട്ടി, ചുറ്റും കണ്ടുകഴിയുമ്പോൾ പറന്നുപോകുന്നവർ. ആ അപൂർവനിറങ്ങളുടെ ഭംഗി കാണാൻ കുളിനേരം നീട്ടിനീട്ടിക്കൊണ്ടുപോയിരുന്നു.

ഇനിയുമൊരു കൂട്ടർ, ഒരു നന്ത്യാർവട്ടത്തിന്റെ അത്ര ഉയരത്തിൽ വായുവിലൂടെ തത്തിരി തിത്തിരി തത്തിരി തിത്തിരി എന്ന് ഇതളുകൾ പറക്കുംപോലെ കടന്നുപോയി. അവയുടെ അതിശയിപ്പിക്കുന്ന താളം ആദ്യത്തെ രണ്ടുകൂട്ടരിൽനിന്നും വ്യത്യസ്തമായിരുന്നു. പട്ടുടുപ്പുകളായിരുന്നു അവർ ഇട്ടിരുന്നത്. തൊട്ടാൽ പൊടിയുന്നത്ര നേർത്തത്. അതുകൊണ്ട് തൊട്ടുനോക്കാൻ ധൈര്യപ്പെടാതെ അവയുടെ ദ്രുതചലനം കണ്ടു മതിമറന്നതേയുള്ളൂ.

പറമ്പിലെ വീണുകിടക്കുന്ന ഇലകൾക്കിടയിൽ എത്ര സൂക്ഷ്മജീവിതങ്ങളാണ് പുലരുന്നത്. അവിടെ, ചെറിയ പുൽച്ചാടിയും വലിയ വിട്ടിലും തങ്ങളുടെ കുതിച്ചുചാട്ടംകൊണ്ട് പരസ്പരം മത്സരിക്കുന്നുണ്ടായിരുന്നു. പിന്നെ, പതുപതുത്ത ശരീരമുള്ള ചീവീട് എന്ന പാട്ടുകാർ കൂട്ടമായിവന്ന് താണ സ്ഥായിയിൽ തുടങ്ങി ഉയർന്ന്, പൊടുന്നനെ ഊർന്നിറങ്ങുന്ന മാന്ത്രികം മീട്ടി.

കുളത്തിൽ നിറയെ വെള്ളിയുരുക്കുന്ന പരൽമീനുകൾ മിന്നിത്താഴുന്നുണ്ടായിരുന്നു. വെണ്ണപ്പായലു പുതച്ച് മത്സ്യകന്യകമാരായി വേഷംമാറിയ തവളക്കുട്ടന്മാരെക്കണ്ട് ഞാൻ ചിരിച്ചു കുഴഞ്ഞു. കാരണവൻമാരായ വരാലുകൾ മന്ദഗതിയിൽ അടിത്തട്ടിൽ തുഴഞ്ഞുനടക്കുമ്പോൾ, അവയ്ക്കിടയിലൂടെ ആഴമാപിനികളായി നിൽക്കുന്ന ആമ്പൽത്തണ്ടുകളിലുരുമ്മി ഓരോ കുളിയും അക്കരെയിക്കരെ നീന്തുന്ന ജലോത്സവമായി ആഘോഷിച്ചു.

കരയിൽ, കറമ്പിയും പാർവതിയും രമണിയും താടയാട്ടി തളിരിലകൾ ചവച്ചുകൊണ്ട് പറമ്പിന്റെ അതിരുകളിൽ നിൽക്കുന്നുണ്ടായിരുന്നു. അവരുടെ ഓമനക്കിടാങ്ങളെ ആരും കാണാതെ ഭൂമീദേവി വന്നു കണ്ണെഴുതിക്കുമത്രേ. സന്ധ്യയുടെ ഇരുട്ടിൽ വിളക്കുകത്തിച്ചു വച്ച് കാടനൂട്ട് കഴിഞ്ഞ ആ പശുക്കുട്ടികൾ ഉറയ്ക്കാത്ത കാലടികൾ വച്ച് തിമിർക്കുകയാണ് എന്റെ കളിമുറ്റത്ത്.

രാവിലെ ചീരയിലും വെണ്ടയിലും വെള്ളം കുടഞ്ഞ് മുഖം കഴുകിച്ച്, വല്യച്ഛൻ അവയുടെ ഉറക്കം മാറ്റി. ഓരോ വിളിയിലും ഒരു മെലിഞ്ഞരൂപം കാര്യക്കാരിയായ വീട്ടമ്മയായി, കാലുകൾ പറക്കാൻ ഉപയോഗിച്ചു പാഞ്ഞു. കുരങ്ങിന് മനുഷ്യജന്മം കിട്ടിയതുപോലെ ഇവർക്കിടയിലൂടെ ഓടിനടന്നു ഞാൻ കാറ്റിനു കൊടിപിടിച്ചു.

മനസ്സിൽ, ഈ മണ്ണിലൂടെ ഞാൻ ഇപ്പോഴും നടക്കുകയാണ്. തുമ്പിയെയും മുക്കുറ്റിയെയും കുണുക്കിട്ടാട്ടിയും ദൂരെനിന്നു തിരിച്ചറിയുന്നു. ഇലഞ്ഞിമരം ചാഞ്ഞുനിൽക്കുന്ന കുളത്തിൽ ജലജീവികളുടെ പുളപ്പ്. അതിന്റെ ഈറടിയിലെ മാളങ്ങളിൽ ഇപ്പോൾ ആരാണ് പാർക്കുന്നത്. പൊന്മയോ പാമ്പോ? അതിന്റെ കരയിൽ ഒരിക്കൽ ഒരു കാവുണ്ടായിരുന്നു. അതിലെ ചെറിയ ചെറിയ കാടുകൾ, വേരുകൾ പിണഞ്ഞ മരങ്ങൾ, ചിത്രകൂടം, മഠം ഇവയൊക്കെ ഒരു കൺകെട്ടുവിദ്യകൊണ്ടെന്നപോലെ വായുവിൽ നിന്ന് പുനഃസൃഷ്ടിക്കുമ്പോൾ, ജീവിച്ചു മറഞ്ഞവർ നിഴലായി വന്നു ദീപം കൊളുത്തുന്നുണ്ടാകും അവിടെ. പണ്ടത്തെപ്പോലെ, അവർ മണ്ണിനടിയിൽ നിന്നും മരത്തിൽ നിന്നും പകർന്നുപോയ ജീവനും ശബ്ദവും സമാഹരിച്ച് സംസാരിച്ചിരിക്കുന്നുണ്ടാകും സന്ധ്യയിൽ, രാത്രിയിൽ...

**ഇനിയുമൊരു കൂട്ടർ, ഒരു നന്ത്യാർവട്ടത്തിന്റെ അത്ര ഉയരത്തിൽ വായുവിലൂടെ തത്തിരി തിത്തിരി തത്തിരി തിത്തിരി എന്ന് ഇതളുകൾ പറക്കുംപോലെ കടന്നുപോയി. അവയുടെ അതിശയിപ്പിക്കുന്ന താളം ആദ്യ രണ്ടുകൂട്ടരിൽനിന്നും വ്യത്യസ്തമായിരുന്നു.**

# മാവേലിപ്പൂക്കൾ

എസ് രമേശൻനായർ

*(ദൂരെ പാടവരമ്പിലൂടെ ഉടുക്കുകൊട്ടി ഉറക്കെപ്പാടി ഉത്സാഹത്തോടെ നടന്നുനീങ്ങുന്ന ഒരു പാണൻ.)*

പൂവുകൾക്കോണം പിറന്നുവല്ലോ
പൂക്കളമെങ്ങും നിരന്നുവല്ലോ
ഇല്ലായ്മയെല്ലാമൊഴിഞ്ഞുവല്ലോ
വല്ലികൾ പൂത്തുകുനിഞ്ഞുവല്ലോ.
മാവേലിനാടിനു നൂറുവർണം
മായമില്ലാത്ത മനസ്സു സ്വർണം.
വേലിപ്പടിയിലും ചെമ്പരത്തി
വേലന്റെ മുറ്റത്തും പൊന്നരളി
മുട്ടോളം വെള്ളത്തിൽ നിന്നുകൊണ്ടേ
മുങ്ങിക്കുളിക്കുന്നു താമരപ്പൂ.
മേൽമുണ്ടഴിച്ചുപിഴിഞ്ഞു തോർത്തി
മേലോട്ടു നോക്കുന്നു നെയ്തലാമ്പൽ.

ഇങ്ങനെയങ്ങു പറഞ്ഞുതീരാൻ
പൊന്നോണപ്പത്തും തികയുകില്ലാ
മാവേലിമന്നനും വന്നുപോകും
മാടത്തിൽ പൂങ്കുയിൽ പാട്ടുപാടും
രാമായണം പാടി കർക്കിടകം
തേനാക്കി തത്തകൾ കൂട്ടിനെത്തും
നൂറുകിളികളും പൂവുകളും
ഓരോ വിശേഷം പറഞ്ഞുകൂടും
ഓണത്തിരക്കിനു പായ്‌വിരിക്കാൻ
ഓണവെയിൽ മുറ്റത്തോടിയെത്തും.
തേന്മാവിൽ പ്ലാവിൽ പൊന്നോണരാവിൽ
പൂനിലാവൂഞ്ഞാലിട്ടാടിയെത്തും
അല്ലലറിയാത്തൊരോണക്കാലം
ഉല്ലാസപ്പൂക്കാലമോണക്കാലം.
എല്ലാരുമൊന്നുപോലൊന്നുപോലെ
നല്ലതു കണ്ടറിയുന്ന കാലം!
വന്നുപോയ് വന്നുപോയ് ഓണക്കാലം
എങ്ങും മുഴങ്ങുന്നുണ്ടോണമേളം
മാവേലിത്തമ്പുരാൻ തന്നെയിന്നും
മാമലനാട്ടിന്റെ പൊന്നുടയോൻ
ഒറ്റനാൾ മാത്രം ഭരിക്കുകിലും
പത്തുനാളുത്സാഹം ബാക്കിയില്ലേ?

*(കൈകോർത്ത് വട്ടംചുറ്റി, കുളിച്ച് കുറിതൊട്ട് ഓണക്കോടിയുടുത്തുനിൽക്കുന്ന കുട്ടികൾ. അവരുടെ ഉല്ലാസനൃത്തം. ഓരോരുത്തരും ഓരോ പൂവായി സ്വയം സങ്കല്പിക്കുന്നു. കുട്ടിപ്പൂക്കളുടെ നൃത്തവലയത്തിനു മധ്യേ എല്ലാം കണ്ട് തിരുവുള്ളം തെളിഞ്ഞ് ചിരി തൂകി നിൽക്കുന്ന മഹാബലി)*

മുറ്റത്തെ കുളിർമഞ്ഞിൽ നീരാടുന്നൊരു
മുക്കുറ്റിപ്പൂവു ഞാൻ മാവേലി.
വയനാടൻ മഞ്ഞൾക്കുറിയിട്ട ഞങ്ങടെ
വഴിയൂടെ വന്നാലും തിരുമേനീ.

തുമ്പപ്പൂ ഞാൻ വിളിക്കുന്നൂ, പൂ-
ത്തുമ്പികൾ പാറിക്കളിക്കുന്നൂ
കളികാണാൻ വന്നാട്ടേ മാവേലീ, നല്ല
കവിതയും പാട്ടും നുകർന്നാട്ടേ.

ചെമ്മാനംപോൽ തുടുത്തു ചെമന്നൊരു
ചെമ്പരത്തിപ്പൂവല്ലോ ഞാൻ.
അങ്ങെഴുന്നള്ളും വഴിയുടെ നെറ്റിക്കു
സിന്ദൂരം ചാർത്തിത്തരുന്നൂ ഞാൻ.

പരിമളച്ചെപ്പു മനസ്സിൽ തുറക്കുന്ന
പനിനീർപ്പൂവു ഞാൻ തിരുമേനീ.
പുളകം കൊള്ളുമാ മാറിലണച്ചെന്നെ
പുൽകിത്തലോടണേ മാവേലീ.

ചെല്ലനിലാവു ചൊരിഞ്ഞു ചിരിക്കും
മുല്ലപ്പൂവു ഞാൻ മുത്തച്ഛാ.



വര: അരുണ ആലഞ്ചേരി

തെല്ലും തിന്മയെഴാതെ ചിരിക്കും
തെച്ചിപ്പൂവു ഞാൻ തിരുമേനീ.

കോളാമ്പിപ്പൂ കദളിപ്പൂ ഞാൻ
ചിറ്റാടപ്പൂ തുളസിപ്പൂ
കൈതപ്പൂ ഞാൻ, കിങ്ങിണിപ്പൂ ഞാൻ
ചെട്ടിപ്പൂ ഞാൻ, ചേമന്തി.

ശങ്കകളില്ലാതെ മുത്തച്ഛാ, നീല-
ശംഖുപുഷ്പം ഞാൻ കൂപ്പുന്നൂ
തങ്കംപോലെ തിളങ്ങും കൈവിരൽ-
ത്തുമ്പാലനുഗ്രഹം തന്നാട്ടേ.

**മഹാബലി:**

വന്നാട്ടേ പുന്നാരമക്കളേ നിങ്ങളെൻ
വല്ലായ്മയെല്ലാം തീർത്താട്ടേ.
നിങ്ങളെക്കണ്ടു മനം നിറയാനല്ലോ
വന്നൂ ഞാനീ മലനാട്ടിൽ!
നിങ്ങളെക്കണ്ടിട്ടു കൺനിറയാനല്ലോ
വന്നൂ ഞാനെന്റെയീ നാട്ടിൽ.
നിങ്ങളെൻ ചുറ്റും നിരക്കുമ്പോഴുള്ള
പുണ്യം തന്നെയെനിക്കു സ്വർഗം!

*(വീണ്ടും കാഴ്ചകളുടെ വഴിത്താരയിലൂടെ, പാണൻ)*

തുമ്പക്കുടങ്ങൾക്കും തുമ്പിക്കുമോണം
തുള്ളിക്കളിക്കുന്ന കാറ്റിനുമോണം
പൂവാലിപ്പയ്യിനും കന്നിനുമോണം
പുള്ളിക്കുയിലിനും മയിലിനുമോണം.
മാവിനും പൂവിനും പൂത്തിരുവോണം
മാവേലിനാട്ടിലെ പുലരികൾക്കോണം.
ഉല്ലസിച്ചാടുന്നൊരൂഞ്ഞാലിനോണം
പുല്ലാങ്കുഴലിനും വീണയ്ക്കുമോണം.
പാലിനും തേനിനും പഞ്ചാരയോണം
പാടിപ്പതയും പുഴകൾക്കുമോണം
ഓട്ടുവിളക്കിനുമുരുളിക്കുമോണം
ഓണപ്പുടവയ്ക്കുനാണത്തിലോണം
എല്ലാർക്കുമെല്ലാർക്കുമിന്നുപൊന്നോണം
എന്നും മലനാട്ടിലുത്സവമേളം!
എന്നും മലനാട്ടിലുത്സവമേളം!

# പന്ത്രണ്ടു വേട്ടക്കാർ

**ജോൺ സാമുവൽ**

വളരെ പണ്ടാണ്. ഒരിടത്തൊരു രാജ്യത്തെ രാജകുമാരനു നാട്ടിലെ സുന്ദരിയായ ഒരു പെൺകുട്ടിയോട് അടങ്ങാത്ത പ്രണയം. രാജാവിനെ സമ്മതിപ്പിച്ച് വിവാഹം ചെയ്യുമെന്ന് തീരുമാനിച്ചിരിക്കുകയായിരുന്നു. അപ്പോഴാണ് രാജാവിന്റെ ദൂതൻ കൊട്ടാരം വിട്ട് അകലെ താമസിക്കുകയായിരുന്ന രാജകുമാരന്റെ അടുത്തെത്തുന്നത്. രാജാവ് അത്യാസന്നനിലയിലാണെന്നും രാജകുമാരനെ അവസാനമായൊന്നു കാണണമെന്ന് രാജാവ് ആഗ്രഹിക്കുന്നുണ്ടെന്നും അയാൾ കുമാരനെ അറിയിച്ചു. തന്റെ രത്നമോതിരമൂരി പെൺകുട്ടിയുടെ വിരലിൽ അണിയിച്ചുകൊണ്ട് രാജകുമാരൻ പറഞ്ഞു.

''മഹാരാജാവിന്റെ അവസാനത്തെ ആഗ്രഹമാണ്. എനിക്കു പോകാതിരിക്കാനാവില്ല. ഞാൻ മടങ്ങിയെത്തുന്നതുവരെ എന്റെ ഓർമയ്ക്കായി ഇതണിഞ്ഞുകൊള്ളുക. ഒരുപക്ഷേ രാജാവായിട്ടാകും ഞാനിനി മടങ്ങിയെത്തുക. അന്നുതന്നെ നീ എന്റെ പട്ടമഹിഷി ആകും.''

രാജകുമാരൻ കൊട്ടാരത്തിലെത്തി. മഹാരാജാവ് അതീവ ഗുരുതരാവസ്ഥയിൽ ആയിരുന്നു. മരണക്കിടക്കയിൽവച്ച് അയൽരാജ്യത്തെ രാജകുമാരിയെ വിവാഹം ചെയ്യണമെന്ന് രാജാവ് കുമാരനോട് ആവശ്യപ്പെട്ടു. പിന്നെ അധികം വൈകിയില്ല, രാജാവ് ഇഹലോകവാസം വെടിഞ്ഞു.

രാജകുമാരൻ വിഷമസന്ധിയിലായി. പിതാവിന്റെ അന്ത്യാഭിലാഷം നിറവേറ്റേണ്ടത് മകന്റെ കടമയാണെന്ന് അറിയാവുന്ന രാജകുമാരൻ ദുഃഖാചരണത്തിനു ശേഷം രാജാവായി സ്ഥാനമേൽക്കുകയും മനസ്സില്ലാമനസ്സോടെ അയൽരാജ്യത്തെ രാജകുമാരിയുമായുള്ള വിവാഹം ഉറപ്പിക്കുകയും ചെയ്തു.

പാവം പെൺകുട്ടി. എല്ലാം നടന്നുകഴിഞ്ഞാണ് സംഭവമറിയുന്നത്. വിരലിൽ അണിഞ്ഞ മോതിരവും നോക്കി ദുഃഖിതയായിരിക്കുന്ന പെൺകുട്ടിയെ അവളുടെ അച്ഛൻ സമാശ്വസിപ്പിച്ചു.

''നീ വിഷമിക്കേണ്ട ഒരു കാര്യവുമില്ല. നിനക്ക് ശരിക്കും ആഗ്രഹമുണ്ടെങ്കിൽ രാജകുമാരനെ അത്ര കണ്ടു സ്നേഹിക്കുന്നുവെങ്കിൽ അതു നടക്കുക തന്നെ ചെയ്യും.''



വര: അരുണ ആലഞ്ചേരി

അച്ഛന്റെ വാക്കുകൾ പെൺകുട്ടിയെ സന്തോഷിപ്പിച്ചു. അതവൾക്ക് ആത്മ ധൈര്യം നൽകി.

അവൾ പറഞ്ഞു, ''എന്റെയത്ര ഉയരവും വണ്ണവും രൂപസാദൃശ്യവുമുള്ള പതിനൊന്നു പെൺകുട്ടികളെ കണ്ടെത്തി അച്ഛൻ എന്നോടൊപ്പം ആ രാജ്യത്തേക്കയയ്ക്കണം. എന്റെ ആഗ്രഹം നടത്തിയിട്ടേ ഞാൻ മടങ്ങൂ.''

അച്ഛൻ അവളുടെ രൂപസാദൃശ്യമുള്ള പതിനൊന്നു പെൺകുട്ടികളെ ഏറെ ബുദ്ധിമുട്ടി കണ്ടെത്തി മകളുടെ അടുത്തെത്തിച്ചു. രാജാവിന്റെ നായാട്ടുസംഘത്തിലെ വേട്ടക്കാർ അണിയുന്ന വേഷങ്ങളും ആയുധങ്ങളുമേന്തി പന്ത്രണ്ടാമത്തെ വേട്ടക്കാരനായി പെൺകുട്ടിയും രാജസവിധത്തിലെത്തി.

ഒരുകാലത്ത് തന്റെ പ്രിയപ്പെട്ടവനായിരുന്ന മഹാരാജാവിനെ കണ്ടപ്പോൾ അവളുടെ ഹൃദയമിടിച്ചു. രാജാവിനെ മുഖം കാണിച്ചുകൊണ്ട് പുരുഷശബ്ദത്തിൽ അവൾ പറഞ്ഞു.

''ഞങ്ങൾ പന്ത്രണ്ടു പേരുണ്ട്. എല്ലാവരും വേട്ടയിൽ വൈദഗ്ധ്യം നേടിയവരാണ്. അങ്ങയുടെ നായാട്ടു സംഘത്തിൽ അംഗങ്ങളാകാൻ ഞങ്ങളാഗ്രഹിക്കുന്നു.''

നായാട്ടിൽ ഏറെ താത്പര്യമുണ്ടായിരുന്ന രാജാവ് ഓരോരുത്തരെയും മാറിമാറി നോക്കി. അരോഗദൃഢഗാത്രരായി ഒരുപോലെയിരിക്കുന്ന പന്ത്രണ്ടുപേർ. സഹോദരങ്ങളെപ്പോലെ. നായാട്ടുവേഷവും ഗംഭീരം. പന്ത്രണ്ടുപേരെയും നായാട്ടുസംഘത്തിൽ നിയമിച്ചുകൊണ്ട് രാജാവ് അപ്പോൾ തന്നെ ഉത്തരവു നൽകി.

രാജാവിന് വിശ്വസ്തരായ രണ്ടു സേവകർ ഉണ്ടായിരുന്നു. ഒന്നാമൻ രാജാവിന്റെ വ്യക്തിപരമായ കാര്യങ്ങൾ നോക്കുന്നയാൾ. രണ്ടാമൻ കൊട്ടാരത്തിന്റെ നടത്തിപ്പുകാരനും. ഏതു കാര്യവും മണത്തറിയാൻ പ്രത്യേക കഴിവുതന്നെയുണ്ടായിരുന്നു ഒന്നാമന്. വേട്ടക്കാരായ പന്ത്രണ്ടുപേരെയും കണ്ടപ്പോൾമുതൽ അവർ പുരുഷന്മാരല്ലെന്നൊരു തോന്നൽ ഒന്നാമനുണ്ടായി. തന്റെ അഭിപ്രായം അയാൾ രാജാവിനോടു പറയുകയും ചെയ്തു. രാജാവു ചോദിച്ചു.

''അതു തെളിയിക്കാനെന്താ മാർഗം?''

ഉപായത്തിന്റെ കാര്യത്തിലും ഒന്നാമൻ ഒന്നാമതു തന്നെയായിരുന്നു. രാജസന്നിധിയിലേക്കു പന്ത്രണ്ടു പേരെയും ഒരുമിച്ചു വിളിപ്പിക്കണം. സിംഹാസനത്തിനു മുന്നിലായി അവരറിയാതെ കുറെ മുത്തുമണികൾ വിതറിയിടണം. നിയന്ത്രണം നഷ്ടമാകാതെ അവയ്ക്കു മുകളിലൂടെ നടന്നുനീങ്ങുവാൻ ആണുങ്ങൾക്കേ കഴിയൂ. പെണ്ണുങ്ങളാണെങ്കിൽ ചുവടുതെറ്റി താഴെ വീഴും.

രാജാവിന്റെ വിശ്വസ്തനായ രണ്ടാമൻ ഇക്കാര്യം അറിഞ്ഞു. ആദ്യം മുതൽക്കേ വേട്ടക്കാരുമായി സൗഹൃദത്തിലായിരുന്ന അയാൾ തക്കസമയത്തു പരീക്ഷണത്തിന്റെ കാര്യം അവരെ അറിയിക്കുകയും സൂക്ഷ്മതയോടെ മുത്തുമണികൾക്കു മേൽ ഓരോ ചുവടും ഉറപ്പിച്ചുവേണം രാജസിംഹാസനത്തിനു മുന്നിലേക്കു നടക്കേണ്ടതെന്ന് നിർദേശിക്കുകയും ചെയ്തു. ഒരാൾക്കും ചുവടു തെറ്റിയതുമില്ല.

ആദ്യപരീക്ഷണം പരാജയപ്പെട്ടതോടെ ഒന്നാമനോട് രാജാവിനു നീരസം തോന്നി. തന്റെ നിർദേശം എങ്ങനെയോ ചോർന്നുപോയതാണ് അതിനു കാരണമെന്നും ഒരു പരീക്ഷണംകൂടി നടത്തണമെന്നും ഒന്നാമൻ രാജാവിനോട് അപേക്ഷിച്ചു. രാജാവ് ചോദിച്ചു.

''എന്താണു പുതിയ പരീക്ഷണം?''

''ചിത്രപ്പണികളോടു കൂടിയ വിലയേറിയ പട്ടുവസ്ത്രങ്ങൾ ദർബാറിന്റെ വശങ്ങളിൽ തൂക്കിയിടണം. ആണുങ്ങളാണെങ്കിൽ അതു ശ്രദ്ധിക്കുകയേയില്ല. പെണ്ണുങ്ങളാണെങ്കിൽ അതിന്റെ ഭംഗിയിൽ സ്വയം മറന്നു നിന്നുപോകും...''


**മഹാരാജാവിന്റെ അവസാനത്തെ ആഗ്രഹമാണ്. എനിക്കു പോകാതിരിക്കാനാവില്ല. ഞാൻ മടങ്ങിയെത്തുന്നതുവരെ എന്റെ ഓർമയ്ക്കായി ഇതണിഞ്ഞുകൊള്ളുക. ഒരുപക്ഷേ രാജാവായിട്ടാകും ഞാനിനി മടങ്ങിയെത്തുക. അന്നുതന്നെ നീ എന്റെ പട്ടമഹിഷി ആകും.**

പുതിയ പരീക്ഷണത്തിന്റെ കാര്യവും രണ്ടാമൻ യഥാസമയം വേട്ടക്കാരുടെ സംഘത്തെ അറിയിച്ചു. പന്ത്രണ്ടുപേരും രാജസന്നിധിയിലേക്ക് ആനയിക്കപ്പെട്ടു. ഒരാൾപോലും പട്ടുവസ്ത്രങ്ങളിൽ നോക്കുകയോ സ്വയംമറന്നു നിന്നുപോവുകയോ ഉണ്ടായില്ല. അവർ സിംഹാസനത്തിനു നേരെ ചെന്നു രാജാവിനെ വണങ്ങി.

രണ്ടാം പരീക്ഷണവും

പരാജയപ്പെട്ടത് രാജാവിനെ ക്ഷുഭിതനാക്കി. ഒന്നാമനെ കൊട്ടാരത്തിൽ നിന്നുതന്നെ പുറത്താക്കാനായിരുന്നു രാജാവിന്റെ തീരുമാനം.

അങ്ങനെയിരിക്കെ ഒരു നാൾ രാജാവ് പന്ത്രണ്ടുപേരുമായി നായാട്ടിനു പുറപ്പെട്ടു. കാട്ടിനുള്ളിൽ നായാട്ടിൽ ഏർപ്പെട്ടിരിക്കേ കൊട്ടാരത്തിൽ നിന്നൊരു ദൂതൻ തിടുക്കപ്പെട്ട് രാജാവിനെ മുഖം കാണിക്കാനെത്തി. വിവാഹനിശ്ചയം നടന്നു കഴിഞ്ഞ അയൽരാജ്യത്തെ രാജകുമാരി കൊട്ടാരസന്ദർശനത്തിനായി പരിവാര സമേതം എത്തുന്നുവെന്ന സന്ദേശം ദൂതൻ രാജാവിനു കൈമാറി.



നായാട്ട് അവസാനിപ്പിച്ചു മടങ്ങുവാൻ രാജാവു നിർബന്ധിതനായി. അതിന്റെ കാരണമറിഞ്ഞ നായാട്ടുസംഘത്തിലെ പന്ത്രണ്ടാമൻ ബോധരഹിതനായി വീഴുന്നത് രാജാവിന്റെ ശ്രദ്ധയിൽപ്പെട്ടു. അയാളെ സഹായിക്കുവാൻ രാജാവ് ഓടിയെത്തി. കൈയിൽ പിടിച്ചെഴുന്നേൽപ്പിക്കാൻ ശ്രമിക്കവേ അയാളുടെ കൈയുറ ഇളകിമാറി.

രാജാവ് സ്തബ്ധനായി നിന്നുപോയി. ഒരു പെൺകുട്ടിയുടെ മൃദുലമായ കൈത്തടവും പേലവമായ കൈവിരലുകളും. മോതിരവിരലിൽ ഒരു രത്നമോതിരം. തന്റെ കണ്ണുകളെ വിശ്വസിക്കാനാവാതെ രാജാവ് പകച്ചു നിന്നു.

തന്റെ മോതിരം. തന്റെ കൈകൊണ്ടുതന്നെ അതണിയിച്ച ആ മോതിരവിരൽ. വേട്ടക്കാരന്റെ തലപ്പാവ് മാറ്റുമ്പോൾ അതാ സുന്ദരിയായ തന്റെ പെൺകുട്ടി. രാജകുമാരിയായി സ്വീകരിക്കുവാൻ താൻ കൊതിച്ച പെണ്ണ്.

പെൺകുട്ടി ഭയപ്പാടോടെ രാജാവിനെ വണങ്ങി. തന്റെ അവിവേകം പൊറുക്കണമെന്ന അഭ്യർഥനപോലെ തോന്നി രാജാവിനത്. പെൺകുട്ടിയെ ഇത്രയും നാൾ അവഗണിച്ചതിലുള്ള മനസ്താപത്തോടെ രാജാവ് അവളുടെ കരംഗ്രഹിച്ച് ആലിംഗനം ചെയ്തുകൊണ്ട് പറഞ്ഞു.

''മനഃപൂർവമല്ലെങ്കിലും എന്റെ അഹങ്കാരം പൊറുക്കണം. ഇനി ഞാൻ നിന്റെയാണ്. നീ എന്റേതും.'' ലോകത്ത് ഒരു ശക്തിക്കും ഇനി നമ്മെ അകറ്റാനാവില്ല.

നിയുക്തരാജകുമാരിയുടെ വരവ് റദ്ദാക്കാൻ ദൂതൻവശമുള്ള അറിയിപ്പ് അയൽരാജ്യത്തേക്ക് അയച്ചുകൊണ്ട് പെൺകുട്ടിയും മറ്റു പതിനൊന്നു വേട്ടക്കാരുമായി രാജാവ് കൊട്ടാരത്തിൽ മടങ്ങിയെത്തി. വേട്ടക്കാരുടെ യഥാർഥമുഖം കണ്ട രാജാവ് കൗശലക്കാരികളായ പതിനൊന്നുപേരെയും ശിക്ഷിക്കാനല്ല തീരുമാനിച്ചത്. പെൺകുട്ടിയുമായുള്ള വിവാഹം അതിഗംഭീരമായി കൊണ്ടാടുവാൻ തീരുമാനിച്ച രാജാവ് പതിനൊന്നു പേരെയും അന്തഃപുരത്തിൽ പുതിയ രാജകുമാരിയുടെ തോഴിമാരായി നിയമിച്ചു.

വിവാഹം ഗംഭീരമായി കൊണ്ടാടപ്പെട്ടു. രാജാവും പെൺകുട്ടിയും പിന്നീട് ദീർഘകാലം കൊട്ടാരത്തിൽ സസന്തോഷം ജീവിച്ചു. മരിച്ചിട്ടില്ലെങ്കിൽ അവർ ഇപ്പോഴും ആ രാജ്യത്തെ രാജാവും രാജ്ഞിയുമായി തുടരുകയാവും!

# അരുതരുതേ


ഗിരീഷ് പുലിയൂർ

അരുതരുതേ മുറിക്കരുതേ
ഇക്കാണുംമരമക്കാണുംമര-
മൊന്നും നമ്മൾ മുറിക്കരുതേ
പച്ചയിലക്കാടുകളിൽ കുരുവികൾ
കെട്ടും കൂടു തകർക്കരുതേ
നട്ടുച്ചകളിൽ കൈതോലക്കൈ-
മീട്ടും പാട്ടു മറക്കരുതേ.

നമ്മുടെ പുഞ്ചപ്പാടം കണ്ടോ?
അന്നംവിളയുമിടങ്ങൾ കണ്ടോ?
നാഡിഞരമ്പുകളെല്ലാം ചോര-
ക്കാവടിയാടിയ വിളകൾ കണ്ടോ?
നെല്ലുവിതയ്ക്കാനതു കൊയ്യാനൊരു
നാളും നമ്മൾ മടിക്കരുതേ
കൈയിൽ, കാലിൽ മണ്ണുപുരണ്ടാ-
'ലയ്യേ' യെന്നു വിചാരിക്കരുതേ

കേരളമെന്നാൽ നീരളമാണേ
നല്ലവളക്കൂറുള്ളിടമാണേ
അരുതരുതേയിന്നലസതയരുതേ
ഹരിതവിലാസിതയാവും കേരള-
മൊരുമരുഭൂവായ് മാറീടരുതേ
ഇക്കാണും മരമക്കാണും മര-
മൊന്നും നമ്മൾ മുറിക്കരുതേ.
പെയ്യും വെള്ളം മണ്ണിലിറങ്ങി
മണ്ണടരുകളിൽ തുള്ളിയിറങ്ങി.
തീയും പുകയും തീരെയടങ്ങി
തീരാവേദനയൊക്കെയൊടുങ്ങി
വീണ്ടും നാടൊരു നെല്ലറയായി
വീണ്ടും മഴയുടെ താളം ശരിയായ്
വിളകൾ വിളക്കുകൾ തേരുതിമിർപ്പുകൾ
വള്ളംകളികൾ കരിമലകയറൽ
നാണ്യവിളപ്പൂവിളികൾ, വളരും
കുരുമുളകിന്റെയിളം താളങ്ങൾ
കുയിൽഗാനങ്ങൾ, മയിലാട്ടങ്ങൾ
കനൽമാർഗങ്ങൾ, പോരാട്ടങ്ങൾ
ഇങ്ങനെയെല്ലാമൊന്നായ് വിളയും
പാരിടമെന്നും കേരളമല്ലോ!

അരുതരുതേ മുറിക്കരുതേ
ഇക്കരയുള്ളതുമക്കരെയുള്ളതു-
മൊന്നും നമ്മൾ മുറിക്കരുതേ
കുഞ്ഞുകുടുംബം പോറ്റുന്നവരുടെ
കൂടാരങ്ങളെരിക്കരുതേ.



വര: അരുണ ആലഞ്ചേരി

# ടീച്ചറമ്മ

ഡോ. കെ ശ്രീകുമാർ

മുമ്പൊരിക്കലും ഇങ്ങനെയൊന്നുമായിരുന്നില്ല അവനു ടീച്ചറമ്മ.

ക്ലാസിൽ ശരിക്കൊന്ന് ഇരിക്കാൻപോലും നേരം കൊടുക്കാതെ ടീച്ചറമ്മ അവനോട് ഓരോന്നു പറഞ്ഞുകൊണ്ടിരിക്കും.

''മോനേ, ഹെഡ്മാഷിന്റെ മുറിയിൽപ്പോയി ഹാജർ പുസ്തകം കൊണ്ടുവാ.''

''മോനേ, സ്റ്റാഫ്റൂമിൽ നിന്നു ചോക്കുപെട്ടി എടുത്തുകൊണ്ടുവാ.''

''ഡസ്റ്ററും ചൂരലും വേഗം കൊണ്ടുവാ മോനേ.''

കേൾക്കേണ്ട താമസം, എല്ലാം ടീച്ചറുടെ മുന്നിലെത്തിക്കും അവൻ. കൂട്ടുകാരുടെ മുന്നിൽവച്ച് എല്ലാവരെയുംപോലെ അവനും 'ടീച്ചറേ' എന്നേ വിളിക്കൂ. വേറാരും ഇല്ലാത്ത നേരത്താണെങ്കിൽ ശബ്ദംതാഴ്ത്തി 'ടീച്ചറമ്മേ' എന്നും. അങ്ങനെ വിളിക്കുമ്പോൾ അവനും ആ വിളി കേൾക്കുമ്പോൾ ടീച്ചറമ്മയ്ക്കും എന്തു സന്തോഷമാണെന്നോ!

മക്കളില്ലാത്ത ടീച്ചറമ്മയ്ക്ക് അവൻ പൊന്നുമോനാവും അപ്പോൾ.

അമ്മയില്ലാത്ത അവന് അവർ പൊന്നമ്മയും!

രണ്ടാൾക്കും തമ്മിൽ കാണാതെ, മിണ്ടാതെ, ജീവിക്കാനേ പറ്റാറില്ല. ആ ടീച്ചറമ്മയാണ് ഇപ്പോൾ, ഇങ്ങനെ.

രണ്ടുമൂന്നു നാളായി അവരവനെ കണ്ട ഭാവം നടിക്കുന്നില്ല. അവനെ കാണുമ്പോൾ മുഖത്ത് ചിരിയെന്നല്ല, എന്തെങ്കിലുമൊരു ഭാവഭേദംപോലുമില്ല. ഹാജർപുസ്തകമായാലും ചോക്കുപെട്ടിയായാലും ഡസ്റ്ററും ചൂരലുമായാലും എടുത്തുകൊണ്ടുവരാൻ അവനോട് ആവശ്യപ്പെട്ടില്ല. അവന്റെ മനസ്സുനൊന്തു. ഇടയ്ക്കിടെ പൊടിഞ്ഞ കണ്ണുനീർ മറ്റാരും കാണാതെ തുടച്ചുകളഞ്ഞു, അവൻ.

ക്ലാസിലെ മറ്റു കുട്ടികൾക്കും വലിയ അത്ഭുത



വര: അരുണ ആലഞ്ചേരി

മായി. ടീച്ചറമ്മയും അവനും ഇപ്പോഴെന്തേ ഇങ്ങനെ?

അവർ അടക്കംപറഞ്ഞു.

''ടീച്ചറമ്മ അവനോട് ഇഷ്ടം വെട്ടിക്കാണും.''

കുറച്ചുനേരം ആലോചിച്ചിരുന്നശേഷം ഒരു കുട്ടി പറഞ്ഞു.

''ഏയ്, ടീച്ചറമ്മയ്ക്ക് വയ്യാത്തോണ്ടാവും.''

മറ്റൊരു കുട്ടി അവനോടു വിയോജിച്ചു.

ടീച്ചറമ്മ ക്ലാസു തുടർന്നു. ഗുരുനാഥനു കൊടുത്ത വാക്കുപാലിക്കാൻ തന്റെ പെരുവിരൽ ദക്ഷിണയായി നൽകിയ ഏകലവ്യന്റെ കഥയാണ് അന്നു പറഞ്ഞത്.

'കഷ്ടം', 'പാവം'.. എന്നൊക്കെ തനിയെ പറഞ്ഞു നെടുവീർപ്പിട്ടു, കുട്ടികൾ.

അവനു പക്ഷേ, ഒരു സന്തോഷവും തോന്നിയില്ല. എല്ലാ കുട്ടികളുടെയും മുഖത്ത് മാറിമാറി നോക്കി കഥപറയുന്ന ടീച്ചറമ്മ ഒരു തവണപോലും തന്നെയൊന്നു നോക്കിയില്ലല്ലോ എന്നവൻ വേദനയോടെ ഓർത്തു.

ടീച്ചറമ്മയ്ക്ക് തന്നോട് ഇഷ്ടമില്ലാതായതിന്റെ കാരണം അവനു നന്നായറിയാമായിരുന്നു.

എല്ലാം സ്വയം വരുത്തിവച്ചതല്ലേ... അതിന്റെ വല്ല ആവശ്യവുമുണ്ടായിരുന്നോ? അവൻ കുറ്റബോധത്തോടെ ഓർത്തു.

ടീച്ചറമ്മ നടത്തിയ പരീക്ഷയിൽ ഒന്നാമതെത്തിയേ തീരൂ എന്ന വാശി തോന്നിയിരുന്നു. പലതവണ വായിച്ചിട്ടും ചിലതെല്ലാം മനസ്സിൽ തങ്ങുന്നില്ല.

മാർക്കു കുറഞ്ഞാൽ ടീച്ചറമ്മയ്ക്ക് ഇഷ്ടമായില്ലെങ്കിലോ? അങ്ങനെ തോന്നിയ ദുർബുദ്ധിയാണ്.

**നാലുപാടും കള്ളക്കണ്ണെറിഞ്ഞ്, വിരലുകൾ നിവർത്തി, ഉത്തരം സ്ലേറ്റിലേക്കു പകർത്തിത്തുടങ്ങി അവൻ. നെഞ്ച് കൂടുതൽ വേഗത്തിൽ ഉയർന്നുതാഴുകയും ദേഹം വിയർക്കുകയും ചെയ്യുന്നത് അവനറിഞ്ഞു. ഇടയ്ക്കെപ്പോഴോ തലയുയർത്തിയ അവൻ കണ്ടത് തന്റെ മുഖത്തുനിന്നും കണ്ണെടുക്കാതെ നിൽക്കുന്ന ടീച്ചറമ്മയെ!**

കൈവെള്ളയിൽ കുനുകുനാന്നു കുത്തിക്കുറിച്ചിട്ടു, പാഠഭാഗങ്ങൾ. പരീക്ഷ തുടങ്ങുംമുമ്പ് ടീച്ചറമ്മ അടുത്തുവന്ന് 'ശ്രദ്ധിച്ച് എഴുതണേ മോനേ' എന്ന് ഒന്നുകൂടി ഓർമിപ്പിച്ചു. 'എല്ലാം പഠിച്ച് പുരപ്പുറത്തു കേറ്റ്യേ' ഭാവത്തിൽ അവൻ തലയാട്ടി.

നാലുപാടും കള്ളക്കണ്ണെറിഞ്ഞ്, വിരലുകൾ നിവർത്തി, ഉത്തരം സ്ലേറ്റിലേക്കു പകർത്തിത്തുടങ്ങി അവൻ.

നെഞ്ച് കൂടുതൽ വേഗത്തിൽ ഉയർന്നുതാഴുകയും ദേഹം വിയർക്കുകയും ചെയ്യുന്നത് അവനറിഞ്ഞു. ഇടയ്ക്കെപ്പോഴോ തലയുയർത്തിയ അവൻ കണ്ടത് തന്റെ മുഖത്തുനിന്നും കണ്ണെടുക്കാതെ നിൽക്കുന്ന ടീച്ചറമ്മയെ!

ആ കണ്ണുകൾ നിറഞ്ഞിരുന്നു എന്നുറപ്പാണ്.

അതിൽപ്പിന്നെയാണ് ടീച്ചറമ്മ ഇങ്ങനെ.

അവനെയൊന്നു നോക്കുകപോലും ചെയ്യാതെ ടീച്ചറമ്മ ക്ലാസുനിർത്തി ഇറങ്ങിപ്പോയി. അവനാകെ ശ്വാസം മുട്ടുന്നതുപോലെ തോന്നി.

രണ്ടും കല്പിച്ച് അവൻ സ്റ്റാഫ്റൂമിലേക്കു നടന്നു.

അവിടെ മരത്തിന്റെ മേശപ്പുറത്ത്, പകർത്തെഴുത്തു പുസ്തകങ്ങളുടെ അടുക്കിനുമേൽ തലവെച്ച് ടീച്ചറമ്മ. അവരുടെ കണ്ണു കലങ്ങിയിട്ടുണ്ട്.

അതവനു സഹിക്കാനായില്ല. അവൻ ഓടിച്ചെന്ന് അവരുടെ കാൽക്കൽ വീണു കരഞ്ഞു പറഞ്ഞു.

''ക്ഷമിക്കണം ടീച്ചറമ്മേ, ഞാനിനി ഒരിക്കലും ഇതാവർത്തിക്കില്ല!''

അതിനു മറുപടിയായി അവരവനെ തന്നോടു ചേർത്തുനിർത്തി, നെറുകയിൽ തലോടിക്കൊണ്ടു പറഞ്ഞു.

''പൊന്നുമോനേ, നീ നന്നാവാനല്ലേ...?''

അതു കേട്ടതും അലയൊഴിഞ്ഞ കടൽപോലെ ശാന്തമായി അവന്റെ മനസ്സ്. അവൻ ടീച്ചറമ്മയോട് കൂടുതൽ ചേർന്നുനിന്നു.

## കവർചിത്രം

ഇത്തവണത്തെ തളിരിന്റെ കവർചിത്രം വരച്ചിരിക്കുന്നത് തൃശ്ശൂർ സ്വദേശിയായ അനുജാത് സിന്ധു വിനയ് ലാൽ എന്ന ആറാംക്ലാസ് വിദ്യാർത്ഥിയാണ്. 2014ൽ സംസ്ഥാന ടൂറിസം വകുപ്പിന്റെ പ്രഥമ ക്ലിന്റ് മെമ്മോറിയൽ അന്തർദേശീയ ചിത്രരചനാമത്സരത്തിൽ ജേതാവായ അനുജിത്തിന് ചിത്രീകരണത്തിനുള്ള 2016ലെ ഭീമ ബാലസാഹിത്യ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

കവിത

# പൂവെന്നു പേരുള്ള പൂച്ച

വി എം ഗിരിജ

*(ഡൽഹിയിൽ ഇപ്പോൾ താമസിക്കുന്ന ആരതി എന്ന യുവസുഹൃത്തിന്റെ ഭാവനയിൽ വിടർന്ന ഒരു കഥയാണ് ഈ കവിതയ്ക്ക് ആധാരം)*

കൊച്ചു പൂച്ചയ്ക്കുറക്കമേയില്ലാ...
പിച്ചിയാലും, വെയിലും മഴയും;
കൊച്ചുവാലു പിടിച്ചുവലിക്കും
കുട്ടികൾ മണ്ണിലിട്ടിഴച്ചാലും,

കൊച്ചുപൂച്ചയ്ക്കു തൻ വയറൊട്ടി-
ക്കത്തിയാപ്പുക മൂക്കിൽക്കടന്നി-
ട്ടൊട്ടു തുമ്മിയാലും ശരി തന്നേ...
കൊച്ചുപൂച്ച കരച്ചിലു തന്നെ.

''കൊച്ചുപൂച്ചേ കരയേണ്ട കുഞ്ഞേ''
തൊട്ടിലാട്ടിയിളംകാറ്റു ചൊല്ലീ;
''കുഞ്ഞുമുത്തോ'' അകിടു ചുരത്തി-
പ്പുള്ളിപ്പയ്യുമരികത്തു നിൽപ്പൂ.

കൊച്ചുപൂച്ചയ്ക്കു പാലുപ്പുപോലേ-
കൊച്ചിളം കാറ്റ് തീജ്വാലപോലേ,
കൊച്ചുപൂച്ചേടെ തൂവെള്ളസാറ്റിൻ-
പട്ടുടുപ്പിൽ ചെളിയും കരിയും.

'എന്തിനിന്നീക്കരച്ചിൽ?'പ്പതുക്കെ-
ത്തന്റെ മാറോടു ചേർക്കെയിരുളും,
അമ്പിളിയും കുരുന്നു താരങ്ങൾ
തൻ നിരയും ആരായുന്ന നേരം

കൊച്ചുപൂച്ച മൊഴിഞ്ഞൂ ''എനിക്കെ-
ന്നച്ഛനമ്മമാരിട്ട പേർ 'പൂവ്' ''
'പൂവോ?' രാക്കുയിലമ്പരക്കുന്നൂ
'പൂവോ!' രാപ്പൂക്കൾ പുഞ്ചിരിക്കുന്നൂ.

'പൂവോ!?' പുല്ലുകളാടിക്കുഴഞ്ഞു
കൂടിയാർത്തു ചിരിക്കുന്നു ചുറ്റും.
'പൂവോ' മുക്കുറ്റി മുല്ല പനീരും
കൂവളം പോലുമെന്തോരു ചോദ്യം.

പാണ്ടനെന്നോ, കറുമ്പൻ, മണിയൻ
കാടനെന്നോ തടിയൻ എലുമ്പൻ
മഞ്ഞവാലൻ, വരയൻ, കുറിയോൻ
കുഞ്ഞിമൂക്കൻ ഇതിലൊന്നുമല്ലാ

അച്ഛനിട്ടത് പൂവെന്ന പേര്
അമ്മ കാതിൽ വിളിച്ചത് 'പൂവേ'
കാട്ടിൽ നാട്ടിലും ആപ്പൂച്ചപ്പേരിൽ
ആകെപ്പുച്ഛിച്ച് വായ്പൊത്തൽ മേളം.

കൊച്ചുപൂച്ച, കുറുമ്പുള്ള പൂച്ച
പേരുകൊണ്ടു മുറിവേറ്റ പൂച്ച
തീർച്ചയാക്കുന്നു ദൂരത്തു വീട്ടിൽ-
പ്പോകുവാനും ആ പേരു മാറ്റാനും.

കൊച്ചുപൂച്ച മുഖവും തുടച്ചൂ
ബെൽറ്റുമിട്ട് കാൽസ്രായി കയറ്റീ
കുഞ്ഞിക്കാലിലാപ്പാപ്പാസു കെട്ടീ
കുഞ്ഞിപ്പിൻസഞ്ചി കെട്ടി മുറുക്കീ.

ദൂരക്കാഴ്ചി[1] വടക്കുനേർനോക്കി[2]
നല്ലക്കുഞ്ഞിപ്പളുങ്കുനീർക്കുപ്പീ
ടെന്റടിക്കുവാൻ കാട്ടില മുള്ളും
ഉണ്ട് കൈലേസു കണ്ണീർ തുടയ്ക്കാൻ.

അമ്മ ദൂരെ വിദൂരത്തിലത്രേ
ചെന്നുപോയ്ക്കണ്ടു നാളെത്രയായീ.
അച്ഛനമ്മയോടൊപ്പമാണത്രേ
ചെന്നിരക്കാം ''പുതുപേരു വേണം''

മണ്ണിൽ, വേവും മണൽമരുഭൂവിൽ,
എന്നുമെന്നും മിതോഷ്ണമാം ദിക്കിൽ,
നിത്യനീലവനങ്ങളിൽ, വെള്ളം
കട്ടിയാവും ധ്രുവമേഖലയിൽ

ഇപ്രപഞ്ചത്തിലൊന്നുമേ, പൂച്ച-
ക്കുട്ടികൾക്കാരുമിട്ടിടാപ്പേരാൽ
എന്തിനെന്നെ 'പ്പൂ'വെന്നു വിളിച്ചൂ,
എന്തിനെന്നെക്കരയിച്ചിടുന്നൂ?

ഏറെയായിയുറക്കമില്ലാത്തോൻ
ക്ഷീണവും വിശപ്പും കൂട്ടിനുള്ളോൻ
ആ വഴി പോയിക്കുന്നും കയറി-
പ്പോകുവാൻ തന്നെയുള്ളിലുറച്ചൂ.

കുഞ്ഞിപ്പൂച്ച നടക്കുകയല്ലാ
കുന്നിലേറിപ്പറക്കുകയത്രേ,
കൊച്ചരുവിയിൽക്കാൽ നനയ്ക്കാതെ-
പെറ്റു വീണിടം തേടുകയത്രേ.

എങ്കിലും പച്ചക്കുന്നും നിലാവും
ചെന്നു താരാട്ടി നോക്കുകയത്രേ!
കണ്ണിമയ്ക്കാത്ത താരങ്ങൾ ചന്ദ്രൻ
തന്നിടം വിട്ടു താഴുകയത്രേ.

1 – ബൈനോക്കുലർ. 2 – കോമ്പസ്സ്



വര: അരുണ ആലഞ്ചേരി

ഒന്നു പുഞ്ചിരിക്കാതെ വലഞ്ഞ്
തന്റെ പേരാൽ പരിക്കേറ്റ പാവം
കൊച്ചുപൂച്ചയ്ക്കുറങ്ങുവാൻ ദൈവം
കെട്ടി മെയ്യിൽത്തളർച്ച തൻ തൊട്ടിൽ.

എന്തുമാവട്ടെ, ആദ്യത്തെ രശ്മി–
കൊണ്ടു സൂര്യൻ വിളിച്ചുണർത്തുമ്പോൾ
കൊച്ചുപൂച്ചയ്ക്കൊരത്ഭുതം നോക്കൂ
കുന്നു പൂത്തൊരു പൂവനമായീ.

കുഞ്ഞിനീലപ്പുടവകൾ ചുറ്റീ
മഞ്ഞപ്പട്ടാടകൊണ്ടു മെയ് മൂടീ
നല്ല പട്ടിന്റെ വെൺപ്രഭ ചൂടി–
ച്ചന്തമേറും സുവർണനിറത്തിൽ

നേർമവൈലറ്റിൽ, ഊതയിൽ, ചെമ്പിൽ
തീനിറത്തിൽ പവിഴമായ് എല്ലാം
കുമ്പിളിൽത്തേനു തുള്ളിത്തുളുമ്പി–
ത്തന്റെ ചുറ്റുമൊരായിരം പൂക്കൾ.

എന്തു നല്ല സുഗന്ധം, തിളക്കം.
എന്തു കാണാനിറങ്ങൾ തൻ പൂരം,
പൂവുകൾ തൻ കടലല, കുഞ്ഞി–
ത്തൂവിരൽ മുദ്ര തുള്ളിയാടുന്നൂ.

കൂടിയാടുന്ന പൂക്കളോടൊറ്റച്ചോദ്യം
'എന്താണു പേര്' എന്നു മാത്രം.
'ഞങ്ങൾ പൂച്ചകൾ', പൂവുകൾ ചൊൽവൂ
''അമ്മയച്ഛന്മാരിട്ട പേർ ഇഷ്ടം.''

'കാറ്റിലാടുന്ന പൂച്ചകൾ ഞങ്ങൾ
എന്തു നിന്റെ പേര്?' പൂക്കൾ ചോദിപ്പൂ.
'എന്റെ പേരു' പരിഭ്രമിക്കുന്നൂ
'എന്റെ പേർ അത് പൂവെന്നതത്രേ.'

''പൂവോ എന്തൊരു നല്ല പേർ ആട്ടേ
ആരു തന്നതീ മഞ്ജുളനാമം?
പൂവിലും പൂച്ച തന്നിലും കുഞ്ഞു
കാലുമായൊരു നക്ഷത്രമില്ലേ.

പൂവ്... എന്തു മൃദുവായ പേര്
ഹാ മധുരിപ്പൂ വാസനിക്കുന്നൂ.
പൂവ്... ഒരു കുഞ്ഞുപൂമ്പാറ്റപോലെ
പൂവ്... ഒരു കുഞ്ഞുതാരകപോലെ.

കൂട്ടിലെക്കിളിമുട്ട വിരിയും
പാട്ടുപോലെയൊരുമ്മ പോൽ ലോലം!

ഇത്ര നല്ല പേർ ആരിട്ടു കാറ്റോ
അത്ര ദൂരേക്കു കാണും മനസ്സോ?''
പൂക്കളിങ്ങനെ ചോദിക്കവേ പൂ–
പ്പൂച്ച മെല്ലവേ പുഞ്ചിരിക്കുന്നു;
പുള്ളിപ്പയ്യിന്റെയമ്മിഞ്ഞ തേടി–
ത്തുള്ളിച്ചാടുന്നു പാട്ടു പാടുന്നൂ.

പൂവിനെ പൂച്ചയെന്നു വിളിച്ചും
പൂച്ചയെപ്പൂവേ എന്നുമ്മവെച്ചും
ഭൂമിയോടു ചിരിക്കുന്ന കുഞ്ഞേ
കൂട്ടിടാമോ നിൻ വീട്ടിലേക്കെന്നെ.

# പേപ്പർ റോക്കറ്റ് !


ജി ആർ ഇന്ദുഗോപൻ

ഞാൻ ഹരി. ഇംഗ്ലണ്ടിൽ ഡോക്ടറാണ്. ഇപ്പോ നാട്ടിലുണ്ട്. രാവിലെ പത്രം നോക്കുമ്പോൾ ഞെട്ടി. മുരളീധരൻ സാറിന്റെ പടം. ഞെട്ടൽ തണുത്ത് അദ്ഭുതമായി. സാറിന് ഏതോ സാഹിത്യ അവാർഡ്. അതിന്റെ പേരിലുള്ള ഇൻറർവ്യൂ. സാറ് മറവിരോഗത്തിലേക്ക് വീഴുകയാണത്രേ. എന്തു വേണമെന്ന് ആലോചിച്ചു. തീരുമാനിച്ചു. വേഗം ഡ്രസ് ചെയ്തു. കാറെടുത്തു.

വണ്ടിയിലിരിക്കെ ഏഴാം ക്ലാസിലെ ഓർമയിലേക്കു പോയി. മുരളീധരൻസാറിന്റെ ക്ലാസ്. സാർ സ്വപ്നജീവിയാണ്. പഞ്ചപാവം! ക്ലാസ് അത്ര ഇമ്പമൊന്നുമല്ല. പുസ്തകം തുറന്നുവച്ചാൽ അതിൽനിന്ന് കണ്ണെടുക്കാറില്ല. അതുകൊണ്ട് ബഹളക്കാർക്ക് ആഘോഷമാണ്. ബഞ്ചിൽ കയറി നിൽക്കുന്നവരും സാറിനെ ഗോഷ്ഠി കാണിക്കുന്നവരുമെല്ലാം ഇഷ്ടംപോലെ.

അന്നേ ദിവസം ക്ലാസുകൾ തമ്മിൽ യുദ്ധം നടക്കുകയായിരുന്നു. ഇടച്ചുമരുകൾ മുക്കാൽ ഭാഗമേ കെട്ടിമറച്ചിട്ടുള്ളൂ. അതിനിടയിലൂടെ അപ്പുറത്തെ ക്ലാസിൽനിന്ന് പേപ്പർ റോക്കറ്റുകൾ ഇങ്ങോട്ടു ചീറിപ്പാഞ്ഞുവരും. ഇവിടുന്ന് അങ്ങോട്ടും. കൊടിയ യുദ്ധം.

എന്റെ തൊട്ടടുത്ത് ഹരീഷ് എന്ന കുട്ടിയാണ് ഇരിക്കുന്നത്. അപ്പുറത്തുനിന്നുള്ള റോക്കറ്റുകളിലൊന്ന് ഹരീഷിന്റെ നെഞ്ചി



വര: അരുണ ആലഞ്ചേരി

ലേക്കാണ് ലാൻഡു ചെയ്തത്. അവൻ അതിന്റെ കേടുപാടുകൾ ഭംഗിയായി തീർക്കാൻ തുടങ്ങി. വല്ലാത്ത ബോറിനിടയിൽ വന്ന കൗതുകം. ഞാനത് ശ്രദ്ധിച്ചു കൊണ്ടിരുന്നു.

ഹരീഷ് അപ്പുറത്തെ ക്ലാസിലേക്ക് തിരിച്ചയയ്ക്കാനെന്നവിധം റോക്കറ്റ് ചൂണ്ടുവിരലുകൾക്കിടയിൽ പിടിപ്പിച്ചു. അതിന്റെ ചുണ്ടിൽ അമർത്തിക്കൊണ്ടു തന്നെ വിരലുകൾ പരമാവധി വിടർത്തി, റോക്കറ്റിനെ പരമാവധി ദൂരെയെത്താനുള്ള ആയം വർധിപ്പിച്ചു. ഇപ്പോൾ പറക്കുമെന്ന് ഞാൻ കരുതി. പക്ഷേ ഹരീഷ് വിക്ഷേപിക്കുന്നില്ല. അവൻ മര്യാദയുള്ള കുട്ടിയാണ്. അതാകും, വേണോ വേണ്ടയോ എന്ന ചിന്ത. ഞാനും നല്ല കുട്ടിയാണ്. പക്ഷേ കുട്ടിയല്ലേ? ഞാനവനൊരു നുള്ളു കൊടുത്തു. ആ ഞെട്ടലിൽ, റോക്കറ്റ് തെറിച്ചു പോയി. ഞാൻ മുകളിലേക്കു നോക്കി. റോക്കറ്റ് എവിടെ?

പെട്ടെന്ന് പെൺകുട്ടികളുടെ ഭാഗത്തുനിന്നും ചിരിയുടെ അല. നോക്കിയപ്പോൾ സാറിന്റെ കട്ടിക്കണ്ണട ചെവിയിൽ ചേരുന്നിടത്ത്, റോക്കറ്റ് കുടുങ്ങിക്കിടക്കുന്നു. സാറിന്റെ തലയനക്കത്തിൽ അതും ആടുന്നുണ്ട്. ഒരു മിനിട്ട്.. രണ്ടു മിനിട്ട്... ക്ലാസിലെ ബഹളം അട്ടഹാസമായി. സാറിന് എന്തെന്നു മനസ്സിലായില്ല. അസ്വസ്ഥനാണ്. എങ്കിലും ശ്രദ്ധിക്കാതെ വായന തുടർന്നു. അപ്പോഴേക്കും കൂക്കുവിളിയായി. സാറിന്റെ വിരലുകൾ പതിയെ വിറച്ചു തുടങ്ങുന്നത് ഞാൻ കണ്ടു. ഹരീഷ് എന്തു ചെയ്യണമെന്നറിയാതെ ദേഷ്യത്തോടെയും സങ്കടത്തോടെയും എന്നെ രൂക്ഷമായി നോക്കുകയാണ്.

പെട്ടെന്നൊരു നിശ്ശബ്ദത. നോക്കിയപ്പോൾ വാതിൽക്കൽ കടുവ. കടുവയുടെ മീശരോമങ്ങൾ ചെവിയിൽ വളർത്തുന്ന ഞങ്ങളുടെ ഹെഡ്മാസ്റ്റർ.

''ഇതെന്താ ചന്തയാണോ!''

കടുവ അലറി.

മുരളീധരൻസാർ ഒന്നു കൂടി ഭയന്നെന്നു തോന്നുന്നു. ആ പേപ്പർ റോക്കറ്റ് കിടന്ന് ആടുകയാണ്.

'ഇങ്ങനൊരു കോമാളിയായി പോയല്ലോടോ..' എന്നു പുച്ഛത്തിൽ പറഞ്ഞ്, സാറിന്റെ ചെവിയിലേക്ക് ആംഗ്യം കാണിച്ച് കടുവ മുരണ്ട് ഇറങ്ങിപ്പോയി.

സാർ മെല്ലെ തന്റെ ചെവിയിൽ തപ്പി. വീണ്ടും കൂക്കുവിളി. സാറിന്റെ കൈയിൽ റോക്കറ്റ്. സാർ ഒരു നിമിഷം തലകുനിച്ചുനിന്നു. പിന്നെ മെല്ലെ ചോദിച്ചു.

''ആരാ...ആരാ.. ഇത്..''

ആരും മിണ്ടിയില്ല. ശബ്ദമുയർത്തിയപ്പോൾ ഗദ്ഗദമായി.

''ടാ.. ആരാ.. ആരാന്ന്..''

സാർ അടുത്ത നിമിഷം കരയുമെന്നു തോന്നി. അതിനു സമ്മതിക്കില്ലെന്ന മട്ടിൽ ഹരീഷ് പെട്ടെന്ന് എഴുന്നേറ്റുനിന്നു.

സർ മെല്ലെ പറഞ്ഞു.

''ഗെറ്റൗട്ട്.''

ഹരീഷ് നിശ്ശബ്ദമായി പുറത്തേക്കിറങ്ങി.

അഞ്ചുമിനിട്ട് കഴിഞ്ഞു. പത്തുമിനിട്ട് കഴിഞ്ഞു. എനിക്ക് ഇരിക്കാൻ വയ്യ. ചങ്ക് തീ പിടിച്ചപോലെ കുറ്റബോധംകൊണ്ട് എരിയുകയാണ്. ഞാൻ മെല്ലെ എഴുന്നേറ്റു സാറിന്റടുത്ത് ചെന്നു. എന്നിട്ടു പറഞ്ഞു.

''സാർ, അവന്റെ കൈയിൽ തട്ടിയത് ഞാനാണ്. ഞാനാണ്...''

സാർ നിശ്ശബ്ദനായി എന്നെ നോക്കി. പിന്നെ പറഞ്ഞു.

''ക്ലാസിൽ കയറിയിരിക്കാൻ പറ..''

ഞാൻ പുറത്തിറങ്ങി. കണ്ണീരുണങ്ങിയ മുഖവുമായി ഹരീഷ്.

ഹരീഷ് ക്ലാസിലേക്കു കയറി. എന്താണ് എന്റെ ശിക്ഷയെന്നറിയാൻ ഞാൻ വാതിൽക്കൽതന്നെ നിന്നു. അപ്പോൾ ഉച്ചയ്ക്ക് വിടാനുള്ള മണിയടിച്ചു. പിള്ളേർ ഇറങ്ങിയോടി. അതിനിടയിലൂടെ വേഗം പുസ്തകമെടുത്ത് സാറും.

ഞാൻ മെല്ലെ ഹരീഷിന്റെ അടുത്തേക്കു ചെന്നു. അവൻ ഒന്നും മിണ്ടാതെ ബാഗെടുത്ത് എന്റെ അടുത്തു നിന്ന് ഒരു നിര പിറകിലേക്ക് മാറി, അകന്ന ഒരിടത്തിരുന്നു.

പിന്നെ ഹരീഷ് പത്താം ക്ലാസ് വിടുന്നതു വരെ മിണ്ടിയിട്ടില്ല. പിന്നെ ഞങ്ങൾ സംസാരിച്ചിട്ടില്ല.

**പെട്ടെന്ന് പെൺകുട്ടികളുടെ ഭാഗത്തുനിന്നും ചിരിയുടെ അല. നോക്കിയപ്പോൾ സാറിന്റെ കട്ടിക്കണ്ണട ചെവിയിൽ ചേരുന്നിടത്ത്, റോക്കറ്റ് കുടുങ്ങിക്കിടക്കുന്നു. സാറിന്റെ തലയനക്കത്തിൽ അതും ആടുന്നുണ്ട്. ഒരു മിനിട്ട്..രണ്ടു മിനിട്ട്... ക്ലാസിലെ ബഹളം അട്ടഹാസമായി. സാറിന് എന്തെന്നു മനസ്സിലായില്ല.**

## 2

സാറിന്റെ വീട്. ഞാൻ വശത്ത് കാറൊതുക്കി. മെല്ലെ ഗേറ്റ് തുറന്നു. ഞാൻ വിറയ്ക്കുന്നുണ്ടായിരുന്നു. പേടിക്കേണ്ടെന്ന് സമാധാനിപ്പിച്ചു. പഴയ ഒരു ശിഷ്യൻ. അത്രയേയുള്ളൂ. സാറിന് സമ്മാനമായി ഞാൻ ബ്രിട്ടനിൽനിന്ന് കൊണ്ടുവന്ന ചില സാധനങ്ങൾ പായ്ക്ക് ചെയ്തെടുത്തിട്ടുണ്ടായിരുന്നു.

ഏതോ സന്ദർശകർ മടങ്ങുകയായിരുന്നു. സാർ വാതിൽപ്പടിയിൽനിന്ന് അവരെ യാത്രയാക്കുകയാണ്. ഞാൻ സാറിന്റെ മുന്നിൽ പെട്ടു. തല കുനിഞ്ഞു പോകുന്നു. മെല്ലെ ഞാൻ സാറിന്റെ മുഖത്തേക്കു നോക്കി. സാർ എന്റെ നേരെ കൈചൂണ്ടുകയാണ്. പഴയ ഒരു ഗെറ്റൗട്ടിന്റെ കടം കിടപ്പുണ്ട്. പഴയ ആ ഏഴാം ക്ലാസുകാരൻ പുറത്തു വന്നു. തല കറങ്ങുന്നു. സാർ പെട്ടെന്ന് ആഹ്ലാദത്തോടെ ചോദിച്ചു.

**ഞാൻ സാറിന്റെ മുന്നിൽ പെട്ടു. തല കുനിഞ്ഞു പോകുന്നു. മെല്ലെ ഞാൻ സാറിന്റെ മുഖത്തേക്കു നോക്കി. സാർ എന്റെ നേരെ കൈചൂണ്ടുകയാണ്. പഴയ ഒരു ഗെറ്റൗട്ടിന്റെ കടം കിടപ്പുണ്ട്. പഴയ ആ ഏഴാം ക്ലാസുകാരൻ പുറത്തു വന്നു. തല കറങ്ങുന്നു.**

''ഹരിയല്ലേ..''

ഞാൻ അറിയാതെ പൊട്ടിപ്പോയി. അടുത്ത നിമിഷം ഞാൻ കുനിഞ്ഞ് ആ കാലിൽ തൊട്ടു.

''അയ്യേ.. ടാ..''

സാറെന്നെ പിടിച്ചെഴുന്നേൽപ്പിച്ചു. ഞാൻ കണ്ണു തുടച്ചു സാറിന്റെ കൂടെ കയറി.

സാർ ഭാര്യയെ വിളിച്ചു.

''ടീ... ഇങ്ങു വന്നേ.. ദാ ഹരി! എന്റെ ഓൾഡ് സ്റ്റുഡൻറാ..''

ഭാര്യ ഇറങ്ങി വന്നിട്ട് പറഞ്ഞു.

''നല്ല തിട്ടമാണല്ലോ. മറവിയെന്നൊക്കെ ചുമ്മാ പറയുന്നതാ...''

സാർ പറഞ്ഞു.

''ചിലരെ മറക്കാനൊക്കില്ല. ഇന്നലെ... ഇന്നലെ ഹരീഷ് വന്നിരുന്നു.''

ഭാര്യ പറഞ്ഞു.

''ഇന്നലെയല്ല. കഴിഞ്ഞ ആഴ്ച.''

''ഹരീഷ് എനിക്കെന്തോ ആപ്പിളോ മുന്തിരിയോ ഏതാണ്ടൊക്കെ കൊണ്ടുവന്നു.''

ഭാര്യ തിരുത്തി

''ആപ്പിളൊന്നുമല്ല. പേന. ആ പോക്കറ്റിലിരിക്കുന്നില്ലേ.. അത്. പിന്നെ സാറിനെഴുതാൻ കുറെ ഡയറി.. ദാ ഈ ഗവ. കലണ്ടർ അവൻ കൊണ്ടുവന്നിട്ടതാ. അറിയുമോ ഹരീഷിനെ..''

''ശെ. അവരൊരു ക്ലാസിലായിരുന്നില്ലേ..''

സാർ പറഞ്ഞു.

''ആണോ?''

സാറിന്റെ ഭാര്യ ചോദിച്ചു.

ആണെന്ന് ഞാൻ തലയാട്ടി.

ഭാര്യ പറഞ്ഞു.

''കുറേ ശിഷ്യന്മാരുള്ളതാ നേട്ടം. സാറിന്റെ കുട്ടികൾ പലരും തിരുവനന്തപുരത്തുണ്ടെന്ന് ഹരീഷ് പറഞ്ഞു. മൊബൈൽനമ്പർ ദാ കലണ്ടറിൽ എഴുതിയിട്ടിട്ടാ പോയത്. സാറിന് തിരുവനന്തപുരത്ത് എന്തെങ്കിലും ഹോസ്പിറ്റൽ കേസ് വന്നാൽ..''

''ഹരീഷ് ഡോക്ടറാ..''

സാർ സ്ഥാപിച്ചു.

''അല്ലല്ല. ഏജീസ് ഓഫീസിലാ.''

ഭാര്യ തിരുത്തി. അതു ശ്രദ്ധിക്കാതെ സാർ പറഞ്ഞു.

''ഹരീഷും ഹരിയും.. അവർ വളരെ ബ്രൈറ്റ് സ്റ്റുഡൻറ്സായിരുന്നു. ദേ വെയർ സിൻസിയർ ആൻഡ്.. പക്ഷേ അതിലൊക്കെ വലുതാ ഇൻഡഗ്രിറ്റി. ധാർമികമായ തലയെടുപ്പ്. അതാ വലിയ പഠിപ്പ്.''

സാറിന്റെ ഭാര്യ പരിഭവം പറഞ്ഞു.

''എന്റെയൊക്കെ പേര് വിട്ടുപോകുന്നു. നിങ്ങളെക്കുറിച്ചൊക്കെ...കേട്ടില്ലേ..''

'അങ്ങനാണ് ഈ രോഗത്തിന്റെ സ്വഭാവമെന്നു' പറഞ്ഞ് ഞാൻ സമാധാനിപ്പിച്ചു. വളരെ പഴയ കാര്യമൊന്നും മറക്കില്ല.

അവർ ചോദിച്ചു.

''നിങ്ങളെ സാർ ഏതു വർഷമാ പഠിപ്പിച്ചത്?''

ഞാൻ ആലോചിച്ചിട്ടു പറഞ്ഞു. ''85 – 86.''

അവർ വേദനയോടെ പറഞ്ഞു.

''അതിന് അഞ്ചു കൊല്ലം മുമ്പേ ഞങ്ങടെ കല്യാണം നടന്നതാ...''

എന്തൊക്കെയോ വൈദ്യശാസ്ത്രം പറഞ്ഞ് ഞാൻ അവരെ സമാധാനിപ്പിച്ചു.

പ്രാർഥനാപൂർവം സാറിന്റെ കാലു തൊട്ടു തൊഴുതു. പോകുന്നതിനു മുമ്പ് ഹരീഷിന്റെ ഫോൺ നമ്പർ കുറിച്ചെടുത്തു.

തിരികെ കാറിലിരിക്കുമ്പോൾ ഉള്ളിൽ സന്തോഷവും ദുഃഖവും വേദനയും മാറി മാറി...

‘കണ്ണാടി’ എന്നായിരുന്നു സാറിന്റെ ഇരട്ടപ്പേര്. അന്നത്തെ സംഭവത്തോടെ ‘റോക്കറ്റ്’ എന്നായി മാറി. തുടർന്ന് മറ്റു കുട്ടികൾ ആ പേരു വിളിച്ച് കളിയാക്കുമ്പോ ചങ്കിൽ മുള്ളുകൊണ്ടു കീറി വലിക്കുന്നതു പോലെ..

വഴിയിലൊരിടത്തു വണ്ടി നിർത്തി. ഫോണെടുത്തു. ധൈര്യം കിട്ടാൻ കുറച്ചു നേരമെടുത്തു. ശേഷം കൈവെള്ളയിൽ എഴുതിയിട്ടിരുന്ന ഹരീഷിന്റെ നമ്പറിൽ വിളിച്ചു.

എന്റെ നെഞ്ചിടിപ്പു കൂടി. മൂന്നാല് അടിക്കുശേഷം അപ്പുറത്തു നിന്ന് ശബ്ദം.

‘‘ഹലോ ഹരീഷാണ്...’’

എന്തു പറയണമെന്നറിയില്ല. അവൻ രണ്ടുമൂന്ന് തവണ ‘ഹലോ.. ഹലോ..’ എന്നു പറഞ്ഞു.

ഞാൻ മെല്ലെ പറഞ്ഞു.

‘‘അളിയാ.. ഞാനാടാ ഹരി. സ്കൂളിലെ...’’

‘‘അളിയാ...’’

അവൻ ആനന്ദത്തോടെ വിളിച്ചു.

‘‘എത്ര കാലമായെടാ...’’

ഞാൻ മെല്ലെ പറഞ്ഞു.

‘‘ടാ.. ഞാൻ.. മുരളീധരൻ സാറിനെ കണ്ടു. ഇപ്പോ.’’

‘‘ങാ.. ഞാൻ പോയിരുന്നെടാ.. ഇത്തിരി ഓർമ പ്രശ്നമുണ്ട്. പക്ഷേ എന്നെ കണ്ടപ്പോ നിന്നെയാ ഓർത്തത്. നിന്നെ ഒന്നു കാണണമെന്നു പറഞ്ഞായിരുന്നു. നിന്റടുത്ത് അത് ആരെങ്കിലും പറഞ്ഞോ?’’

‘‘ഇല്ല. പക്ഷേ എല്ലാ തവണയും വരുമ്പോ തോന്നും. അൽഷിമേഴ്സ് ആണെന്നറിഞ്ഞപ്പൊഴാടാ ധൈര്യം കിട്ടിയത്...’’

അവൻ നിശ്ശബ്ദനായി. പിന്നെ പറഞ്ഞു.

‘‘ന്തായാലും അളിയൻ പോയൊന്നു കണ്ടല്ലോ. എന്നെയും ഒന്നു വിളിച്ചല്ലോ..’’

ഞാൻ മെല്ലെ പറഞ്ഞു:

‘‘ടാ സോറി!’’

‘‘എന്തിനെടാ.. നിന്നെയൊക്കെ മനസ്സീകൊണ്ടു നടന്നതു കൊണ്ടല്ലേടാ.. ഞാനൊക്കെ ഇതുവരെയെങ്കിലും എത്തിപ്പറ്റിയത്..’’

ഒന്നു നിർത്തി ഒരു ദീർഘനിശ്വാസം. ശേഷം അവൻ തുടർന്നു.

‘‘ങാ.. ഡാ. ഒരു കാര്യം കൂടി.. സാറ് ആത്മകഥ എഴുതാൻ തുടങ്ങിയതായിരുന്നു. മറവി വന്നപ്പോ നിർത്തി. ആ ഡയറി എന്നെ കാണിച്ചു. പുസ്തകത്തിന്റെ പേരെന്തായിരുന്നെന്നറിയാമോ..

ഞാൻ...വെറുമൊരു പേപ്പർ റോക്കറ്റ്.’’




വില
₹170

## കുട്ടിപ്പട്ടാളത്തിന്റെ കേരളപര്യടനം

**എൻ പി ഹാഫിസ് മുഹമ്മദ്**

ചിത്രീകരണം: സചീന്ദ്രൻ കാറഡ്ക്ക




കേരളത്തിലൂടെ കുറച്ചു കുട്ടികൾ യാത്ര ചെയ്യുന്നു. കേരളത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളും കേരളചരിത്രവും ആ കുട്ടിപ്പട്ടാളത്തിനു മുന്നിലെത്തുന്നു. കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച എൻ പി ഹാഫിസ് മുഹമ്മദ് സ്വന്തം ജീവിതപരിസരത്തു നിന്നും കണ്ടെത്തിയ കഥപാത്രങ്ങളാണ് കേരള ചരിത്രം അന്വേഷിക്കുന്ന യാത്രയിൽ പങ്കെടുക്കുന്നത്.

പ്രസാധനം: കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
(പുസ്തകത്തിന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക.)

# പ്രാർത്ഥന

രാമകൃഷ്ണൻ കുമരനല്ലൂർ

അക്ഷരങ്ങളെന്റെയുള്ളി-
ലഗ്നിയാകണേ
സുസ്മിതങ്ങളെന്റെ ചുണ്ടിൽ
നിത്യമാകണേ
ശാന്തിയെന്നുമെന്റെ മണ്ണിൽ
പൂത്തു നിൽക്കണേ
മാനവത്വമെന്റെ വിണ്ണി-
ലുജ്ജ്വലിക്കണേ

വിദ്യകൊണ്ടവിദ്യയെ
തുടച്ചുനീക്കുവാൻ
എന്നുമെന്റെ നേർവഴിക്കു
ദീപമാകണേ

എന്റെ വാക്കുമെന്റെ നോക്കു-
മെന്റെ യത്നവും
നല്ല നാടിനുള്ളൊരെന്റെ
യത്നമാകണേ.



വര: അരുണ ആലഞ്ചേരി

# നരച്ച താടിയിൽ ചാരി ഒരു സെൽഫി

ഇ ജിനൻ



വര: അരുണ ആലഞ്ചേരി

കാഴ്ച കണ്ടു
മടങ്ങി വരും നേരം
കാര്യമൊന്നു
പറഞ്ഞെന്റെ കൊച്ചുമോൾ

നാട്ടുപുല്ലിന്റെ
തുമ്പിൽ നരച്ചൊരു
നാരുമീശ
വിറവിറച്ചെന്നവൾ

കാറ്റിലാടി വ-
ന്നെത്തിയോ-
രപ്പൂപ്പൻ
താടിയാണതെൻ
ശാരികേ, യെന്നു ഞാൻ.

കാലമെത്രയോ
മുൻപ് ഞാനച്ഛന്റെ
താടി പിച്ചി-
പ്പറിച്ചതിന്നോർമയും

നാടകം കളിക്കുമ്പോൾ
കുളവാഴ-
നാരു ഞാൻ മുഖ-
ത്തൊട്ടിച്ചുവെച്ചതും

രാജവേഷം
മുനിവേഷ-
മെത്രയോ
വേദിയിൽ ഞങ്ങൾ
കെട്ടി നടിച്ചതും

ഓർത്തു ചൊല്ലി ഞാ-
നെങ്കിലും കേൾക്കുവാൻ
ഇല്ലവൾക്കതിൽ
തെല്ലുമേ കൗതുകം.

നാടിതിങ്ങനെ-
യായതിൽ നൊന്തു ഞാൻ
താടിയിൽ പിടി-
ച്ചോർത്തോർത്തിരിക്കവേ,

ഷെൽഫിൽ നിന്നവൾ
സെൽഫോണെടുത്തെന്നെ
ചാരി നിന്നൊരു
സെൽഫിയെടുക്കുന്നു!

# ചക്കു

തനൂജ ഭട്ടതിരി

“വൺ, ടു, ത്രീ, ഫോർ...”

പടികൾ കയറുകയും ചാടിയിറങ്ങുകയും ചെയ്ത് അഖിൽ മാത്യു ടി ക്ക് മടുത്തു. ‘സ്വപ്നാന്റി പറഞ്ഞുതന്ന ഈ കളി ബോറൻ കളിയാ.’ അവൻ വിചാരിച്ചു.

തുണി വാഷിങ്മെഷീനിൽ നിന്നെടുത്ത് അയയിൽ വിരിച്ചുകൊണ്ടിരിക്കുന്ന സ്വപ്നാന്റിയുടെ അടുക്കലേക്ക് ഓടി അവൻ കിണുങ്ങി.

“പടികൾ ട്വന്റിഫൈവ് ടൈംസ് ക്ലൈംബ് ചെയ്തിട്ടും ട്രോഫീസൊന്നും ആകാശത്തുനിന്നു വന്നില്ല. ആ ഗെയിം എനിക്കു വേണ്ട.”

സ്വപ്നാന്റി ചിരിച്ചു. അവന് ആ ചിരി വലിയ ഇഷ്ടമാണ്.

“വേണ്ട. അക്കു... ആ കളി ഇനി വേണ്ട. നമുക്ക് ഇനി കുറച്ചുനേരം കമ്പ്യൂട്ടറില് കളിക്കാം. ”

‘ഹായ്!’ അവൻ ആർത്തുവിളിച്ചു. ആ യു കെ ജിക്കാരന് ഇപ്പഴേ ഏറ്റവും ഇഷ്ടം ‘പ്ലേയിങ് സ്റ്റേഷൻസ്’ ഉപയോഗിക്കാനാണ്.

കുറെക്കഴിഞ്ഞപ്പോൾ അഖിൽ സ്വപ്നാന്റിയോട് ചോദിച്ചു.

“ആന്റീ... മമ്മയും പപ്പയും എപ്പോ എത്തും?”


രണ്ടുപേരും ഒരു കുടുംബബിസിനസ്സിന്റെ പുറകെയാണെന്നും വീടും കുട്ടിയും അവർക്കു വളരെ പ്രധാനമാണെങ്കിലും പലപ്പോഴും എല്ലാംകൂടി ഒരുമിച്ചു കൊണ്ടുപോകാൻ അവർക്കു വളരെ ബുദ്ധിമുട്ടേണ്ടിവരുന്നുണ്ടെന്നും സ്വപ്നാന്റി അവനോടു പറഞ്ഞില്ല. മുല്ലപ്പൂപല്ല് കാണിച്ചൊന്നു ചിരിച്ചവർ പറഞ്ഞു.

“വരുമല്ലോ... അക്കൂന് ട്രോഫിയുമായി അവരിപ്പോ..”

പപ്പയും മമ്മയും എത്തുമ്പോഴേക്കും അഖിൽ ഉറങ്ങിത്തുടങ്ങിയിരിക്കും പലപ്പോഴും. എന്നാലും അവർ രണ്ടുപേരും മുടിയിൽ വിരലോടിക്കുമ്പോഴോ ആന്റി പുതപ്പിച്ച പുതപ്പ് ഒന്നുയർത്തി വീണ്ടും വെറുതേ ഒന്നുകൂടി പുതപ്പിക്കുമ്പോഴോ സ്വപ്നത്തിലെന്നപോലെ അവനത് അറിയാറുണ്ട്. ഒന്നു ചുണ്ട് കോട്ടി ചിരിച്ചവൻ ഉറക്കത്തിലേക്കു മടങ്ങുകയാണു പതിവ്.

സ്വപ്നാന്റി വീട്ടുജോലിക്കാരിയാണെന്ന് ഒരാളും വിശ്വസിക്കില്ല. അത്രയ്ക്കു വീട്ടുകാരിയാണവർ. അഖിലിനെ പൂർണമായി വിശ്വസിച്ച് ഏൽപ്പിക്കാനുള്ളതുകൊണ്ട് നല്ല ശമ്പളം കൊടുത്താണവർ സ്വപ്നയെ ജോലിക്കു നിയമിച്ചിരിക്കുന്നത്.

അഖിലുണ്ടായി മൂന്നുമാസത്തിനകം സ്വപ്ന എത്തിയതാണ്. എത്ര ആത്മാർത്ഥമായാണ് അവർ എല്ലാ



വര: അരുണ ആലഞ്ചേരി

കാര്യവും ചെയ്യുന്നതെന്ന് മാത്യുവും ഭാര്യയും നന്ദിയോടെ ഓർക്കാറുമുണ്ട്.

സ്വപ്നാന്റിയെ വലിയ ഇഷ്ടമാണെങ്കിലും അഖിലിന് ഇടയ്ക്കിടെ സങ്കടം വരും. കൂട്ടുകാരായ കുട്ടികളോടൊപ്പമൊന്നും തനിക്കു കളിക്കാൻ പറ്റുന്നില്ല. പപ്പയോടും മമ്മയോടുമൊപ്പം ഒരിടത്തേക്കും പോകാൻ പറ്റുന്നില്ല. സ്വപ്നാന്റിക്കാണെങ്കിൽ ഒരു നൂറുകൂട്ടം ജോലി വേറെയുണ്ട്. ബോറടി ഒരു തീരാ പ്രശ്നമാണവന്. മറ്റു കൂട്ടുകാരോടൊപ്പം മൈതാനത്ത് ഓടിക്കളിക്കാൻ, പാർക്കിൽ ഒളിച്ചുകളിക്കാൻ ഒക്കെ അവനിഷ്ടമാണ്. പക്ഷേ ഒന്നും അവനു സാധിക്കുന്നില്ല. നാലുചുമരുകൾക്കുള്ളിലെ കളി അവനു തീരെ ഇഷ്ടപ്പെടുന്നില്ല.

മമ്മയുടെ ഐഫോണിലാണ് അഖിൽ ആദ്യം പോക്കിമൊനെ കണ്ടത്. ടി വിയിൽ കാർട്ടൂണായി പോക്കിമൊൻ ഉണ്ടെന്നു കൂട്ടുകാരൻ ജിംജോർജ് അവനോടു പറഞ്ഞിട്ടുണ്ടെങ്കിലും എന്തുകൊണ്ടോ അവനതു കണ്ടിട്ടില്ല. ഫോണിൽക്കൂടി നോക്കിയപ്പോൾ പോക്കിമൊൻ വീടിന്റെ ഓരോരോ ഭാഗത്തു പതുങ്ങി നിൽക്കുന്നത് അവൻ കണ്ടു. കണ്ടുപിടിക്കാനവിടെ ചെല്ലുമ്പോൾ കാണാനുമില്ല. പോക്കിമൊനെ കണ്ടുപിടിക്കാനവന് ഏറെ കൊതിയായിരുന്നു. ഒരിക്കലെങ്കിലും ഒന്നു കണ്ടിരുന്നെങ്കിൽ... അവൻ കൊതിച്ചു.

മമ്മ ദീപ്തിമാത്യു അന്നവനോടു ചോദിച്ചു....

''നിനക്കെന്താ ബർത്ഡേ ഗിഫ്റ്റ് വേണ്ടത്? നെക്സ്റ്റ് ഫ്രൈഡേ നിന്റെ പിറന്നാളാണല്ലോ.''

അവനൊന്നും ചോദിക്കാനുണ്ടായിരുന്നില്ല.

''എനിക്ക് പോക്കിമൊനെ കണ്ടാൽ മതി...''

മമ്മ ചിരിച്ചു.

''പിന്നെ അന്നൊരു പാർട്ടി മമ്മ അറേഞ്ച് ചെയ്യുന്നുണ്ട്. നാലാൾ... നമ്മൾ മാത്രം ആഘോഷിക്കുന്ന ഒരു പാർട്ടി. ഓക്കെ?''

ഇത്തരം അവസരത്തിൽ മമ്മയും പപ്പയും സ്വപ്നാന്റിയും അവനുംകൂടി ഒരുമിച്ച് കൂടി അല്പസമയം ചിലവാക്കും. അതാണ് മമ്മയുടെ 'അഖിൽ പാർട്ടി'. കേക്കും മെഴുകുതിരിയും മിഠായിയും ബലൂണും ബർത്ഡേ പാർട്ടിയിലുണ്ടാവും എന്നവനറിയാം. കൊതിയോടെ കാത്തു കാത്തിരുന്നിട്ടും ബർത്ഡേ പാർട്ടി സമയത്തൊന്നും ആരംഭിച്ചില്ല. ബലൂണും മെഴുകുതിരിയും എല്ലാവരെയും കാത്തിരുന്നു മടുത്തു. പുതിയ ഉടുപ്പിട്ടു തന്നെ അഖിലുറങ്ങി.

അർധരാത്രി വന്നുകയറിയ മാത്യുവും ദീപ്തിയും സ്വപ്നയോടു വിളിച്ചു പറഞ്ഞു.

''ഹറിയപ്പ്. എല്ലാം വേഗം പാക്കു ചെയ്യണം''

ദീപ്തി രമ്യഭാവത്തിൽ സ്വപ്നയോടു തുടർന്നു.

''നാളെ രാവിലെ ഞങ്ങൾക്കു ദുബായിക്ക് പോണം. ബിസിനസ്സ് ആവശ്യമാണ്. ഒരാഴ്ച കഴിഞ്ഞേ വരൂ. നീ മോന്റെ കാര്യം പതിവു പോലെ നോക്കിയേക്കണം. ഇന്നു ഞങ്ങൾ താമസിച്ചു വന്നത് അവനു വലിയ വിഷമമായിക്കാണുമല്ലേ?''

സ്വപ്നയൊന്നും പറഞ്ഞില്ല. അല്ലെങ്കിലെന്തു പറയാനാണ് ഇതിനൊക്കെ? ആരുടെയും കുറ്റമല്ല. എന്നാൽ എല്ലാവരുടെയും കുറ്റമാണു താനും...

നെറ്റിയിലോരോ ഉമ്മകൊടുത്ത് മാത്യുവും ദീപ്തിയും പോയതിനുശേഷമാണ് ഉണർന്നുകിടന്ന അവൻ കണ്ണുതുറന്നത്.

''അവരെങ്ങോട്ടാ പോയത് സ്വപ്നാന്റീ?''

''ഓ... അടുത്തെവിടേക്കോവാ....രണ്ടു ദിവസം കഴിയുമ്പോ വരും. നമുക്ക് കളിക്കാലോ...''

അഖിൽ മുഖം കഴുകി ഹോർലിക്സ് കുടിച്ചു.

ദൂരെ കാണുന്ന ഫ്ളാറ്റിലെ ജനലിൽ അന്നൊരിക്കൽ കണ്ട പോക്കിമൊനെ കണ്ടുപിടിക്കാൻ പോയാലോ എന്നവൻ വെറുതേ ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് സ്വപ്നാന്റിയുടെ ഫോൺ ശബ്ദം കേൾപ്പിച്ചത്. സ്വപ്നാന്റിയുടെ 'അയ്യോ.... അയ്യോ...' പറച്ചിലും ചെറിയ കരച്ചിലും തലയിൽ പിടിച്ചുള്ള നിൽപ്പും കണ്ട് അഖിൽ അടുത്തുചെന്നു.

''മോനേ... എന്റെ അച്ഛൻ മരിച്ചുപോയി... എനിക്കു പോണം...''

'മരിച്ചോ? പാവം.' അഖിലിനത്രേം പറയാനേ അറിയുമായിരുന്നുള്ളൂ.

''എന്തുചെയ്യും മോനേ?

**മമ്മയുടെ ഐഫോണിലാണ് അഖിൽ ആദ്യം പോക്കിമൊനെ കണ്ടത്. ടി വിയിൽ കാർട്ടൂണായി പോക്കിമൊൻ ഉണ്ടെന്നു കൂട്ടുകാരൻ ജിംജോർജ് അവനോടു പറഞ്ഞിട്ടുണ്ടെങ്കിലും എന്തുകൊണ്ടോ അവനതു കണ്ടിട്ടില്ല. ഫോണിൽക്കൂടി നോക്കിയപ്പോൾ പോക്കിമൊൻ വീടിന്റെ ഓരോരോ ഭാഗത്തു പതുങ്ങി നിൽക്കുന്നത് അവൻ കണ്ടു.**

പപ്പേം മമ്മേം ഒരാഴ്ച കഴിഞ്ഞേ വരുവൊള്ളല്ലോ? ആന്റി എന്തു ചെയ്യും?''

''നമുക്കിപ്പം പോകാം ആന്റീ. ഞാനും വരാം ആന്റീടെ വീട്ടിലോട്ട്...''

പെട്ടെന്ന് അങ്ങനെ പറയാനാണ് അഖിലിനു തോന്നിയത്...

സ്വപ്നയ്ക്ക് മറ്റൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. ഇനി വിളിച്ചാൽ പോലും ദീപ്തിമാഡത്തെയും മാത്യുസാറിനെയും ഫോണിൽ കിട്ടില്ല. അത്രയ്ക്കവർ തന്നെ വിശ്വസിക്കുന്നുമുണ്ട്. ബിസിനസ്സിന്റെ തലവേദനയ്ക്കിടയിൽ വീടിന്റെയും കുട്ടിയുടെയും എല്ലാ വേദനകളും സന്തോഷങ്ങളും അവളാണ് നേരിടുന്നത്. തീരുമാനമെടുത്തേ പറ്റൂ. കുട്ടിയെ തനിയെ വെളിയിൽ വിടരുതെന്നും ഏതു തരത്തിലും കുറഞ്ഞ ഇടങ്ങളിലേക്കു കൊണ്ടുപോകരുതെന്നുമാണ് അവരുടെ ഒരേയൊരു കല്പന. അനുവാദം ചോദിക്കാൻപോലും നിൽക്കാതെ പോയേ മതിയാകൂ. തന്റെ വീട് കുറഞ്ഞ സ്ഥലമായി അവർ കാണുമോ?

അവർ ആ ഗ്രാമത്തിലേക്ക് ബസ്സ് കയറി. ബസ്സുയാത്ര അഖിലിനെ അത്ഭുതപ്പെടുത്തി. എന്തൊക്കെയാണ് കാണാനുള്ളത്?

സ്വപ്നാന്റിയുടെ വീടിരിക്കുന്നത് ഒരു തെരുവിലാണ്. കുഞ്ഞുകുഞ്ഞു മൺവീടുകൾ. മണ്ണുകൊണ്ടു ചട്ടീം കലവും ഉണ്ടാക്കുന്ന കുറെ മനുഷ്യരെയാണ് അവൻ പലയിടത്തും കണ്ടത്.

സ്വപ്നാന്റിയുടെ കുഞ്ഞു വീട്ടിൽ പുറത്ത് കയറുകട്ടിലിൽ കിടത്തിയിരുന്ന വെള്ളപുതച്ച ഒരു രൂപം ആന്റിയുടെ പപ്പയാണെന്ന വന് മനസ്സിലായതേയില്ല. കുറെപ്പേർ കരയുന്നു. കുറെപ്പേർ എന്തൊക്കെയോ പറയുന്നു. അവസാനം ചെറിയ പാട്ടുകളോടുകൂടി വെള്ളത്തുണി എടുത്ത് അവർ പുറത്തേക്കു, ദൂരേക്കു ചുമന്നു കൊണ്ടുപോകുന്നു. അവൻ സ്വപ്നാന്റി കരയുന്നത് വെറുതേ ഒന്നു നോക്കിയിട്ട് അവിടുത്തെ പലവിധ അത്ഭുതക്കാഴ്ചകളിലേക്ക് കണ്ണയച്ചു... നെല്ലു കൊത്തുന്ന കോഴി, മണ്ണിലിഴയുന്ന പെരിക്കാലട്ട, മരത്തിൽ തൂങ്ങുന്ന ചാമ്പക്ക ഇതൊന്നും അവനു മനസ്സിലായില്ല. 'ഇതെന്താ? ഇതെന്താ?' എന്നവൻ ചോദിച്ചുകൊണ്ടിരുന്നപ്പോൾ ആരൊക്കെയോ പറഞ്ഞു കൊടുത്ത കാര്യങ്ങൾ...

കാഴ്ചകൾ കണ്ടു തളർന്നപ്പോൾ വീണ്ടുമവൻ സ്വപ്നാന്റിയുടെ അടുത്തെത്തി. ആന്റിയുടെ അമ്മ താഴെ ഒരു പായയിൽ കരഞ്ഞുകൊണ്ടു കിടക്കുകയാണ്. സ്വപ്നാന്റി അമ്മയെ കെട്ടിപ്പിടിച്ചു കരയുന്നു.

''സ്വപ്നാന്റി കരയണ്ടാട്ടോ... ആന്റിക്ക് ഞാനില്ലേ? ആന്റി ഇതുപോലെ മരിച്ചു പോണവരെ ആന്റിക്ക് ഞാനുണ്ട്.''

അഖിലങ്ങനെ പറഞ്ഞതും സ്വപ്ന കൂടുതൽ ഉറക്കെ കരയാൻ തുടങ്ങി. സ്വപ്നയുടെ അമ്മ പായയിൽ എണീറ്റിരുന്നു. അവനെ കൈക്കുള്ളിലൊതുക്കി കവിളിൽ ഉമ്മ വച്ചു.

**സ്വപ്നയ്ക്ക് മറ്റൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. ഇനി വിളിച്ചാൽ പോലും ദീപ്തിമാഡത്തേയും മാത്യുസാറിനേയും ഫോണിൽ കിട്ടില്ല. അത്രയ്ക്കവർ തന്നെ വിശ്വസിക്കുന്നുമുണ്ട്. ബിസിനസ്സിന്റെ തലവേദനയ്ക്കിടയിൽ വീടിന്റെയും കുട്ടിയുടെയും എല്ലാ വേദനകളും സന്തോഷങ്ങളും അവളാണ് നേരിടുന്നത്. തീരുമാനമെടുത്തേ പറ്റൂ.**

അഖിൽ സന്തോഷത്തോടെ സ്നേഹത്തോടെ നീട്ടി വിളിച്ചു. ''അമ്മൂമ്മേ..''

ചടങ്ങുകൾ എല്ലാം കഴിഞ്ഞു. തിരികെ പോകാൻ നേരം സ്വപ്നയുടെ അമ്മ തന്റെ പഴയ തകരപ്പെട്ടി തപ്പിത്തുറന്ന് ഒരു മൺപ്രതിമ അഖിലിനു നൽകി.

''നിനക്ക് അമ്മൂമ്മയുടെ സമ്മാനം.''

അവൻ നോക്കി. കറുത്ത മണ്ണിൽ തീർത്ത ഒരു ചെറിയ പെൺകുട്ടി. അവന്റെ പ്രായം കാണും. കുഞ്ഞുപാവാട, കുഞ്ഞുമാല, വലിയ കണ്ണുകൾ, നല്ല ചിരി. അവന് ആ കുട്ടിയെ എന്തിഷ്ടമായെന്നോ?

തിരികെ ബസ്സിലിരിക്കുമ്പോൾ അവനേറ്റവും സൂക്ഷിച്ചു പിടിച്ചത് അവൻ 'ചക്കു' എന്നു പേരിട്ട ആ പാവയെയായിരുന്നു. വീട്ടിൽ മേശപ്പുറത്തു സൂക്ഷിച്ചു വയ്ക്കുന്നതുവരെ അവനൊരു ആശ്വാസമില്ലായിരുന്നു. 'പൊട്ടിപ്പോകുമോ?' എന്നവൻ പേടിച്ചു. ആ യാത്രയെക്കുറിച്ചു മാത്രം അവൻ രണ്ടുദിവസം ആലോചിച്ചുകൊണ്ടിരുന്നു. പിന്നെ അതു മറന്നു തുടങ്ങിയപ്പോൾ അവനു വീണ്ടും ബോറടിച്ചുതുടങ്ങി. സ്വപ്നാന്റിയുടെ പടികയറിയാൽ ടോഫി കിട്ടുന്ന ഗെയിം ഒന്നും അവൻ ഇഷ്ടപ്പെട്ടതേയില്ല. അഞ്ചുദിവസത്തിലേറെയായി പപ്പയെയും മമ്മയെയും കണ്ടിട്ട്. എത്ര



നിയന്ത്രിച്ചിട്ടും സാധിക്കാതെ അവൻ കരയാൻ തുടങ്ങി.

''മമ്മേ കാണണം... മമ്മേ കാണണം.''

സ്വപ്നാന്റി അവനുള്ള ഹോർലിക്സ് കലക്കുകയായിരുന്നു.. സ്വപ്നത്തിലും ഉണർവിലും 'മമ്മ... മമ്മ' എന്നവൻ ചിണുങ്ങിക്കൊണ്ടിരുന്നു...

''സാരമില്ലെന്റെ കുട്ടീ... മമ്മ നാളെ വരില്ലേ... അതുവരെ നമുക്കു സംസാരിക്കാൻ എന്തൊക്കെ കാര്യങ്ങളുണ്ട്.''

അപരിചിത ശബ്ദം കേട്ട് അവൻ കണ്ണുതിരുമ്മി നോക്കി. നല്ല ചിരിയും കറുത്ത കണ്ണും കുസൃതിയുമായി അതാ ചക്കു...

അവൻ മേശപ്പുറത്തേക്കു നോക്കി. അവിടെ പാവയില്ല.. ഇതാ ജീവൻവച്ച് തന്റെയടുത്ത്...

''കളിക്കാം, ചിരിക്കാം, കഥപറയാം, പാട്ടുപാടാം.. വാ വാ ഞാൻ നിന്റെ സ്വന്തം കൂട്ടുകാരിയാ..''

അഖിൽ സന്തോഷത്തോടെ ചാടിയെണീറ്റു. അവനൊരിക്കലും പിന്നെ പോക്കിമൊനെ അന്വേഷിച്ചില്ല.

തിരിച്ചെത്തിയ പപ്പയും മമ്മിയും പതിവിനു വിപരീതമായി സന്തോഷമായി തങ്ങളെ സ്വീകരിക്കുന്ന മോനെക്കണ്ട് അത്ഭുതപ്പെട്ടു. അമ്മ ചോദിച്ചു.

''നിനക്കീ കളിമൺ പ്രതിമ എവിടുന്നു കിട്ടി?''


മറ്റുള്ളവരെ കാണുമ്പോൾ പാവയായും അവന്റെ മുമ്പിൽ മാത്രം സ്വന്തം കൂട്ടുകാരിയായും മാറുന്ന ചക്കു അവന്റെ ജീവിതം ഏറ്റെടുത്തു.



# അക്ഷരചിത്രം

**ഭരണിക്കാവ് കൃഷ്ണൻ**

ചെന്നായയുടെ തൊണ്ടയിൽ കുടുങ്ങിയ എല്ല് ഊരിയെടുക്കുന്ന കൊക്കിനെ വരയ്ക്കാം. 2, ര എന്നിവ ഉപയോഗിച്ചാണ് വരച്ചിരിക്കുന്നത്.



# തെരുവോണക്കാഴ്ച

മുഹമ്മ ശശിധരപ്പണിക്കർ

തിരുവോണത്തോണിയിലാർപ്പോ
വിളിയുമായ്
അരുമയാം ചിങ്ങമൊരുങ്ങി വന്നു.
മാവേലിനാടിൻ മധുരസ്മൃതിയുമായ്
ആവണിത്തെന്നലൂഞ്ഞാലുകെട്ടി.
ചെത്തി, മന്ദാരവും മുക്കുറ്റി, മുല്ലയും
മുത്തുക്കുടകൾ വിടർത്തിനിന്നു.
കുമ്പിട്ടുനിൽക്കുന്ന തുമ്പക്കുടങ്ങളും
ഇമ്പമോടോണപ്പുടവ നെയ്തു.
നാടും നഗരവും നാനാജനങ്ങളും
മോടിയിലോണമൊരുക്കിടുന്നു.

താങ്ങും തണലുമില്ലാത്തവരായെങ്ങും
പാതയോരങ്ങളിൽ ചേരികളിൽ
കാണാറുണ്ടൊത്തിരി പട്ടിണിപ്പാവങ്ങൾ
വാടിത്തളർന്നു വലഞ്ഞിടുന്നോർ
ഉണ്ണാ,നുടുക്കുവാനില്ലാതെ നിത്യവും
കണ്ണീരിൽ മുങ്ങുന്ന ജീവിതങ്ങൾ
സ്വാദേറുമൂണും പുതിയ വസ്ത്രങ്ങളും
സ്വപ്നത്തിൽ മാത്രമവർക്കു സ്വന്തം.

ഇത്തിരിച്ചോറിനായ് നീട്ടും കരങ്ങളെ
തട്ടിമാറ്റാതെ, കരുണയോടെ
സദ്യയും കോടിയുമൊത്തപോലേകുകിൽ
ഹൃദ്യമായ്ത്തീരുമവർക്കുമോണം.
മിന്നിത്തിളങ്ങുമാ നന്മ, നിറവിന്റെ
പൊന്നോണമെന്നും മഹിതമാകും.
മണ്ണും മനസ്സുമുണർന്നു പാടും, നിറ-
കണ്ണീരുതോരും പ്രസാദമേറും.
അതുകാൺകെ, കാണാമറയത്തു മാവേലി-
ത്തിരുമേനിയാനന്ദക്കണ്ണീർ തൂകും!



വര: അരുണ ആലഞ്ചേരി



# ഇടിമിന്നൽ വന്നാൽ എന്തു ചെയ്യും?
# ഉത്തരമെഴുതൂ സമ്മാനം നേടൂ...

റസിയയും അഭിഷേകും സ്കൂളിൽനിന്നും വീട്ടിലേക്കു മടങ്ങുമ്പോഴാണ് ഇടിമിന്നൽ വന്നത്. ''നമുക്ക് കാലുകൾ കൂട്ടിവച്ച് നിലത്തിരിക്കാം. മിന്നൽ മാറുമ്പോൾ വീട്ടിൽപ്പോകാം.'' പേടിയോടെ റസിയ പറഞ്ഞു. അവർ കാൽപ്പാദങ്ങൾ ചേർത്തുവച്ചു നിലത്തിരുന്നു.

മിന്നൽ വന്നപ്പോൾ ഇവർ ചെയ്തതു ശരിയാണോ? മിന്നൽ വരുമ്പോൾ എന്തെല്ലാം രക്ഷാമാർഗങ്ങളാണു നാം സ്വീകരിക്കേണ്ടത്? അറിയാവുന്ന കാര്യം കൂട്ടുകാർ എഴുതി അറിയിക്കുക. മികച്ച ഉത്തരങ്ങൾക്ക് സമ്മാനമുണ്ട് കേട്ടോ!

കത്തെഴുതേണ്ട വിലാസം

**കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി**
പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം 33
ഇമെയിൽ keralasdma@gmail.com

പൊതുജന താത്പര്യാർത്ഥം പ്രസിദ്ധീകരിക്കുന്നത്.

കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം 33
ഫോൺ: 0471-2331345, ഫാക്സ് 0471-2333198 സ്റ്റേറ്റ് കൺട്രോൾ റൂം: 1070
വെബ്സൈറ്റ്: www.sdma.kerala.gov.in

# ഓണത്തമ്മ

സുഗതകുമാരി

## രംഗം ഒന്ന്

*(ഗ്രാമപ്രദേശത്തെ ടിൻഷീറ്റുമേഞ്ഞ കൊച്ചു വീട്. വരാന്തയിൽ അകലേക്കു കണ്ണുംനട്ടിരിക്കുന്ന പത്തു വയസ്സുകാരി അമ്മുവും അനിയൻ അപ്പുവും)*

അമ്മു : ഇരുട്ടിത്തുടങ്ങി അപ്പൂ. അമ്മയെ കണ്ടില്ലല്ലോ? എത്ര നേരമായി...
അപ്പു : പേടിയാവുന്നു ചേച്ചീ.... നമ്മടെ അച്ഛൻ വന്നാലോ! എവിടെ പോയി നമ്മടെ അമ്മ...? *(വിതുമ്പുന്നു. അമ്മു അനിയനെ ചേർത്തുപിടിച്ച് ദൂരെ കണ്ണും നട്ട് വരാന്തപ്പടിയിൽ ഇരിക്കുന്നു. ഇരുൾ പരന്നു തുടങ്ങി.)*

## രംഗം രണ്ട്

*(നഗരത്തിരക്ക്- ഓണച്ചന്തയിലൂടെ തിരക്കിട്ടുവരുന്ന മെലിഞ്ഞ ചെറുപ്പക്കാരി. കൈയിൽ കുറെ പ്ലാസ്റ്റിക് കവറുകൾ... സഞ്ചികൾ... വിയർത്തു തളർന്ന് ഓടിവരുന്ന അവളാണ് അമ്മ)*
പശ്ചാത്തല ശബ്ദങ്ങൾ
സ്ത്രീശബ്ദം:നാളെ തിരുവോണമല്ലേ! ഇത്തിരി നേരത്തേ എന്നെ വിടണേ.
പരുഷമായ പുരുഷശബ്ദം:നിങ്ങൾക്കറിഞ്ഞുകൂടേ ഓണമാണെന്ന്! ഈ തിരക്കു കണ്ടിട്ടും നേരത്തേ പോണമത്രേ! വല്ലതും കാശു കിട്ടുന്ന സമയമാ. നിങ്ങൾക്കൊക്കെ എണ്ണിത്തരണ്ടേ. കുറച്ചു കഴിഞ്ഞു പോയാൽ മതി.''



വര: സുനിൽ അശോകപുരം

സ്ത്രീശബ്ദം:എന്റെയമ്മേ കാലു കഴച്ചൊടിയുന്നു. നിന്നുനിന്നു വയ്യേ വയ്യ...

മറ്റൊരു

കച്ചവടക്കാരൻ:ഇതിലും വില കൊറഞ്ഞതോ? മിനക്കെടുത്താതെ പോവിൻ പെങ്ങളേ

സ്ത്രീശബ്ദം:എന്താ വെല! അപ്പുമോന് ഉടുപ്പും നിക്കറും കിട്ടി. ഇനി മോൾക്ക് പാവാട... ബ്ലൗസ്... രണ്ടു തോർത്തും വേണം. ദൈവമേ ! ഇത്തിരി പച്ചക്കറീം ശർക്കരേം വാങ്ങിക്കണ്ടേ?

മറ്റൊരു

പുരുഷശബ്ദം:നോക്കിൻ, നല്ലോരോണമായിട്ടും കടം പറേന്നോ? എല്ലാ മാസോം ഞാൻ കടം തരാറുണ്ടല്ലോ... ങാ പോട്ടെ, പോട്ടെ. നിന്നു കരയണ്ട, നല്ലോരോണദിവസമായിട്ട്. ഇതാ ശർക്കര...

*(ഈ സമയമെല്ലാം അമ്മ വേദിയിൽ തിരക്കിട്ടു നടന്ന് ഓരോന്നു വാങ്ങുന്നതും കൈകൂപ്പുന്നതും കണ്ണുതുടയ്ക്കുന്നതും കാണാം. ബസ്സിന്റെ ഇരമ്പൽ. അമ്മ തിക്കിത്തിരക്കി കയറുന്നു. തൂങ്ങിനിൽക്കാൻ ഇടമില്ലാതെ കൈനിറയെ പൊതിക്കെട്ടുകളുമായി വേച്ചുവേച്ചു വീഴാതെ സൂക്ഷിച്ച് ബസ്സിൽ ആടിയാടി....)*

## രംഗം മൂന്ന്

*(പ്രഭാതം... കുട്ടികൾ കുളിച്ച് ചന്ദനംതൊട്ട് പുതിയ ഉടുപ്പുകളിട്ട് പൂക്കളമൊരുക്കുന്നു അമ്മു പൂവിടുന്നു. അപ്പു പൂക്കൾ എടുത്തു കൊടുക്കുന്നു)*

അപ്പു : ഹായ് ! എത്രമാത്രം പൂക്കളാ ആ വല്യ ഗേറ്റുള്ള വീട്ടില്! നമ്മൾക്ക് കേറാനൊക്കൂല്ലല്ലോ ചേച്ചീ....

അമ്മു : പോടാ, നമുക്കു വേണ്ടത് ഈ റോഡുവക്കിലൊക്കെയുണ്ട്... തൊടീലുണ്ട്... നമ്മടെ ആ കുന്നു നിറച്ച് തെറ്റിപ്പൂവൊണ്ടായിരുന്നു. കദളിപ്പൂവ്, തൊട്ടാവാടി, കോളാമ്പി... എല്ലാം പോയി... ഇടിച്ചു മറിച്ചു കളഞ്ഞു ആ ആനയന്ത്രം വന്ന്!

അപ്പു : *(എണീറ്റ് ജെ സി ബി യായി അഭിനയിക്കുന്നു)* സാരമില്ല ചേച്ചി. അമ്മ നട്ട ചെമ്പരത്തീല് നെറെ പൂവൊണ്ടല്ലോ. ഇത്രേം മതി!... ഹാ! എന്തൊരു രസമാ ചേച്ചി പൂവിട്ടത്.

*(അമ്മ അകത്തുനിന്നുവന്ന് എത്തിനോക്കുന്നു. മുഷിഞ്ഞ വേഷം. വിയർത്ത മുഖം. കൈയിലൊരു ചട്ടുകം. ചുണ്ടത്തു പുഞ്ചിരി)*

അമ്മ : നന്നായിട്ടുണ്ട് അമ്മൂ

അമ്മു : പായസം വച്ചോ അമ്മേ...?

അമ്മ : അമ്മ ചോറുവെച്ചു, കൂട്ടാൻവെച്ചു, ഉപ്പേരി വറുത്തു, പായസം അടുപ്പത്ത് കെടക്കുന്നു. നീ പോയി മൂന്നാല് ഇല മുറിച്ചോണ്ടുവാ...

അപ്പു : *(പേടിയോടെ)*അമ്മാ... അച്ഛൻ വരുമോ അമ്മേ...? അപ്പൂനു പേടിയാ...

അമ്മ : മോൻ പേടിക്കേണ്ട. ഓണമല്ലേ!

**'ഹായ്! എത്രമാത്രം പൂക്കളാ ആ വല്യ ഗേറ്റുള്ള വീട്ടില്! നമ്മൾക്ക് കേറാനൊക്കൂല്ലല്ലോ ചേച്ചീ....' 'പോടാ, നമുക്കു വേണ്ടത് ഈ റോഡുവക്കിലൊക്കെയുണ്ട്... തൊടീലുണ്ട്... നമ്മടെ ആ കുന്നു നിറച്ച് തെറ്റിപ്പൂവൊണ്ടായിരുന്നു. കദളിപ്പൂവ്, തൊട്ടാവാടി, കോളാമ്പി... എല്ലാം പോയി... ഇടിച്ചു മറിച്ചു കളഞ്ഞു ആ ആനയന്ത്രം വന്ന്!'**

അച്ഛൻ വരുമായിരിക്കും. മൂന്നു ദിവസമായി കണ്ടിട്ട്. വരുമായിരിക്കും. ഓണമായിട്ട് അങ്ങേർക്കും ചോറുണ്ണണ്ടേ?

അപ്പു : അച്ഛനെന്തിനാ ചോറ്? വരാതിരുന്നാ മതിയായിരുന്നു!

അമ്മ : അങ്ങനെ പറേല്ലേ മക്കളേ *(അയലത്തെ കുട്ടികളുടെ പാട്ട്, ബഹളം എല്ലാവരും ശ്രദ്ധിക്കുന്നു)*

അമ്മു : ഞങ്ങള് പോയി കളിച്ചോട്ടെ അമ്മേ, ഊഞ്ഞാലൊണ്ട് അപ്പുറത്ത്. വരുമ്പോ ഇല മുറിച്ചോണ്ടു വരാം.

*(ഓടിപ്പോവുന്നു...പാട്ടുകൾ.... കളിമേളങ്ങൾ... ഊഞ്ഞാൽപാട്ട്..)*

## രംഗം 4

കൊളുത്തിവെച്ച കൊച്ചുനിലവിളക്കിനു മുന്നിൽ ഇലയിട്ട് ഉണ്ണാനിരിക്കുന്ന കുട്ടികൾ. വിളമ്പുന്നതിനു മുമ്പ് അമ്മ അവരെ നോക്കി നിൽക്കുന്നു)

അമ്മ : എന്തു ഭംഗിയാ എന്റെ മക്കളെ കാണാൻ! *(കണ്ണുതുടയ്ക്കുന്നു)*

അമ്മു : എന്താ അമ്മേ!

അമ്മ : ഒന്നുമില്ല മക്കളേ. *(വിളമ്പിത്തുടങ്ങുന്നു...)* ഇതാ തിരുവോണം വന്നു. മാവേലി ത്തമ്പുരാൻ വന്ന് നിങ്ങടെ അടുത്തിരിപ്പുണ്ട്. വിളക്കിനു മുമ്പിൽ കൊച്ചു തുമ്പിലയിട്ടിരി ക്കുന്നത് തമ്പുരാനാണ്. കണ്ണടച്ച് നോക്കി ക്കോളൂ... പട്ടുടുത്ത് കിരീടംവെച്ച് മണിമാ ലയിട്ട് തമ്പുരാൻ അടുത്തുതന്നെ പടിഞ്ഞി രുന്ന് ഉണ്ണുകയാണ്.

അമ്മു : *(കണ്ണുപൂട്ടിയിരുന്ന്)* കാണാമമ്മേ, വലിയ കൊമ്പൻ മീശയുണ്ട്. കുടവയറുണ്ട്. ടീവീല് കാണുമ്പോലെ!

*(അമ്മു ചിരിക്കുന്നു) കുട്ടികൾ*

*അമ്മ പെട്ടെന്ന് നടുങ്ങി നോക്കുന്നു. ദൂരെ നാവുകുഴഞ്ഞ ഓണപ്പാട്ട്. ആടിയാടിവരുന്ന അച്ഛൻ. കുട്ടികൾ ഉരുള കൈയിൽ പിടിച്ച് നിശ്ചലരാകുന്നു)*

അച്ഛൻ :എവിടെടീ നീ! കാണിച്ചുതരാം...! ങേ? എവിടെപ്പോയിക്കെടക്കുന്നെടീ എല്ലാരും?

അപ്പു : അയ്യോ! നമ്മുടെ പൂക്കളമൊക്കെ ചവിട്ടി! വേണ്ടച്ഛാ.... വേണ്ടച്ഛാ!

അച്ഛൻ അകത്തേക്കു കയറുന്നു.



*ഊണുകഴിച്ചു തുടങ്ങുന്നു. അമ്മ ഇട യ്ക്കിടെ മുറ്റത്തേക്ക് നോക്കുന്നുണ്ട്)*

അപ്പു : അയ്യ്! എന്തു രസം! ഉപ്പേരി, പപ്പടം! പരിപ്പ് ! എന്തു രുചിയാ

അമ്മു : അമ്മേ, അമ്മ കുളിച്ചില്ല, ചന്ദനം തൊട്ടില്ല, മുണ്ടുമാറിയില്ല.

അപ്പു : അതൊന്നും സാരമില്ല കേട്ടോ! എന്തു ഭംഗിയാ നമ്മടെ അമ്മയ്ക്ക്!

*(കുനിഞ്ഞിരുന്ന് ഉണ്ണുന്ന കുട്ടികൾ.*

അച്ഛൻ :ഫ! എവിടുന്നാടീ *ഇതൊക്കെ! (ഒറ്റച്ചവിട്ടിന് വിളക്കും പാത്രങ്ങളും ഇലകളു മെല്ലാം ചിതറുന്നു. ചോറും കറികളുമെല്ലാം നിലത്തുവീണു പരക്കുന്നു. കുട്ടികൾ ഓടി മറയുന്നു. അമ്മ കൈയിൽ തവിയുമായി അനങ്ങാതെ നിൽക്കുകയാണ്)*

അച്ഛൻ :നാവെറങ്ങിപ്പോയോടീ..! എവിടാരു ന്നെടീ നീയ്? രണ്ടു ദെവസമായി എവിടെയാ രുന്നെടി മൂധേവി പറ... *(തലമുടിക്കു ചുറ്റി*



*പ്പിടിച്ച് ഉലയ്ക്കുന്നു. തടയാൻ ശ്രമിച്ച അമ്മയെ അടിച്ചു ചവിട്ടി മുറ്റത്തേക്ക് തള്ളുന്നു)* പോടീ പോടീ. കണ്ടുപോകരുതിനി ഇവിടെ! പോയിത്തുലയ്...

*(പുലമ്പിക്കൊണ്ട് ആടിയാടി വരാന്തയിൽ പോയി വീഴുന്നു. കുറെ നേരത്തെ നിശ്ശബ്ദത. അച്ഛന്റെ കൂർക്കംവലി ഉയരുന്നു. പൂക്കളത്തിനു മുകളിൽ ചെന്നു വീണ അമ്മ പതുക്കെ എഴുന്നേൽക്കുന്നു. മുഖവും ദേഹത്തെ മണ്ണും ചതഞ്ഞ പൂക്കളുമൊക്കെ തുടച്ചുമാറ്റി അകത്തേക്കു കയറുന്നു. അടുക്കളയിൽ ചെന്ന് പാത്രങ്ങൾ തുറന്നു നോക്കുന്നു. കുറച്ച് ചോറും കൂട്ടാനുമുണ്ട്. ഒരാൾക്കുള്ളതുമാത്രം. അതു മുഴുവനും രണ്ടു പ്ലേറ്റിലായി വിളമ്പിയെടുത്ത് അമ്മ പുറകുവശത്തേക്കിറങ്ങുന്നു.)*

അമ്മ : *(ശബ്ദം താഴ്ത്തി)* മക്കളേ വരിൻ *(ഒളിച്ചുനിന്ന കുട്ടികൾ പേടിയോടെ എത്തിനോക്കുന്നു. പതുക്കെ അടുത്തു വരുന്നു)*

അമ്മ : ഇതാ ഇവിടിരുന്ന് വേഗം ഉണ്ടോളിൻ *(കുട്ടികൾ ആർത്തിയോടെ വാരി ഉണ്ണുന്നു. അമ്മു പെട്ടെന്ന് തല പൊക്കി)*

അമ്മു : അപ്പൊ അമ്മയ്ക്കോ...?

അമ്മ : ഞാൻ നേരത്തേ ഉണ്ടു മക്കളേ, *(കുട്ടികൾ പരിഭ്രമത്തോടെ വാരിവാരി ഉണ്ണുന്നു.തട്ടിമറിഞ്ഞുകിടന്ന പാത്രത്തിൽ ബാക്കിയുണ്ടായിരുന്ന ഒരിത്തിരി പായസം അമ്മ രണ്ടു മക്കൾക്കും മാറിമാറി കോരിക്കൊടുക്കുന്നു)*

അപ്പു : *(ചിരിയോടെ)* എന്തു മധുരമാ എന്റെ അമ്മേടെ പായസത്തിന്.

*(അമ്മയുടെ മുഖത്ത് പുഞ്ചിരി. അമ്മയുടെ കണ്ണുകളിൽ ഓണപ്പൂക്കളുടെ നൂറഴക്. മക്കൾക്ക് പായസം കോരി വായിൽ വെച്ചു കൊടുത്തുകൊണ്ട് തെളിഞ്ഞ പുഞ്ചിരിയോടെ അമ്മ മൂളിപ്പാട്ടുപാടുകയാണ്.*

മാവേലി നാടു വാണീടും കാലം...!
ആമോദത്തോടെ വസിക്കും കാലം...!

*(കുട്ടികളുടെ ശബ്ദത്തിൽ ഒരു കോറസ് ഉയർന്നു കേൾക്കുന്നു... മാവേലി നാടുവാണീടും കാലം...)*

# ചേറുമീൻ വേട്ട

## എം ആർ രേണുകുമാർ

ചേറുമീൻ എന്നു കേട്ടിട്ടുണ്ടോ? ഏതാണ്ട് വരാലിനെപ്പോലെ തന്നെയാണ്. ഇനി വരാലെന്താണെന്നു പറയേണ്ടി വരുമോ? ഇല്ലെന്നു കരുതുന്നു. ഈ ചേറുമീനൊണ്ടല്ലോ വരാലിനെക്കാൾ വലുതാകും. വരാലിനെക്കാൾ ബുദ്ധിയുമുണ്ട്. അതിന്റെ വാലിലും വയറുഭാഗത്തുമൊക്കെ ചെങ്കല്ലുനിറമാണ്. ചില ചേറുമീനുകൾക്ക് ഒരാളുടെ കാലിന്റെയത്ര വലിപ്പംവരെയുണ്ടാകും. ഒരൊറ്റ കാര്യത്തിലേ ചേറുമീൻ വരാലിനു താഴെ വരൂ. അതു രുചിയുടെ കാര്യത്തിലാണ്. വരാല് കറിവെച്ചാലോ വറുത്താലോ കിട്ടുന്ന രുചി ചേറുമീന് കിട്ടില്ല. ചേറുമീന്റെ ബുദ്ധിയുടെ കാര്യം പറഞ്ഞല്ലോ. അതിനെ അങ്ങനെയൊന്നും ചൂണ്ടയിൽ കിട്ടില്ല. വരാലാണെങ്കിൽ പാർപ്പു*മായി നിൽക്കുന്നതു കണ്ടാൽ ചൂണ്ടയിലൊരു പാറ്റയോ മാക്രിക്കുഞ്ഞോ അതൊന്നുമല്ലെങ്കിൽ ഒരു ചൊവന്ന മുളകോ കോർത്തിട്ടാൽ മതി. ഒരൊറ്റ വെട്ടാണത്. പിന്നെ ചൂണ്ടയൊന്നാഞ്ഞു വലിച്ചാൽ മതി, വരാല് പറമ്പിക്കെടക്കും. എന്നാൽ ഇവനുണ്ടല്ലോ ഈ ചേറുമീൻ, ചൂണ്ടയിൽ കിട്ടാൻ പാടാ. ചൂണ്ടയിട്ടോണ്ടിരുന്നാൽ വെള്ളത്തിനടിയിൽനിന്നു പൊങ്ങിവന്ന് നമ്മളെയൊന്നു നോക്കും. പിന്നെയൊറ്റ വെട്ടാണ്. ചിലപ്പോ ചൂണ്ടക്കണപോലും ഒടിഞ്ഞുപോകും ആ വെട്ടിൽ. ഭയന്നു കാൽ വഴുതി നമ്മള് വെള്ളത്തിലേക്ക്‌വീഴാനും അതുമതി. അങ്ങനെ വീണിട്ടുള്ളവരുടെ നെഞ്ചുംകൂട് ഇടിച്ചുതകർത്ത് ചേറുമീൻ ആളെ വകവരുത്തുമെന്ന് അമ്മ പറഞ്ഞുകേട്ടിട്ടുണ്ട്. നേരാണോ എന്തോ? അമ്മയെന്നെ പേടിപ്പിക്കാൻ പറഞ്ഞതാണോ. ഹേയ്, ആവാൻ തരമില്ല. അതിന്റെ വെള്ളത്തിൽക്കിടന്നുള്ള വെട്ടിമറിച്ചിലും വാലിട്ടടിയും കടുപ്പിച്ച നോട്ടവുമൊക്കെ



വര: അരുണ ആലഞ്ചേരി

കണ്ടാൽ ആരുമത് വിശ്വസിച്ചുപോകും. മഴക്കാലത്ത് പറമ്പിലും ചിലപ്പോ വീട്ടിനകത്തുമൊക്കെ വെള്ളം കേറും. വെള്ളത്തിന്റെ കൂടെ പല മീനുകൾക്കൊപ്പം പാർപ്പുകളുമായി ചേറുമീനും കേറിവരും. രണ്ടുപേരുണ്ടാവും. അച്ചനും അമ്മയുമാണ്. പാർപ്പുകൾ നീന്തുന്നതിന്റെ ഏഴയലത്ത് മറ്റുമീനുകളെയൊന്നും ഇവരടുപ്പിക്കില്ല. വെള്ളത്തിൽ വീഴുന്ന കോഴിക്കുഞ്ഞുങ്ങളെയും കിളിക്കുഞ്ഞുങ്ങളെയുംവരെ ഇവർ വെട്ടിവിഴുങ്ങിക്കളയും. കാര്യങ്ങൾ ഇങ്ങനെയൊക്കെ ആണെങ്കിപ്പിന്നെ ആരെങ്കിലും ചൂണ്ടയുമായി ഇതുങ്ങളെ പിടിക്കാൻ ധൈര്യപ്പെടുമോ? എവിടെ? അതിനു ധൈര്യമുള്ള ഒരൊറ്റ കുട്ടിപോലും ഈ കരയിലില്ല. പിന്നെ ഈ ചേറുമീനെ എങ്ങനെയാ പിടിക്കുന്നതെന്നു തോന്നുന്നുണ്ടാവും. വല്യചേട്ടായിമാർക്ക് പിടിക്കാൻ പറ്റും. അവരു പക്ഷേ ചൂണ്ടയിട്ടൊന്നുമല്ല ചേറുമീനെ പിടിക്കുന്നത്. സിബിച്ചേട്ടായീം വാസുച്ചേട്ടായീമൊക്കെ ചേറുമീനെ പിടിക്കാൻ വിരുതന്മാരാ. പിടിച്ച ചേറുമീനെ ചിലപ്പോ തോളെ വെച്ചോണ്ടാവും ചേട്ടായിമാര് വരിക. അത്രയ്ക്കുണ്ടാവും അതിന്റെ വലുപ്പം. ചേട്ടായിമാരുടെ കൈയിൽ കമ്പിത്തെറ്റാലിയുണ്ട്. എവിടെയെങ്കിലും മറഞ്ഞിരുന്ന് തെറ്റി*യാണ് അവര് മീനിനെ പിടിക്കുക. ചിലപ്പോ മുനകൂർപ്പിച്ച നീളൻ കമ്പികൊണ്ട് കുത്തിയും പിടിക്കും. ചിലപ്പോ മുപ്പല്ലികൊണ്ടും കുത്തിപ്പിടിക്കും. ചേട്ടായിമാര് ചേറുമീന്റെ വാലിലേക്കാണ് തെറ്റുക. വാലിൽ കമ്പികൊണ്ടാൽ പിന്നെ ചേറുമീന് വാലിട്ടടിച്ച് മറിയാൻ പറ്റില്ല. ചേറുമീന്റെ ശക്തിമുഴുവൻ അതിന്റെ വാലിലാ. കമ്പി വാലിൽ കൊണ്ടാലുടൻ ചേട്ടായിമാര് വെള്ളത്തിലേക്കു ചാടിയിറങ്ങി ചെറിയൊരു മൽപ്പിടുത്തത്തിലൂടെ ചേറുമീനെ കീഴടക്കും. ചിലപ്പോഴൊക്കെ കമ്പിയൂരിപ്പോവുകയും ചേറുമീൻ രക്ഷപ്പെടുകയും ചെയ്യും.

മഴക്കാലത്ത് വെള്ളത്തിന്റെ കൂടെ മീനുകൾക്കൊപ്പം പാർപ്പുകളുമായി ചേറുമീനും കേറിവരും. രണ്ടുപേരുണ്ടാവും. അച്ചനും അമ്മയുമാണ്. പാർപ്പുകൾ നീന്തുന്നതിന്റെ ഏഴയലത്ത് മറ്റുമീനുകളെയൊന്നും ഇവരടുപ്പിക്കില്ല. വെള്ളത്തിൽ വീഴുന്ന കോഴിക്കുഞ്ഞുങ്ങളെയും കിളിക്കുഞ്ഞുങ്ങളെയുംവരെ ഇവർ വെട്ടിവിഴുങ്ങിക്കളയും.

കമ്പിയൂരിപ്പോയി എന്നറിഞ്ഞാൽപ്പിന്നെ ചേട്ടായിമാര് വെള്ളത്തിൽ കിടക്കില്ല. എപ്പഴാ നെഞ്ചുംകൂട് നോക്കി തലകൊണ്ടുള്ള ഇടിവരുന്നതെന്ന് അറിയാൻ പറ്റില്ലല്ലോ. അങ്ങനെ രക്ഷപ്പെട്ടാലും ദേഹത്ത് കമ്പികൊണ്ടു മുറിഞ്ഞ പാടുമായി കുറച്ചു ദിവസം കഴിയുമ്പോൾ ചേറുമീൻ വീണ്ടും പ്രത്യക്ഷപ്പെടും. പാർപ്പുകൾക്കു തുണയും തണലുമായി വെള്ളത്തിൽ നെഞ്ചുവിരിച്ചുനിൽക്കും. ഹോ! അതൊരു കാണേണ്ട കാഴ്ചയാണ്. എങ്ങനെയേലും ഒരു ചെറിയ ചേറുമീനെയെങ്കിലും പിടിക്കുക എന്നതാണ് എന്റെ ലക്ഷ്യം. കഴിഞ്ഞവർഷം ഒരു വരാലിനെ ചൂണ്ടയിട്ടു വലിച്ച് ക്ലാസുമുറിയിൽ ഇട്ടതോടെ സ്കൂളിലും നാട്ടിലുമൊക്കെ എനിക്കിത്തിരി പേരൊക്കെ വന്നതാണ്. പക്ഷേ എന്തു പറയാനാ. പിന്നീടങ്ങനൊന്നും ഉണ്ടായില്ല. അല്ലെങ്കിലും ആർക്കും പിടിക്കാവുന്ന ഒരു വരാലിനെ പിടിച്ചിട്ടെന്തു കാര്യം. പിടിക്കുവാണെങ്കിൽ ചേറുമീനെ തന്നെ പിടിക്കണം. ഇങ്ങനെയൊക്കെ ആലോചിച്ച് തലപുണ്ണാക്കി കിടക്കുമ്പോഴാണ് തട്ടുമ്പുറത്തെ വിള്ളലിലൂടെ പുറത്തേക്കു ഞാന്നുകിടക്കുന്ന കാലൻകുട എന്റെ കണ്ണിൽപ്പെട്ടത്. ഞാൻ ചാടിയെണീറ്റു.

## രണ്ട്

“നീയിതെവിടെപ്പോകുന്നു ചെക്കാ, പഴഞ്ചൻ കൊടേം എടുത്തോണ്ട്?” ചിന്നമ്മൂന്റെ തലേൽ പേൻ നോക്കിയിരിക്കുന്നതിനിടയിൽ അമ്മ ചോദിച്ചു.

‘അതൊക്കെയുണ്ട്, ഇപ്പ കണ്ടോണം’ എന്ന മട്ടിൽ ഞാൻ അമ്മയെ ഒന്നു നോക്കി. മുഖത്തേക്ക് വീണു കിടന്ന മുടിയൊതുക്കി ‘എന്നാത്തിനാ ചേട്ടായി’ എന്നൊരു നോട്ടം ചിന്നമ്മുവും പാസാക്കി.

“ദേ അച്ചനത് നന്നാക്കാൻ വെച്ചേക്കുവാണോന്നൊന്നും എനിക്കറിയില്ല കേട്ടോ.”

അമ്മ വിടുന്ന മട്ടില്ല.

“പിന്നെ ഈ പഴഞ്ചടാക്ക് കൊടയല്ലേ ഇനി നന്നാക്കാൻ പോണേ.”

ഞാനങ്ങനെ പറഞ്ഞുകൊണ്ട് കൊട മാനത്തേക്കു നിവർത്തി. ചെറുതും വലുതുമായ നൂറുകണക്കിന് നക്ഷത്രങ്ങൾ അതിനുള്ളിൽ തെളിഞ്ഞുകണ്ടു. കുത്തുവിട്ട രണ്ടുകമ്പികൾ തെറിച്ചും

*പാർപ്പ് - മീൻകുഞ്ഞുങ്ങൾ, *തെറ്റുക- എറിഞ്ഞുപിടിക്കുക*

നിൽപ്പുണ്ട്.

''ഇതപ്പടി ഉറുമ്പരിച്ചുപോയമ്മേ.'' ഞാൻ പറഞ്ഞു.

''അതിനെന്നാ അച്ചൻ ശീല മാറിക്കോളും.'' അമ്മ തടസ്സം പറയാൻ തുടങ്ങി.

''ഒന്നു പോമ്മേ. ഇതാകെ തുരുമ്പെടുത്തിരിക്കുവാ. ഇനിയിതൊന്നിനും കൊള്ളത്തില്ല.'' ഞാൻ കൊട മടക്കിക്കൊണ്ടു പറഞ്ഞു.

''അതു ചേട്ടായി എടുത്തോട്ടമ്മേ. എത്രനാളായി അതു വെറുതേ തട്ടുമ്പുറത്തു കെടക്കുന്ന്.'' ചിന്നമ്മു എനിക്കു സൈഡു പറഞ്ഞു.

''ഓ ഒരു സപ്പോർട്ടിക്കാ വന്നേക്കുന്നു. എഴുന്നേറ്റുമാറു പെണ്ണേ. മതി തലേ നോക്കിയത്.''

അമ്മ ദേഷ്യം നടിച്ച് ചിന്നമ്മൂനെ പിടിച്ചെഴുന്നേൽപ്പിച്ച്, മടി തട്ടിക്കുടഞ്ഞുകൊണ്ടു പറഞ്ഞു. ഞാൻ ചിന്നമ്മൂനെ നോക്കി കണ്ണിറുക്കി.

''നീയെന്താന്നുവെച്ചാ ചെയ്യ്. അച്ചൻ വരുമ്പോ അടി കിട്ടിയാ എന്നോടൊന്നും പറേരുത്.''

അമ്മ അരപ്രൈസിൽ ഇരുന്ന ഗ്ലാസുകളും മൊന്തയും എടുത്തോണ്ട് പെരയ്ക്കകത്തേക്കുപോയി. നീളൻമുടി രണ്ടായി പകുത്ത് ചീകിക്കൊണ്ട് ചിന്നമ്മു എന്റടുത്തേക്കു വന്നു.

''ഇതെന്നാത്തിനാ ചേട്ടായീ?'' അവൾ ചോദിച്ചു.

''നീ നോക്കിക്കോ ഇപ്പ കണ്ടോണം.''

ഞാൻ കൊടശീല പറിച്ചുകളഞ്ഞോണ്ടു പറഞ്ഞു. ഇതിനിടയിൽ അവൾ മുടിചീകിക്കഴിഞ്ഞിരുന്നു.

''ഇതൊന്നു കെട്ടിത്തരുവോ ചേട്ടായീ?'' കൈപ്പിടിയിലൊതുങ്ങാത്ത മുടി പിടിച്ചുകൊണ്ട് അവൾ ചോദിച്ചു.

''പിന്നെന്താ,'' എന്നു പറഞ്ഞുകൊണ്ട് അവൾക്കു മുടികെട്ടി റബർബാന്റും ഇട്ടുകൊടുത്തു. അവൾ അലക്കുകല്ലിൽ കയറിയിരുന്നു. ഞാൻ കൊടക്കമ്പികൾ ഓരോന്നായി അഴിച്ചെടുക്കാൻ തുടങ്ങി.

''ചിന്നമ്മുവേ, ഇങ്ങോടി വന്നേ.'' അപ്പോൾ അടുക്കളേന്ന് അമ്മ വിളിച്ചു.

''ഓ ഈ അമ്മേടെ ഒരു കാരിയം.'' ചിന്നമ്മു ചൊടികളിൽ പരിഭവം വരുത്തി അലക്കുകല്ലേന്ന് ചാടിയിറങ്ങി.

''ഞാനിപ്പോ വരാവേ,'' എന്നു പറഞ്ഞ് ചീപ്പുമെടുത്ത് മുറ്റത്തൂടെ അടുക്കളവശത്തേക്ക് അവൾ ഓടിപ്പോയി. ഞാൻ ഏഴുകമ്പികളും അഴിച്ചെടുത്തു. ഇനിയാണു പണി. ആറെണ്ണം ചേർത്തു വില്ലുണ്ടാക്കണം. കമ്പികളുടെ എണ്ണം കുറഞ്ഞാൽ വില്ലിന്റെ ശക്തികുറയും. ഒരെണ്ണത്തിനെ അമ്പാക്കി മാറ്റണം. ഞാൻ ആറുകമ്പികൾ ചേർത്തുവച്ച് പമ്പരച്ചരടുകൊണ്ടു ചുറ്റി ഒന്നാക്കി വലിച്ചുമുറുക്കി കെട്ടി. ഒരറ്റം നിലത്തുകുത്തിപ്പിടിച്ച് കമ്പി ചെറുതായി വളച്ച് ചരടിന്റെ യറ്റം കമ്പിയുടെ മറ്റേയറ്റത്തു കെട്ടി വില്ലുണ്ടാക്കി. ചരടു വലിഞ്ഞുമുറുകിയാണ് നിൽപ്പ്. ഇപ്പം പൊട്ടുമെന്ന മട്ടിൽ. പക്ഷേ അങ്ങനെയൊന്നും പൊട്ടില്ല പമ്പരച്ചരട്. ഇനി അമ്പുണ്ടാക്കണം. കമ്പിയുടെ ഒരറ്റം സൂക്ഷിച്ച് തല്ലിയൊടിച്ചാൽ ചെറിയൊരു കവരംപോലെ ഒടിഞ്ഞുകിട്ടും. ഈ തുമ്പ് ഞാണിൽവെച്ചു വലിച്ചാണ് അമ്പുവിടുന്നത്. മറ്റേയറ്റം ചുറ്റികകൊണ്ട് അടിച്ചുരുട്ടിയെടുക്കും. പിന്നെ കല്ലിലുരച്ച് കൂർമ്പന വരുത്തും. കൂർത്തമുനയുടെ മൂർച്ച കൈകൊണ്ടു തൊട്ടുപരിശോധിക്കും. നല്ല ചൂടുണ്ടാവും അതിന്റെ തുമ്പിനപ്പോൾ. ഇനിയൊരു മൂന്നുവാര പ്ലാസ്റ്റിക് നൂല് കൂടിയുണ്ടെങ്കിൽ അമ്പും വില്ലും റെഡിയായി. പ്ലാസ്റ്റിക് കൂട്ടിക്കെട്ടി ഒരറ്റം അമ്പിന്റെ ചുവട്ടിൽ കെട്ടും. മറ്റേയറ്റം വില്ലിലും.

ഞാൻ അമ്പും വില്ലും ഒന്നു പരീക്ഷിക്കാൻ നോക്കി. ചേട്ടായിമാരൊക്കെ അമ്പും വില്ലുമുപയോഗിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അവരറിയാതെ ഇടയ്ക്കൊക്കെ അതു തൊട്ടുനോക്കുകയും എങ്ങനെയാണത് ഉണ്ടാക്കിയിട്ടുള്ളതെന്ന് കണ്ടുപഠിച്ചിട്ടുമുണ്ട്. പക്ഷേ അതൊന്നെടുത്ത് പ്രയോഗിക്കാൻ ധൈര്യം വന്നിട്ടില്ല. എങ്ങോട്ടെയ്യും എന്നാലോചിച്ച് ഞാൻ അമ്പും വില്ലുമായി നിന്നു. മണ്ണിലൊരു ചെറിയ തടിക്കഷണം കിടക്കുന്നു. ഞാനതിനെ ഉന്നം വച്ച് അമ്പു വലിച്ചുവിട്ടു. തടിക്കഷണത്തിൽ കൊള്ളാതെ അമ്പ് മണ്ണിൽ തറഞ്ഞുകയറി.

''അയ്യേ കൊണ്ടില്ലേ... കൊണ്ടില്ലേ...'' ഇതിനിടയിലെപ്പോഴോ അടുത്തെത്തിയ ചിന്നമ്മു കളിയാക്കിച്ചിരിച്ചു. ഞാനും ചിരിച്ചു. ഞാൻ

ഞാൻ ഏഴുകമ്പികളും അഴിച്ചെടുത്തു. ഇനിയാണു പണി. ആറെണ്ണം ചേർത്തുവില്ലുണ്ടാക്കണം. കമ്പികളുടെ എണ്ണം കുറഞ്ഞാൽ വില്ലിന്റെ ശക്തികുറയും. ഒരെണ്ണത്തിനെ അമ്പാക്കി മാറ്റണം. ഞാൻ ആറുകമ്പികൾ ചേർത്തുവച്ച് പമ്പരച്ചരടുകൊണ്ടു ചുറ്റി ഒന്നാക്കി വലിച്ചുമുറുക്കി കെട്ടി. ഒരറ്റം നിലത്തുകുത്തിപ്പിടിച്ച് കമ്പിചെറുതായി വളച്ച് ചരടിന്റെ യറ്റം കമ്പിയുടെ മറ്റേയറ്റത്തുകെട്ടി വില്ലുണ്ടാക്കി.





അമ്പു വലിച്ചൂരി അതിന്റെ മുനയിലെ മണ്ണു തൂത്തു കളഞ്ഞു.

''ചേട്ടായി ഞാൻ വരുന്നേനു മുമ്പ് ഒണ്ടാക്കിയില്ലേ അമ്പുംവില്ലും. ഞാൻ പെണക്കവാ.'' ചിന്നമ്മു ചിണുങ്ങി.

''നിനക്കു വരാൻ പാടില്ലായിരുന്നോ?'' പറമ്പിലെ വാഴക്കൂട്ടങ്ങൾക്കിടയിലേക്ക് നടന്നുകൊണ്ട് ഞാൻ പറഞ്ഞു.

''ഓ അമ്മയെന്നെക്കൊണ്ട് അരീലെ കല്ല് പെറുക്കിക്കുവാരുന്നു'' ചിന്നമ്മു കണ്ണു നിറച്ചുകൊണ്ടു പറഞ്ഞു.

''ശ്ശോ കരയാതെ. നമുക്ക് അച്ചൻ വരുമ്പം അമ്മേടെ കാര്യം പറഞ്ഞുകൊടുക്കണം.''

അമ്പും വില്ലും ചിന്നമ്മൂന് നേരെ നീട്ടിക്കൊണ്ട് ഞാൻ പറഞ്ഞു. അവൾ അതു വാങ്ങാതെ അതിനെയൊന്നു തൊട്ടുനോക്കി. മുഖം സന്തോഷംകൊണ്ടു വിടർന്നു. നനഞ്ഞ കണ്ണുകൾ തിളങ്ങി. അവളുടെ മുഖത്ത് അപ്പടി കണ്ണാ. ഞാനവളുടെ കവിളിൽ ഒരുമ്മ വെച്ചുകൊടുത്തു.

''ഇപ്പം പോയില്ലേ പെണക്കം.'' ഞാൻ ചോദിച്ചു.

''പിണക്കോന്നും പോയില്ല.'' അവൾ ചിരിച്ചോണ്ടു പറഞ്ഞു.

''പോയേ... പോയേ... പെണക്കം പോയേ...''

ഞാനവളെ ഒരു കൈകൊണ്ട് വാരിയെടുത്ത്





തോളിലിട്ടു. അവൾ കാലിട്ടടിച്ചു. കൈകൊണ്ട് എന്റെ പുറത്ത് വേദനിക്കാതെ ഇടിച്ചു. വാഴക്കൂട്ടങ്ങൾക്കിടയിൽ ഞങ്ങടെ ചിരിയുയർന്നു. വാഴച്ചുണ്ടുകളിൽ തേൻ കുടിക്കാനെത്തുന്ന കുരുവികളും അണ്ണാന്മാരും ഞങ്ങടെ ചിരി ഏറ്റുപിടിച്ചു.

‘‘എടാ കൊച്ചിനെ താഴെ നിർത്തടാ. അവളെങ്ങാനും വീഴും.’’

ആ ഒച്ചകേട്ടതും ഞാനവളെ താഴെനിറുത്തി തിരിഞ്ഞുനോക്കി. സഞ്ചിയിലെന്തൊക്കെയോ സാധനങ്ങളുമായി അച്ചൻ മുറ്റത്തു നിൽക്കുന്നു. അമ്മ അങ്ങോട്ട് നടന്നടുക്കുന്നു. ഇരുവരും കുടഞ്ഞിട്ട് ചിരിക്കുകയാണ്. അമ്മ അച്ചന്റെ കൈയിലിരുന്ന സഞ്ചി വാങ്ങിച്ചു.

## മൂന്ന്

ചിന്നമ്മൂനെ ഞാൻ താഴെ നിറുത്തി. അവൾ എന്നെവിട്ട് അച്ചന്റെയടുത്തേക്ക് ഓടിച്ചെന്നു. അച്ചനവളെ തൂക്കിയെടുത്തു.

‘‘നീയെന്താ അവടെ നിക്കുന്നെ... വാടാ.’’

അനങ്ങാതെനിന്ന എന്നെ നോക്കി അച്ചൻ കൈകാണി

ച്ചു വിളിച്ചു. അമ്പും വില്ലും പുറകിലേക്കു മറച്ച് ഞാൻ അടുത്തേക്കു നടന്നുചെന്നു. അമ്മയും ചിന്നമ്മൂം എന്റെ വരവു കണ്ട് അടക്കിച്ചിരിക്കുന്നുണ്ട്.

''എന്താടീ ചേട്ടായിക്കൊരു പരുങ്ങൽ?'' അച്ചൻ ചിന്നമ്മൂനോടു ചോദിച്ചു.

''അതോ... ചേട്ടായിന്നൊരമ്പും വില്ലുമുണ്ടാക്കിയച്ചാ.''

ചിന്നമ്മു അച്ചന്റെ ദേഹത്തുനിന്നും ഊർന്നിറങ്ങിക്കൊണ്ടു പറഞ്ഞു.

''ഉവ്വോ... അതാണോ നീ പുറകി മറച്ചുപിടിച്ചേക്കുന്നെ. കാണിച്ചേ നോക്കട്ടെ.''

അച്ചൻ ചിരിച്ചോണ്ടു പറഞ്ഞു. ഞാൻ മടിയോടും തെല്ലുപേടിയോടും കൂടി അമ്പും വില്ലും അച്ചന്റെ നേരേ നീട്ടി. അമ്മയുടെയും ചിന്നമ്മുവിന്റെയും മുഖത്തൂന്ന് ചിരിമാഞ്ഞു. വാഴയിലകളിലെ കാറ്റ് കാതോർത്തു നിന്നു. കുരുവികളും അണ്ണാന്മാരും ചിലപ്പുനിർത്തി. അച്ചൻ കുറേ നേരം എന്നെ നോക്കി. പിന്നെ കുനിഞ്ഞ എന്റെ മുഖമുയർത്തിക്കൊണ്ടു പറഞ്ഞു.

''ഇതു കൊള്ളാല്ലോടാ... കുട്ടാ, നീയിതൊക്കെ എങ്ങനെ പഠിച്ചു?''

''ഹോ, ആശ്വാസമായി! ഇച്ചായനിവനെ വഴക്കുപറയുമോന്ന് പേടിച്ചിരിക്കുവാരുന്നു ഞാൻ.'' എന്റെ കൈക്കു പിടിച്ചുകൊണ്ട് അമ്മ പറഞ്ഞു.

''ഓ ഇതിനിപ്പോ എന്നാ വഴക്കുപറയാനാ.'' അച്ചൻ ചിരിച്ചോണ്ട് വില്ലിന്റെ ഞാണിൽ പിടിച്ചു വലിച്ചു വിട്ട് അതിന്റെ വലിവ് പരിശോധിച്ചു.

''മനുഷ്യാ നിങ്ങടെ പഴഞ്ചൻ കൊടേടെ കമ്പിയൂരിയാ ഇവനിതൊണ്ടാക്കിയത്.'' അമ്മ പറഞ്ഞു ചിരിച്ചു.

"നീയിതിപ്പോ എന്തിനാ ഉണ്ടാക്കിയെ?" വിയർപ്പിൽ കുതിർന്ന കാക്കിയുടുപ്പ് മുറ്റത്തെ കമ്പി അയയിൽ വിരിച്ചിടുമ്പോൾ അച്ചൻ ചോദിച്ചു.
"ചേറുമീനെ തെറ്റാൻ." ഞാൻ കൂസലില്ലാതെ പറഞ്ഞു.
"ചേറുമീനെ തെറ്റാനോ.... നീയോ?"
വിശ്വാസം വരാത്ത മട്ടിൽ അച്ചനെന്നെ നോക്കി.

''അമ്പട വീരാ.... നീയാളു കൊള്ളാവല്ലോ.'' അച്ചൻ എന്നെ ചേർത്തുപിടിച്ചു.

''അച്ചന് ദേഷ്യായോ!'' ഞാൻ ചോദിച്ചു.

''എനിക്കു ദേഷ്യായി! ഭയങ്കരദേഷ്യം. ഹഹഹ!'' അച്ചൻ ഉച്ചത്തിൽ ചിരിച്ചുകൊണ്ട് എന്നേം ചിന്നമ്മൂനേം പൊതിഞ്ഞു പിടിച്ചു.

അച്ചന്റെയൊപ്പം അമ്മേം ചിന്നമ്മും ചിരിക്കാൻ തുടങ്ങിയതുകണ്ട് ഞാനും ചിരിക്കാൻ തുടങ്ങി. അതോടെ കിളികളും അണ്ണാന്മാരും ചിലയ്ക്കാൻ തുടങ്ങി. ഇടയ്ക്കു ശങ്കിച്ചുനിന്ന കാറ്റ് വാഴക്കൈകളിൽ ചിരികുടഞ്ഞിട്ട് വടക്കോട്ടു കുതിച്ചു പോയി.

അമ്മ സഞ്ചിയുമായി അകത്തേക്കുനടന്നു. അരിയും പച്ചക്കറിയുമൊക്കെ കൂടാതെ സഞ്ചിയിൽ അരിയുണ്ടയോ കൊഴുക്കട്ടയോ അങ്ങനെ ന്തെങ്കിലും തിന്നാൻ കാണുമെന്ന് അറിയാവുന്നതുകൊണ്ട് ചിന്നമ്മു അമ്മയുടെ പുറകെ വെച്ചുപിടിച്ചു.

''ഞാൻ സഹായിക്കണോ അമ്മേ?''അവൾ ചോദിക്കുന്നുണ്ട്.

''ഉം...ഉം... മനസ്സിലായി, ഒരു സഹായക്കാരി.'' അമ്മ അടുക്കളവഴി അകത്തേക്കു കയറി. മുറ്റത്തു നിൽക്കുന്ന എന്നെ ശബ്ദം താഴ്ത്തി 'വാവാന്ന്' കൈകാട്ടി വിളിച്ച് ചിന്നമ്മൂം പുറകെ കയറി.

''നീയിതിപ്പോ എന്തിനാ ഉണ്ടാക്കിയെ?'' വിയർപ്പിൽ കുതിർന്ന കാക്കിയുടുപ്പ് മുറ്റത്തെ കമ്പി അയയിൽ വിരിച്ചിടുമ്പോൾ അച്ചൻ ചോദിച്ചു.

''ചേറുമീനെ തെറ്റാൻ.'' ഞാൻ കൂസലില്ലാതെ പറഞ്ഞു.

''ചേറുമീനെ തെറ്റാനോ.... നീയോ?''

വിശ്വാസം വരാത്ത മട്ടിൽ അച്ചനെന്നെ നോക്കി. ഇതിനിടെ ഉടുപ്പിന്റെ പോക്കറ്റീന്നു താഴെവീണ ചില്ലറപ്പൈസകൾ ചൂണ്ടി അതെടുത്തോളാൻ പറഞ്ഞു.

''എടാ ചേറുമീനെയൊന്നും അങ്ങനെ ഈ കൊടക്കമ്പികൊണ്ടൊന്നും തെറ്റിപ്പിടിക്കാൻ പറ്റുകേല.'' അച്ചൻ തലകുനിച്ച് തിണ്ണയിലേക്കു കയറി.

''വരാലിനെ തെറ്റാല്ലോ?'' എന്നുപറഞ്ഞ് ഞാനും പുറകെ കയറി.

''ങ്ഹാ. വരാലിനെക്കിട്ടും. അതും വാലിനിട്ട് തെറ്റണം. അല്ലെങ്കിലത് കമ്പി തെറുപ്പിച്ച് കടന്നുകളേം.'' അച്ചൻ തുടർന്നു.

''എനിക്കറിയാം അച്ചാ.... എനിക്കു നല്ല ഉന്നവാ.'' ഞാൻ പറഞ്ഞു. അച്ചൻ ചിരിച്ചു. പിന്നെ കസേരയിൽ ചാഞ്ഞിരുന്നുകൊണ്ടു പറഞ്ഞു.

''ശരി... ശരി സമ്മതിച്ചു. അമ്പും വില്ലുമൊക്കെ എവിടേലും എടുത്തുവെച്ചിട്ട് പോയിരുന്നു നാലക്ഷരം പഠിക്ക് പോ....പോ....''

ഞാൻ അച്ഛനെ അനുസരിക്കുന്ന മട്ടുകാണിച്ച് തല കുലുക്കിക്കൊണ്ട് അടുക്കളയിലേക്കു നടന്നു.

''എടിയേ.... കട്ടനില്ലേ? ഇത്തിരി വെള്ളോം ചൂടാക്കിക്കോ. മേലാകെയൊരു വേദന. ഒന്നു കുളിക്കണം.'' അച്ഛൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞത് എനിക്കുമുമ്പേ അടുക്കളയിലെത്തി.

അച്ഛന്റെ ശീലങ്ങൾ അമ്മയ്ക്കു നന്നായി അറിയാം. അമ്മ ചില്ലുഗ്ലാസിലേക്കു കട്ടൻ ഒഴിക്കുന്നു. അടുപ്പിൽ വെള്ളം ചൂടാകാൻ വച്ചിട്ടുണ്ട്. പത്തായത്തിന്റെ പുറത്തു കയറിയിരുന്ന് ചിന്നമ്മു അരിയുണ്ടയുമായി ഗുസ്തി തുടങ്ങിയിട്ടുണ്ട്.

''ഒന്നു മാറിക്കേടാ ചെക്കാ... ഞാനീ കാപ്പിയൊന്നു കൊടുത്തോട്ടെ.''

ഒത്തിരി എടയുണ്ടായിട്ടും ചുമ്മാതങ്ങനെ പറഞ്ഞുകൊണ്ട് അമ്മ ചൂടുകാപ്പി തുളുമ്പാതെ പിടിച്ചോണ്ട് തിണ്ണയിലേക്കു പോയി. ചിന്നമ്മു മടിയിലെ കടലാസുപൊതിയിൽനിന്ന് ഒരു അരിയുണ്ടയെടുത്ത് എന്റെ നേരെ വച്ചുനീട്ടി.

''നീ കഴിച്ചോ... ഞാൻ പിന്നെക്കഴിച്ചോളാം.'' അമ്പും വില്ലും പത്തായത്തിന്റെ അടിയിലേക്കു ഭദ്രമായി തള്ളിവച്ചുകൊണ്ട് ഞാൻ പറഞ്ഞു.

അച്ഛനോടു നേരിട്ടു പറയാത്ത ഏതോ മറുപടി പിറുപിറുത്തുകൊണ്ട് അമ്മ മടങ്ങി വന്നു. ഈ തലചൊറിച്ചിലും അതിന്റെ തുടർച്ചയാണ്. രണ്ടു കോപ്പകളിൽ ഞങ്ങളുടെ കാപ്പി അമ്മ പത്തായത്തിന്റെ പുറത്തുവച്ചുകൊണ്ട് പറഞ്ഞു.

''ഇന്നാ... കാപ്പി; രണ്ടു പേർടേം... എടീ ചിന്നമ്മൂ, അത് തട്ടിമറിച്ചു കളയരുത്.''

പിന്നെ അമ്മ അടുപ്പേലിരിക്കുന്ന വെള്ളത്തിന്റെ ചൂടു നോക്കി. പോരാന്ന് തോന്നി വിറക് അടുപ്പിലേക്ക് ഒന്നുകൂടെ ഉന്തിവച്ചു. ഞങ്ങൾ ചക്കരക്കാപ്പി ഊതിയൂതി കുടിക്കുകയും അരിയുണ്ട കാർന്നുകാർന്നു തിന്നുകയും ചെയ്തുകൊണ്ടിരുന്നു.

താഴേക്കു താണുപോകാതെ മുകളിലേക്ക് ഉയർന്നുവരാൻ ഞാൻ ആഞ്ഞു തുഴയുന്നുണ്ട്. ഇതിനിടെ എവിടെനിന്നോ ഭീമാകാരനായ ഒരു മീൻ എന്റെ മുന്നിൽ പൊടുന്നനെ പ്രത്യക്ഷപ്പെട്ടു. എന്റമ്മേ! അതു ചേറുമീനൊന്നുമല്ല. ഒരു മുട്ടൻഡോൾഫിൻ. ഏതോ സിനിമയിൽ ഞാനതിനെ കണ്ടിട്ടുണ്ട്.

## നാല്

വൈകിയാണുണർന്നത്. പതിവുപോലെ അച്ഛൻ അതിരാവിലെതന്നെ നഗരത്തിലേക്ക് പോയിരുന്നു. ഞാൻ മനസ്സുകൊണ്ടു ചേറുമീൻ പിടുത്തം തുടർന്നുകൊണ്ടിരുന്നു. ഇന്നലെരാത്രി ഉറങ്ങുന്നതുവരെ ഇതുതന്നെയായിരുന്നു ചിന്ത. സ്വപ്നത്തിലേക്ക് വഴുതിയപ്പോഴൊക്കെ ചേറുമീൻവേട്ടയായിരുന്നു.

ചേറുമീൻ എന്റെ ചൂണ്ടയിൽ കുരുങ്ങുന്നു. ഞാൻ ചൂണ്ട കരയിലേക്കു വലിക്കുമ്പോൾ മീനെന്നെ വെള്ളത്തിലേക്കു വലിക്കുന്നു. ഒടുക്കം ഇരിക്കുന്ന തിട്ടയിളകി കാലു പറിഞ്ഞ് ഞാൻ വെള്ളത്തിൽ വീഴുന്നു. വീഴുമ്പോഴാണറിയുന്നത് അതു കണ്ടമോ, തോടോ, കുളമോ ഒന്നുമല്ല കടലാണെന്ന്. താഴേക്കു താണുപോകാതെ മുകളിലേക്ക് ഉയർന്നുവരാൻ ഞാൻ ആഞ്ഞു തുഴയുന്നുണ്ട്. ഇതിനിടെ എവിടെനിന്നോ ഭീമാകാരനായ ഒരു മീൻ എന്റെ മുന്നിൽ പൊടുന്നനെ പ്രത്യക്ഷപ്പെട്ടു. എന്റമ്മേ! അതു ചേറുമീനൊന്നുമല്ല. ഒരു മുട്ടൻഡോൾഫിൻ. ഏതോ സിനിമയിൽ ഞാനതിനെ കണ്ടിട്ടുണ്ട്. അതിന്റെ വായിൽനിന്നും നുരയും കുമിളകളും പുറത്തേക്കു വന്ന് മേൽപ്പോട്ടുയർന്നു പോകുന്നുണ്ട്. കാണ്ടാമൃഗത്തിന്റേതുപോലെ അതിനൊരു ഒറ്റക്കൊമ്പുമുണ്ട്. ദൈവമേ, ഇതെന്തൊരു ഡോൾഫിൻ! അതു ചെറുതായൊന്നു തുമ്മിയാൽപോലും ഞാൻ തെറിച്ചുപോകുമെന്നു തോന്നി. അപ്പോഴാണ് അതിന്റെ കടവായിൽ എന്റെ ചെറിയ ചൂണ്ടക്കൊളുത്ത് ഞാൻ കണ്ടത്. ചുണ്ട് ചെറുതായൊന്നു കോട്ടി ആ ചൂണ്ട അതിളക്കികളഞ്ഞു. പിന്നെ പുറകോട്ടൊന്ന് ആഞ്ഞിട്ട് എന്റെ നേരെ പാഞ്ഞുവന്നു. എന്റെ കഥ തീർന്നുവെന്ന് കരുതി ഞാൻ കണ്ണുകളടച്ചു. 'അമ്മേ'യെന്നു നീട്ടിനിലവിളിച്ചു. ഒച്ചമാത്രം പുറത്തേക്കു വന്നില്ല. പക്ഷേ എന്നെ വിഴുങ്ങുന്നതിനു പകരം വെള്ളത്തിനു മുകളിലേക്ക് അതെന്നെ തള്ളിക്കൊണ്ടു വരികയാണ് ചെയ്തത്. പിന്നെ ഒരൊറ്റത്തട്ട്. ദാ... കിടക്കുന്നു ഞാൻ കരയ്ക്ക്.

ഇമ്മാതിരി സ്വപ്നങ്ങളുടെ ഇടയിൽപ്പെട്ട് ഇന്നലെത്തെ ഉറക്കം തീരെ ശരിയായില്ല എന്നുപറഞ്ഞാൽ മതിയല്ലോ.

''ഓ എണീറ്റോ സാറ്... ഇന്നാ കാപ്പി.'' എന്നെ കളിയാക്കിക്കൊണ്ട് അമ്മ കോപ്പ മേശപ്പുറത്തുവച്ചു. ഞാനൊന്നും മിണ്ടിയില്ല. അമ്മേടെ

പിന്നാലെ ചിന്നമ്മൂം വന്നു.

''എന്തായിരുന്നു ഇന്നലെ രാത്രി കെടന്ന് ഒച്ചേം ബഹളോം? പിടിയെടാ കുത്തടാ വെട്ടടാ... എന്നൊക്കെ വിളിച്ചു പറയുന്നുണ്ടായിരുന്നല്ലോ.'' അമ്മ കളിയാക്കൽ തുടർന്നു.

''ഞാൻ സൊപ്നം കണ്ടതാ...'' ഞാൻ ചമ്മിക്കൊണ്ടു പറഞ്ഞു.

എന്റെ സ്വപ്നങ്ങളുടെ രീതി അറിയാവുന്നതുകൊണ്ട് അമ്മ പിന്നെ കൂടുതലൊന്നും തിരക്കാൻ നിന്നില്ല.

''ശ്ശോ...ഞാനിതുവരെ സൊപ്പനം കണ്ടിട്ടില്ല. അതെന്നാ അമ്മേ?'' ചിന്നമ്മു അമ്മയോടു കൊഞ്ചിച്ചോദിച്ചു.

''കൊള്ളാം... ഇനിയിപ്പോ അതിന്റെയൊരു കൊറവേയുള്ളൂ.'' കടിച്ചുപിടിച്ചിരുന്ന സ്ലൈഡ് അവളുടെ തലയിൽ കുത്തിക്കൊടുത്തുകൊണ്ട് അമ്മ പറഞ്ഞു.

അവൾ പുറത്തുപോകുമ്പോൾ ഇടുന്ന ഉടുപ്പിലായിരുന്നു. മുടി രണ്ടായി പകുത്ത് പിന്നിക്കെട്ടിയിട്ടുണ്ട്.

''നീയെവിടെ പോകുവാ?'' കാപ്പി കുടിക്കുന്നതിനിടയിൽ ഞാൻ ചോദിച്ചു.

''അമ്മേടെ കൂടെ റേഷങ്കടെ പോകുവാ.'' അവൾ പറഞ്ഞു.

''നീ വരുന്നുണ്ടോ പെണ്ണേ... ദൈവമേ ഞാനാ റേഷങ്കാർഡ് എവിടാണോ വെച്ചേ?'' എന്നുപറഞ്ഞ് തിരക്കിട്ട് അമ്മ അടുക്കളയിലേക്കു പോയി. പുറകെ ചിന്നമ്മുവും.

അവൾ തിരിഞ്ഞ് എന്റെ നേരേ നോക്കി കൈവീശി ചിരിച്ചു. എന്റെ മനസ്സിൽ ഒരു മഞ്ഞുതുള്ളി വീണു.

''ഞങ്ങളിറങ്ങുവാ.... വീടു തൊറന്നിട്ടേച്ച് കളിക്കാനോടിപ്പോകരുത്.''

അടുക്കളവാതിൽ ചാരിയിറങ്ങുമ്പോൾ അമ്മ വിളിച്ചു പറഞ്ഞു.

''ഇല്ലമ്മേ....'' ഞാൻ ഉറപ്പുകൊടുത്തു.

അമ്മയും ചിന്നമ്മുവും പടിഞ്ഞാറേക്ക് നടന്നുപോയി. ഞാൻ പല്ലുതേച്ചുകൊണ്ട് കണ്ടത്തിന്റെ ഇറമ്പിലേക്കു നടന്നു. കടവിലൊഴിച്ച് ബാക്കി



യെല്ലായിടത്തും അച്ഛൻ വരി വരിയായി കരിമ്പ് വച്ചുപിടി പ്പിച്ചിരിക്കുകയാണ്. അതിപ്പോ കാടുപോലെയാ യിട്ടുണ്ട്. ഇതിങ്ങനെ വച്ചു പിടിപ്പിക്കാൻ കാരണക്കാരൻ ഞാനാ. മൂന്നോ നാലോ വയസ്സുണ്ടായിരുന്നപ്പോ ഞാനൊന്ന് വെള്ളത്തിപ്പോ യിട്ടുണ്ട്. കട്ടകുത്തിപ്പൊക്കിയ തിട്ടയിൽ ചൂണ്ടയിട്ടോണ്ടിരു ന്നതാ. കട്ടയിടിഞ്ഞപ്പോൾ കാൽവഴുതി വെള്ളത്തിൽ വീണു. ചത്തുപോകേണ്ടതാ യിരുന്നത്രേ. കുറെ നേരമായി എന്നെക്കാണാഞ്ഞപ്പം എല്ലാരും കൂടെ എന്നെ തിര ക്കിയിറങ്ങി. അമ്മയാണ് തിട്ടയിലെ പുല്ലിൽ പിടിച്ചു തൂങ്ങിക്കിടക്കുന്ന എന്നെ കണ്ടുപിടിച്ചത്. പിന്നെ കൂട്ട നിലവിളിയായിരുന്നു. എന്നെയുംകൊണ്ട് ആശു പത്രിയിലൊന്നും പോകേണ്ടി വന്നില്ല. എന്നിലേക്ക് വട്ട ത്തിൽ കുനിഞ്ഞുനിൽക്കുന്ന എല്ലാവരുടെയും മുഖങ്ങളി ലേക്ക് അമ്മയുടെ മടിയിൽ കിടന്നുകൊണ്ട് ഞാൻ കണ്ണു തുറന്നു.

എല്ലാവരുടെയും മുഖത്ത് ആശ്വാസച്ചിരി പരന്നു. എല്ലാ വരും കണ്ണുകൾ തുടച്ചു. ഇരുന്നയിരുപ്പിൽതന്നെ അമ്മ ഏതൊക്കെയോ അമ്പലങ്ങ ളിൽ നേർച്ചനേർന്നു. 'വെള്ളത്തിൽ മുങ്ങിപ്പോയ നീയെങ്ങനെയാ തിട്ടേലെ പുല്ലിൽ പിടിച്ചുകെടന്നതെന്ന്' പിന്നീട് പലരുമെന്നോട് ചോദിച്ചു. 'ആ' എന്നു പറഞ്ഞ് കൈമലർത്തിയത ല്ലാതെ എനിക്കൊന്നും പറയാൻ കഴിഞ്ഞില്ല. ഒന്നു മങ്ങനെ ഓർക്കാനും കഴിയു ന്നില്ല. അതേപ്പറ്റി ഓർക്കു മ്പോഴൊക്കെ കാൽവെള്ള യിൽ വഴുവഴുപ്പുള്ളൊരു തണുപ്പു വന്നു തൊടുന്ന തായി തോന്നും.

## അഞ്ച്

ചക്കരയും തേങ്ങാപ്പീരയും ഉള്ളിൽവച്ചുണ്ടാക്കിയ രണ്ടു ഗോതമ്പടയും തിന്നോണ്ട് ഞാൻ കമ്പിത്തെറ്റാലിയു മെടുത്ത് മുറ്റത്തേക്കിറങ്ങി. രണ്ടുമൂന്നിടങ്ങളിൽ കരിമ്പിൻ കാടിനിടയിലൂടെ കണ്ടത്തി ന്റെ ഇറമ്പിലേക്കു വഴിച്ചാ ലുണ്ട്. സൂക്ഷിച്ചുപോയില്ലെ ങ്കിൽ ചിലപ്പോ കരിമ്പോല യുടെ വൈരംകൊണ്ട് ദേഹം പോറും. നല്ല കാറ്റുള്ള നേര മാണെങ്കിൽ പറയുകേം വേണ്ട. ദേഹമാകെ തലങ്ങും വിലങ്ങും പോറലുകൾ വീണതുതന്നെ.

അതിന്റുള്ളിലൂടെ കമ്പി ത്തെറ്റാലിയും പിടിച്ച് ഒരു വേട്ടക്കാരനെപ്പോലെ നട ക്കുന്നതിൽ ഒരു രസമുണ്ട്. രസമെന്നല്ല ഒരു 'ത്രിൽ' എന്നുതന്നെ പറയണം. കണ്ടത്തിന്റെ ഇറമ്പിൽ വലിയൊരു പരുത്തിമരം ചാഞ്ഞുനിൽപ്പുണ്ട്. അതിന്റെ കുറെ ശിഖരങ്ങൾ കണ്ടത്തി ലേക്കു ചാഞ്ഞ് വെള്ളത്തിൽ മുട്ടിയും മുട്ടാതെയും നിൽ പ്പുണ്ട്. ഈ പരുത്തിക്കമ്പു കളിൽ കയറി കളിച്ചുനട ക്കാൻ നല്ല രസമാണ്. ഇതി ലിരുന്ന് ഞാനും ചിന്നമ്മൂം ചൂണ്ടയിടാറുണ്ട്. പാട്ടുപാടാ റുണ്ട്. ചില കൊമ്പുകളിലിരു ന്നോണ്ട് കാലെത്തിച്ചാൽ വെള്ളത്തിൽ തൊടാൻ പറ്റും. പരുത്തിമരത്തിന്റെ തണലുള്ളതുകാരണം എപ്പോ ഴുമിവിടെ മീനുകൾ കാണും. ഇടയ്ക്ക് ഇവിടെവന്ന് പാത്തു പാത്തിരുന്നാണ് സിബിച്ചേ ട്ടായീം വാസുച്ചേട്ടായീ മൊക്കെ വരാലിനേം ചേറു മീനേം തെറ്റിയും കമ്പിക്കു കുത്തിയും പിടിക്കുന്നത്. ഞാൻ ഒരു തടിയൻകൊമ്പിൽ കാലുകൾ തൂക്കിയിട്ടിരുന്നു. താഴെ വെള്ളത്തിൽ പള്ള ത്തികളും കരിങ്ങിണകളും മറ്റും നടക്കുന്നതു കാണാം. കാറ്റിൽ പരുത്തിയിലകൾ അനങ്ങുമ്പോൾ വെയിൽ വെള്ളത്തിലേക്കു വീഴുന്നിടം തെളിഞ്ഞുവരും. ഇടയ്ക്കിടെ വാലിൽ പുള്ളികളുള്ള കുറുവാപരലുകൾ പാളിപ്പോ കുന്നുണ്ട്. അതുവരെ കരയി ലായിരുന്ന ഒരാമ തിട്ടേന്ന് നിരങ്ങി കണ്ടത്തിലേക്ക് ഉരുണ്ടുപിടച്ചുവീണത് കണ്ട് ഞാൻ ചിരിച്ചുപോയി. തൊട്ട പ്പുറത്തെ കൈതക്കാട്ടിൽ നിന്നും വലിയഗമയിൽ പുറ ത്തേക്കുവന്ന ഒരു കുളക്കോഴി എന്നെ കണ്ടതും വന്നപോലെ തിരിച്ചോടിക്കളഞ്ഞു. കുറെ ദിവസം മുമ്പു വിരിഞ്ഞ കൈതപ്പൂവിന് നന്നായി വാടി യിട്ടും മണം പോയിട്ടില്ല.

ഞാൻ വെറുതേ ചെറിയ മീനുകളെ ഉന്നംവച്ച് വെള്ള ത്തിലേക്ക് അമ്പുതെറ്റിക്കൊ ണ്ടിരുന്നു. ഒന്നിനിട്ടും കൊള്ളു ന്നില്ലെന്നു മാത്രമല്ല, ഒന്നി ന്റെയും അടുത്തൂടെപ്പോലും പോകുന്നില്ല. കരയിൽ തെറ്റു ന്നതുപോലയല്ല വെള്ളത്തി ലെന്ന് എനിക്കു വൈകാതെ മനസ്സിലായി. വെള്ളത്തിലെ ഉന്നം മറ്റൊരുന്നമാണ്.

പെട്ടെന്നാണ് ഞാൻ കണ്ടു കൊണ്ടിരുന്ന ചെറുമീനുകൾ ഒന്നുപകച്ചു വിരണ്ടോടുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടത്. അവരുടെ വെപ്രാളംപിടിച്ച ഓട്ടത്തിലെ ഭയം എന്നി ലേക്കും പടർന്നു. ഞാൻ ഇരുന്നിടത്തൂന്നും ചാടിയെ ണീറ്റു വെള്ളത്തിലേക്കു തുറിച്ചുനോക്കി. ഞാൻ നോക്കിയിരിക്കെ വിരൽവണ്ണ മുള്ള നൂറുകണക്കിനു ചേറു മീൻപാർപ്പുകൾ വെള്ളത്തിനു മുകളിലേക്ക് ഉയർന്നുവന്നു. പിന്നെ അതേപോലെ താണു പോയി. അതുങ്ങടെ പൊങ്ങി വരവും മുങ്ങലും കണ്ടു

രസംപിടിച്ചു വരുമ്പോഴാണ് ഞാനാ കാഴ്ച കണ്ടത്. തൊണ്ടയിലെ വെള്ളം വറ്റിപ്പോയി. തൊട്ടടുത്തായി രണ്ടു ചേറുമീനുകൾ. ഒരെണ്ണത്തിന് മറ്റേതിനേക്കാൾ വലുപ്പം കൂടുതലാണ്. വാലും ചെകിളയുടെ അടുത്തുള്ള ചിറകുകളും ചെറുതായി ഇളക്കിക്കൊണ്ട് അതുങ്ങളങ്ങനെ നിൽക്കുന്നു.

അതിൽ വലുതിന്റെ കണ്ണുകൾ എന്നെയുറ്റുനോക്കുന്നതായി എനിക്കു തോന്നി. ഇതുതന്നെയാണവസരം. കാൽമുട്ടിനു താഴെ പേടി കലർന്ന വിറയൽ ചുറ്റിപ്പിടിക്കുന്നുണ്ടെങ്കിലും ഹൃദയമിടിപ്പ് കൂടിവരുന്നുണ്ടെങ്കിലും നോട്ടം തെറ്റിക്കാതെ ഞാനതിന്റെ കണ്ണിലേക്കു തുറിച്ചുനോക്കിക്കൊണ്ട് കമ്പിത്തെറ്റാലി പതുക്കെ കൈയിലെടുത്തു. അമ്പ് ശ്രദ്ധയോടെ ഞാണിൽവെച്ച് ചേറുമീനിന്റെ വാലിനെ ഉന്നംവെച്ച് വലിച്ചുപിടിച്ചു. കാലിലെ വിറയൽ ഇളകിയ പുഴുക്കളെപ്പോലെ മേലോട്ടു കയറി, ഉടലാകെ നിറഞ്ഞ് കൈകളിലേക്കിറങ്ങി വിരലുകളിൽ തുടിച്ചുനിന്നു. കൈകളോടൊപ്പം അമ്പും വില്ലും ഒന്നാകെ വിറച്ചുതുടങ്ങി. പക്ഷേ അതിന്റെ നോട്ടത്തിൽ മാത്രം ഒരിളക്കവുമില്ല. കണ്ണിലേക്കല്ല അതെന്റെ ഹൃദയത്തിലേക്കാണ് നോക്കുന്നതെന്ന് എനിക്കുതോന്നി.

ഞാൻ കണ്ണടച്ച് കൈകൾ അയച്ചു. ഞാണിൽനിന്ന് അമ്പ് വെള്ളത്തിലേക്കു ചീറിപ്പാഞ്ഞു. പൊടുന്നനെ കളിച്ചുകൊണ്ടിരുന്ന പാർപ്പുകളെ ഒന്നാകെ കാണാതായി. ചേറുമീനുണ്ട് അതേപടി നിൽക്കുന്നു. വലത്തേ ചെകിളയുടെ അടുത്തുനിന്ന് ചെറുതായി ചോര പനിച്ചിറങ്ങുന്നുണ്ട്. അതു വെള്ളത്തിൽ കലരാൻ തുടങ്ങി. അതിന്റെ നോട്ടത്തിലും നിൽപ്പിലും അപ്പോഴുമില്ല മാറ്റം. ഞാൻ വല്ലാതെ ഭയന്നുതുടങ്ങി. ഇതെന്തൊരു മീൻ! ഏതു നിമിഷവും അതു വെള്ളത്തീന്ന് ഉയർന്നുചാടി എന്റെ പെടലിക്കു കടിച്ചുകുടയുമെന്ന് എനിക്കുതോന്നി. ഞാൻ കൈയിലിരുന്ന വില്ല് മരക്കൊമ്പിൽ തൂക്കിയിട്ട് വെള്ളത്തിലേക്കു നോക്കിക്കൊണ്ട് പതുക്കെ കൊമ്പിലിരുന്ന് കരയിലേക്കു നിരങ്ങാൻ തുടങ്ങി.

അപ്പോഴാണ് പൊടുന്നനെ മറ്റേ ചേറുമീൻ വെള്ളത്തിനു മുകളിലേക്ക് ഉയർന്നുവന്നതും മുകളിലേക്കു കുതിച്ച് മലക്കം മറിഞ്ഞതും. എന്റെ അകവാളു വെട്ടിപ്പോയി. ദേഹത്തേക്കു വെള്ളവും പായലും ശക്തിയോടെ തെറിച്ചുവീണു. അതോടെ പരുത്തിക്കൊമ്പിലെ പിടിവിട്ട് ഞാൻ വെള്ളത്തിലേക്കു വീണു. അടിതെറ്റുന്നതിനിടയിൽ തിട്ടയിലേക്കു നീട്ടിച്ചാടാൻ തുനിഞ്ഞെങ്കിലും എനിക്കതിനു കഴിഞ്ഞില്ല.

“എന്റമ്മേ...” ഞാൻ കരഞ്ഞുവിളിച്ചുപോയി. ആരു കേൾക്കാൻ. ഈ ചേറുമീനുകൾ രണ്ടുംകൂടെ എന്റെ നെഞ്ചുംകൂട് ഇടിച്ചുതകർത്ത് എന്നെ കൊന്നതുതന്നെ. ഞാൻ വെപ്രാളപ്പെട്ട് കരയിലേക്കു നീന്തി പുല്ലിൽ പിടിച്ചുവലിച്ചു. തിട്ടയിൽ മാന്തിപ്പിടിച്ച് മുകളിലേക്കു വലിഞ്ഞുകേറാൻ കിണഞ്ഞു പരിശ്രമിച്ചു. ഒരടി കയറുമ്പോൾ ഞാൻ രണ്ടടി താഴേക്കൂർന്നു. എന്റെ കാലുകൾ ചതുപ്പിലേക്കു താണുതാണു പൊയ്ക്കോണ്ടിരുന്നു.

ഞാൻ വീണ്ടും അമ്മയെ വിളിച്ച് അലറിക്കരഞ്ഞു. അപ്പോൾ കരിമ്പിൻകാടുകൾക്കിടയിലൂടെ ‘മോനേ’ യെന്നൊരു വിളി പാഞ്ഞുവന്നു തിട്ടയിലേക്കു കമിഴ്ന്നുവീണ് എന്റെ നേരെ കൈകൾ നീട്ടി. ഞാനാ കൈകളിൽ പിടിക്കുന്നതിനു മുമ്പേ ആ കൈകൾ എന്നെ മുറുകെപ്പിടിച്ചു. അമ്മയുടെ കൈകൾ എന്റെ വിരലുകളിൽ തൊട്ട അതേ നേരത്തുതന്നെ വഴുവഴുപ്പുള്ള ഒരു തണുപ്പ് എന്റെ കാൽവെള്ളയിലും വന്നുതൊട്ടു. വാലിട്ടടിച്ച് അതെന്നെ മുകളിലേക്ക് തള്ളുന്നതായി ഞാൻ അറിഞ്ഞു. ചേറിൽ പുരണ്ട എന്നെ അമ്മ വാരിപ്പുണർന്ന് തുരുതുരാ ഉമ്മവെച്ചു. അമ്മയുടെ മാറിൽ മുഖമമർത്തി നിൽക്കുന്നതിനിടയിൽ എന്റെ കണ്ണുകൾ പരുത്തിമരത്തണലിൽ ഓളംവെട്ടുന്ന വെള്ളപ്പരപ്പിലേക്കു നീണ്ടുപോയി.

ഞാൻ കണ്ണടച്ച് കൈകൾ അയച്ചു. ഞാണിൽനിന്ന് അമ്പ് വെള്ളത്തിലേക്കു ചീറിപ്പാഞ്ഞു. പൊടുന്നനെ കളിച്ചുകൊണ്ടിരുന്ന പാർപ്പുകളെ ഒന്നാകെ കാണാതായി. ചേറുമീനുണ്ട് അതേപടി നിൽക്കുന്നു. വലത്തേ ചെകിളയുടെ അടുത്തുനിന്ന് ചെറുതായി ചോര പനിച്ചിറങ്ങുന്നുണ്ട്. അതു വെള്ളത്തിൽ കലരാൻ തുടങ്ങി.


## ആറ്

ചേറിലും പായലിലും പുതഞ്ഞ് നനഞ്ഞു കുളിച്ചു ചെന്ന എന്നെക്കണ്ട് ചിന്നമ്മു ചിരിച്ചെങ്കിലും അമ്മയവളെ

വഴക്കുപറഞ്ഞ് ഓടിച്ചു. അവളുടെ മുഖം പൊടുന്നനെ വാടിപ്പോയി. ഞാൻ അമ്മ കാണാതവളെ കണ്ണിറുക്കിക്കാണിച്ചു. എന്നിട്ടും പിണക്കം മാറാതവൾ മുറ്റത്തൂന്നും അകത്തേക്ക് ഓടിപ്പോയി. കുളിച്ച് ഉടുപ്പുമാറി ഉച്ചയൂണും കഴിഞ്ഞ് നടന്ന കഥകളെല്ലാം വിവരിച്ചു പറഞ്ഞ് ചിന്നമ്മൂന്റെ പിണക്കവുംമാറ്റി അങ്ങനെ കിടക്കുന്നതിനിടെ അവളുറങ്ങിപ്പോയി.

ഞാൻ മെല്ലെയെണീറ്റ് അമ്മയെവിടേന്നു നോക്കി. അമ്മ കൊണ്ടുപിടിച്ച വായനയിലാണ്. പൂച്ചനടത്തത്തോടെ ഞാൻ മുറ്റത്തേക്കിറങ്ങി. എന്റെ കാലുകൾ കരിമ്പിൻകാടിനിടയിലെ വഴിച്ചാലിലൂടെ മുമ്പോട്ടു നീങ്ങിനീങ്ങി കണ്ടത്തിന്റെ ഇറമ്പിലെ പരുത്തിമരച്ചോട്ടിൽ ചെന്നുനിന്നു. എന്റെ കമ്പിത്തെറ്റാലിയുടെ വില്ല് കൊമ്പിൽ തൂങ്ങി താഴെപ്പോകാതെ കിടപ്പുണ്ട്. അതിൽ നിന്നും പ്ലാസ്റ്റിക് വെള്ളത്തിലേക്കു വീണ് താണുപോകുന്നുണ്ട്. എനിക്കപ്പോൾ ഒട്ടും പേടി തോന്നിയില്ല. കണ്ടത്തിലേക്കു ചാഞ്ഞ കൊമ്പിലൂടെ ഞാൻ പതുക്കെ നിരങ്ങി നിരങ്ങി മുമ്പിരുന്നയിടത്തു പോയി അതേപോലിരുന്നു. ഉച്ചതിരിഞ്ഞതോടെ വെള്ളം ഏറ്റമായെന്നു തോന്നുന്നു. ചെറുതായൊന്ന് എത്തിച്ചാൽ കാല് വെള്ളത്തിൽ തൊടാം. ഞാൻ പ്ലാസ്റ്റിക്കിൽ പിടിച്ച് മെല്ലെയുയർത്തി. ചെറിയൊരു ഭാരത്തോടെ പ്ലാസ്റ്റിക്കിനോടൊപ്പം അമ്പും ഉയർന്നുവന്നു.

അതിന്റെ മുനയിൽ ഒരു വലിയ ചെതുമ്പൽ തറഞ്ഞിരിപ്പുണ്ടായിരുന്നു. എനിക്കു വല്ലാത്ത സങ്കടം വന്നു. കണ്ണുകൾ അറിയാതെ നിറഞ്ഞു. കമ്പിത്തെറ്റാലിയും കൈയിൽ പിടിച്ച് ഞാൻ മെല്ലെ കാൽവിരൽ വെള്ളത്തിൽ മുട്ടിച്ചു. അന്നേരം വെള്ളത്തിനു ചെറിയൊരനക്കമുണ്ടായി. ആ അനക്കം അടങ്ങിയപ്പോഴുണ്ട് അതാ നിൽക്കുന്നു ആ ചേറുമീൻ, എന്റെ കണ്ണുകളിലേക്ക് ആർദ്രമായി നോക്കിക്കൊണ്ട്. ഞാൻ പൊടുന്നനെ കാലു വലിച്ചു. പരുത്തിക്കൊമ്പിൽ മുറുകെപിടിച്ചിരുന്നു. ചേറുമീൻ അങ്ങനെതന്നെ നിൽക്കുകയാണ്. അതിന്റെ ചെകിളയുടെ അടുത്ത് ചെറിയ മുറിപ്പാടുണ്ട്. നോക്കിയിരിക്കെ അതു കുറച്ചുകൂടെ വെള്ളത്തിന്റെ മുകളിലേക്ക് പൊങ്ങിവന്നു. ഇപ്പോഴതിന്റെ കണ്ണുകളിലെ ഭാവം എനിക്കു നന്നായി തിരിച്ചറിയാൻ കഴിയും. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ഞാൻ മെല്ലെ എന്റെ രണ്ടുകാലുകളും വെള്ളത്തിലേക്കു മുട്ടിച്ചു കൊടുത്തു. ചേറുമീൻ അതിന്റെ മുഖം എന്റെ കാൽ വെള്ളയിലേക്കു ചേർത്തു നിന്നു. വഴുവഴുപ്പുള്ള ഒരു തണുപ്പ് കാൽവെള്ളയിലൂടെ കയറി ഉടലാകെ നിറയുന്നത് ഞാനറിഞ്ഞു.



# ഓണം വന്നേ

**വയലാർ ഗോപാലകൃഷ്ണൻ**

ഓണം വന്നോണം വന്നോണം വന്നേ
ഓമന പൈങ്കിളിപ്പാട്ടുണർന്നേ
ആ പാട്ടു കേട്ടപ്പോൾ പൂവിടർന്നേ
ആ പൂ പറിച്ച് കളം ചമച്ചേ
പൂക്കളം കാണുവാൻ കാറ്റു വന്നേ
പൂമരക്കൊമ്പ് കുലുക്കി നിന്നേ
മുറ്റത്തു പൂമഴ കണ്ടുനിന്ന
കുട്ടന്റെ ചുണ്ടിൽ ചിരി വിരിഞ്ഞേ.



വര: അരുണ ആലഞ്ചേരി

# ഓണയാത്ര

സിജി ടോം

അമ്പിളിക്ക് ഇത്തവണ ഓണം വളരെയേറെ പുതുമയുള്ളതാണ്. അവൾക്കു ജോലി കിട്ടിയതിൽ പിന്നെ ആദ്യത്തെ ഓണമാണ്. ഓണനാളുകളിൽ പ്രിയപ്പെട്ടവരുമായി സ്നേഹം പങ്കുവയ്ക്കുന്നത് ഓണക്കോടി സമ്മാനിച്ചുകൊണ്ടാണല്ലോ. ശമ്പളക്കാരിയായതുകൊണ്ട് അവളുടെ കൈയിൽനിന്ന് ഓണക്കോടി വാങ്ങാൻ ഉറ്റവരെല്ലാം കാത്തിരിക്കുകയാണ്.

തലസ്ഥാനനഗരിയിൽ ജോലി കിട്ടിയപ്പോൾ വളരെ ഉത്സാഹവും ആവേശവുമായിരുന്നു അവൾക്ക്. പട്ടണത്തിലെ ജീവിതം അവൾ അത്രയേറെ കൊതിച്ചതുമാണ്. പക്ഷേ ഇപ്പോൾ വല്ലപ്പോഴുമെങ്കിലുമൊന്നു വീട്ടിൽ പോകാൻ കഴിയാത്തതിന്റെ വേദന അവളെ കുറച്ചൊന്നുമല്ല അലട്ടുന്നത്.

ഓഫീസിലെ 'ബേബി' യാണ് അമ്പിളി. അതിന്റെ സ്നേഹവും വാത്സല്യവും അവൾ ആവോളം അനുഭവിക്കുന്നുണ്ട്. എങ്കിലും ജോലിത്തിരക്കു കാരണം നിന്നുതിരിയാൻ നേരമില്ല.

ചിലപ്പോൾ വിചാരിക്കും ജോലി വേണ്ടാന്നുവച്ച് വീട്ടിലെങ്ങാനും ഒതുങ്ങിക്കൂടിയാലോയെന്ന്.

എത്ര കാലമെന്നു വച്ചാ അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നത്. ഒരു ട്രാൻസ്ഫറിനു ശ്രമിച്ചിട്ടൊട്ട് നടക്കുന്നുമില്ല.

അതെങ്ങനാ, ആരുടെയൊക്കെ കൈയും കാലും പിടിച്ചാലാണ് ഇതൊക്കെ സാധിക്കണേ! അതോർക്കുമ്പോൾ എല്ലാം വേണ്ടാന്നു വയ്ക്കും.

എന്തൊക്കെയാണെങ്കിലും ഓണത്തിന്റെ തിക്കും



തിരക്കും ബഹളവും തുടങ്ങുന്നതിനു മുമ്പേ വീട്ടിലേക്കു പോകണമെന്ന് അവൾ തീരുമാനിച്ചിരുന്നു.

പട്ടണത്തിലെ മുന്തിയ കടയിൽനിന്ന് പ്രിയപ്പെട്ടവർക്കുള്ള ഓണക്കോടികൾ കാലേക്കൂട്ടി വാങ്ങിവച്ചു.

അമ്മയ്ക്കും അനുജത്തിക്കും ഓരോ ജോഡി കൂടുതൽ വാങ്ങി.

അയൽപക്കത്തുള്ള അവളുടെ കുട്ടിക്കൂട്ടുകാരായ അപ്പുണ്ണിക്കും പാറുക്കുട്ടിക്കും വാങ്ങി ഓരോ കുഞ്ഞുടുപ്പ്. ജോലിയെല്ലാം വേഗംവേഗം തീർത്ത് വാരാന്ത്യമാകുമ്പോഴേക്കും വീട്ടിലെത്തുന്നതിനുള്ള തീവ്രശ്രമത്തിലാണ് അമ്പിളി.

ജോലിയിൽ വീഴ്ച വരുത്തി ആരുടെയും പഴി കേൾക്കുന്നത് അവൾക്ക് തീരെ ഇഷ്ടമല്ല. അതുകൊണ്ടു കൂട്ടുകാരോടൊന്നും പതിവുകുശലം പറച്ചിലിനുള്ള സമയം കിട്ടാറില്ല. രണ്ടുമൂന്നു ദിവസമായി

വൈകിട്ടു ചായ കുടിക്കുന്നതിനു കാന്റീനിലേക്കും അമ്പിളി പോകാറില്ല.

അന്നു രാവിലെ ഓഫീസിലേക്കു പുറപ്പെടുമ്പോൾ ഉച്ചയ്ക്കുള്ള തീവണ്ടിക്കു തന്നെ നാട്ടിലേക്കു തിരിക്കണമെന്ന് അവൾ തീരുമാനിച്ചിരുന്നു.

ദൂരം എത്ര താണ്ടിയാലാണ് അങ്ങെത്തുന്നത്. എല്ലാവരെയും ഒന്നു കാണാൻ കൊതിയായി തുടങ്ങി.

വീട്ടിലേക്ക് പോകുന്ന ദിവസം ഒരു പ്രത്യേക സന്തോഷവും പ്രസരിപ്പുമാണ് അവളുടെ മുഖത്ത്. അതുകാണുമ്പോൾ ഓഫീസിൽ പലരും ചോദിക്കും. ഇന്നു വീട്ടിൽ പോകുവായിരിക്കുമല്ലേ?

മറുപടി ഒരു വിടർന്ന ചിരിയിൽ ഒതുക്കും.

എന്നും ഉച്ചയ്ക്കു ഭക്ഷണം കഴിക്കാൻ നേരം കൂട്ടുകാരെല്ലാം ഒപ്പം കൂടും. കറികളെല്ലാം പങ്കുവച്ച് കുശാലായ ശാപ്പാട്.

അന്നു രാവിലെ അവരെയൊക്കെ കണ്ടപ്പോൾ തന്നെ പറഞ്ഞു.

''ഇന്ന് നമുക്കു നേരത്തെ ഊണു കഴിക്കണം. ഉച്ചയ്ക്കുള്ള തീവണ്ടിക്കു പോകണമെന്നാണ് വിചാരിക്കുന്നത്.''

മറ്റൊന്നും ശ്രദ്ധിക്കാതെ ജോലിയിൽ മുഴുകിയിരിക്കുകയാണ് അമ്പിളി.

മണി ഒന്നായി. ഉച്ചഭക്ഷണത്തിനു സമയമായി.

'ഡ്രിർർർർ....'

കോളിംഗ്ബെല്ല് അടിക്കുന്നു.

അല്പം കഴിഞ്ഞ് പ്യൂൺ ഗോപി വന്ന് മടിച്ചുമടിച്ചു പറഞ്ഞു.

''അമ്പിളിക്കൊച്ചേ.. സൂപ്രണ്ടുസാറ് വിളിക്കുന്നു.''

''ഓ.... അങ്ങേർക്കു വിളിക്കാൻ തോന്നിയ നേരം...''

അവൾ പിറുപിറുത്തുകൊണ്ട് എഴുന്നേറ്റുചെന്ന് യാന്ത്രികമായി ചിരിച്ച് ഭവ്യതയോടെ ചോദിച്ചു.

''എന്താ സർ വിളിച്ചത്?''

''ഓ.... അമ്പിളി, ഇപ്പോൾ കിട്ടിയ ഫാക്സ് സന്ദേശമാണ്.... വെരി അർജന്റ്.''

ഒന്നും മിണ്ടാതെ അതും വാങ്ങി തിരിച്ചുനടന്നു. കണ്ണുകൾ നിറഞ്ഞു. കൂട്ടുകാർ ഊണു കഴിക്കാൻ അവളെയും കാത്ത് ഇരിക്കുകയാണ്.

''നിങ്ങൾ കഴിച്ചോളൂ. എനിക്കു കുറച്ച് താമസമുണ്ട്.''

അവളുടെ ശബ്ദം ഇടറി.

വെപ്രാളപ്പെട്ട് എങ്ങനെയൊക്കെയോ എഴുതി തീർത്ത് സൂപ്രണ്ടിനെ ഏൽപ്പിച്ചു. അപ്പോഴേക്കും കൂട്ടുകാർ ഭക്ഷണം കഴിച്ച് എഴുന്നേറ്റ് പോയിക്കഴിഞ്ഞു. ഇനിയിപ്പോ ഊണു കഴിക്കാൻ നിന്നാൽ വണ്ടി കിട്ടില്ല.

പാത്രത്തിലുള്ള ചോറു കളഞ്ഞ് കഴുകിവച്ചിട്ട് അവൾ വേഗം ഇറങ്ങിയോടി. ആരോടും യാത്ര പറയാൻ പോലും ഓർത്തില്ല.

റോഡിൽ ചെന്ന് ആട്ടോ കാത്തു നിന്നു. കാലിയായി വരുന്നതൊക്കെ നിർത്താൻ ഭാവമില്ലാതെ കടന്നുപോയിക്കൊണ്ടിരുന്നു. എന്തു കഷ്ടമാണിത്. വണ്ടിയുടെ സമയമായിക്കൊണ്ടിരിക്കുകയാണല്ലോ.

ഭാഗ്യത്തിന് ഒരു ആട്ടോ അവളുടെ അടുത്തുവന്ന് നിറുത്തി.

''എങ്ങോട്ടാ?''

''റെയിൽവേസ്റ്റേഷനിൽ പോകണം.''

''അങ്ങോട്ടാണെങ്കിൽ പോകില്ല...... വേറെ ഓട്ടം പോകുവാ.''

''എങ്കിൽ പിന്നെ താൻ പറയുന്നിടത്തേക്ക് ഞാൻ പോകാം.''

അവൾ അയാളോടു കലഹിച്ചു.

അപ്പോഴാണ് ഓഫീസ് വാഹനവുമായി ഡ്രൈവർ രാജു അതുവഴി വന്നത്.

''റെയിൽവേ സ്റ്റേഷനിലേക്കാണെങ്കിൽ കയറിക്കോ അമ്പിളിക്കുട്ടീ, ഈ വണ്ടി അതുവഴിയാ പോകുന്നത്.''

അവൾ അതിൽ കയറി. വഴിയിലും കടകളിലുമെല്ലാം ഓണത്തിരക്കു കൊടുമ്പിരികൊണ്ടിരിക്കുകയാണ്. തെളിഞ്ഞ അന്തരീക്ഷം വഴിയോരക്കച്ചവടക്കാരുടെ വില്പനയെ ഉഷാറാക്കുന്നുണ്ട്. അവരുടെ മുഖം കണ്ടാലറിയാം ലാഭക്കൊയ്ത്താണെന്ന്.

പാവങ്ങൾ.... അവൾക്കു സഹതാപം തോന്നി. വല്ലപ്പോഴുമല്ലേ....

റെയിൽവേസ്റ്റേഷൻ പരിസരത്തെല്ലാം തിക്കും തിരക്കുമാണ്. ടിക്കറ്റ് കൗണ്ടറിലെ നീണ്ട ക്യൂ കണ്ട് അവൾ അന്തംവിട്ടു.

ഓണാവധി തുടങ്ങാൻ ഇനിയും ദിവസങ്ങളുണ്ടല്ലോ. എന്നിട്ടും ഇത്രയധികം തിരക്കോ!

അവൾ ടിക്കറ്റെടുത്ത്

**അവൾ വേഗം ഇറങ്ങിയോടി. ആരോടും യാത്ര പറയാൻ പോലും ഓർത്തില്ല. റോഡിൽ ചെന്ന് ആട്ടോ കാത്തു നിന്നു. കാലിയായി വരുന്നതൊക്കെ നിർത്താൻ ഭാവമില്ലാതെ കടന്നുപോയിക്കൊണ്ടിരുന്നു. എന്തു കഷ്ടമാണിത്. വണ്ടിയുടെ സമയമായിക്കൊണ്ടിരിക്കുകയാണല്ലോ.**

പ്ലാറ്റ്ഫോമിലേക്ക് ഓടി. യാത്രക്കാർ തലങ്ങും വിലങ്ങും പായുന്നു. ഓണത്തെ വരവേൽക്കാനുള്ള നെട്ടോട്ടം.

തീവണ്ടി പ്ലാറ്റ്ഫോമിൽ കാത്തുകിടപ്പുണ്ട്. അവൾ വണ്ടിയിൽക്കയറി സൈഡ് സീറ്റ് പിടിച്ചു. ലഗേജുകൾ മുകളിലത്തെ തട്ടിൽ വച്ചു.

ആളുകൾ ഒഴുകിയെത്തുന്നതുപോലെ തോന്നി. തങ്ങളുടെ പ്രിയപ്പെട്ടവർക്കൊപ്പം ഓണം ഉണ്ണാൻ പോവുകയാണ് എല്ലാവരും.

ഉച്ചഭാഷിണിയിലൂടെ ഒരറിയിപ്പു മുഴങ്ങിക്കേട്ടു. വണ്ടി പുറപ്പെടാൻ ഒരുമണിക്കൂർ വൈകും.

അവൾക്കാണെങ്കിൽ നന്നായിട്ടു വിശക്കുന്നുമുണ്ട്. വീട്ടിലെത്താൻ ഒരു നേരമാകും.

''കാപ്പി കാപ്പീ... കാപ്പി കാപ്പീ....''

അവൾ ഒരു കാപ്പി വാങ്ങി.

പിന്നാലെ, ''വടേ... വടേ... വടേ... വടേ...''

രണ്ടു വടയും വാങ്ങി കാപ്പിയും കുടിച്ച് വിശപ്പടക്കി.

പ്ലാറ്റ്ഫോമിലെ ആൾത്തിരക്കു നോക്കിയിരിക്കാൻ നല്ല കൗതുകംതോന്നി. തമിഴരും ഹിന്ദിക്കാരും വിദേശികളുമെല്ലാം ഓണത്തിരക്കിൽ മലയാളിയോടൊപ്പം ചേരുകയാണോ?

ദൈവത്തിന്റെ സ്വന്തംനാട് അവർക്ക് ഇഷ്ടപ്പെട്ട മട്ടാണ്. മതം, ഭാഷ, ദേശം എന്തുമായിക്കൊള്ളട്ടെ, ഓണം എല്ലാവർക്കും പ്രിയപ്പെട്ടതാണെന്നു തോന്നിപ്പോയ നിമിഷം.

കുട്ടിക്കാലത്തെ ഓണാഘോഷം പെട്ടെന്ന് അവളുടെ മനസ്സിലേക്കോടിയെത്തി.

നാട്ടിൻപുറത്തെ ഓണത്തിന് ഒരു പ്രത്യേക സുഖവും സുഗന്ധവുമുണ്ടായിരിന്നുവല്ലോ! പൂക്കളമൊരുക്കാനുള്ള പൂക്കൾ പറിക്കാൻ വൈകുന്നേരങ്ങളിൽ അയൽവക്കത്തെ കൂട്ടുകാരോടൊപ്പമുള്ള യാത്ര. എന്തുരസമായിരുന്നു!

വയലുകളും അരുവികളും മൊട്ടക്കുന്നുകളും വെള്ളം നിറഞ്ഞു കിടക്കുന്ന കല്ലുവെട്ടാംകുഴികളുമെല്ലാം ആ നാടിന്റെ പ്രത്യേകതയാണ്.

എല്ലാവരുടെയും വീടുകളിൽ രണ്ടും മൂന്നും ആട്ടിൻ കുട്ടികളെങ്കിലുമുണ്ടാകും. അവറ്റകളെയും കൂടെ കൂട്ടും.

ആട്ടിൻകൂട്ടത്തെ മേയ്ക്കാൻ വിട്ട് കൂട്ടുകാരെല്ലാം ചേർന്ന് ആൺപെൺ വ്യത്യാസമില്ലാതെ പൂക്കൾ ശേഖരിക്കാൻ തുടങ്ങും.

വയലിന്റെ വരമ്പുകളിൽ കാക്കപ്പൂവും മുക്കുത്തി പ്പൂവും ധാരാളമുണ്ടായിരുന്നു





വര: അരുണ ആലഞ്ചേരി

മൊട്ടക്കുന്നുകളിൽ അവി ടവിടെയായി ആനക്കൊമ്പന്റെ തലയെടുപ്പോടെയുള്ള പാറക്കൂട്ടങ്ങൾ കാണാം. പ്രകൃതിഭംഗി കനിഞ്ഞു നൽകിയിരിക്കുകയാണ് ഭഗവാൻ. പാറയിടുക്കുകളിൽ തുമ്പച്ചെടികൾ പൂത്തു നിറഞ്ഞു നിൽക്കും.

കുന്നിനു മുകളിൽ നിരനിരയായി നിൽക്കുന്ന കൊങ്ങിണിയിൽ ചുവപ്പും മഞ്ഞയും നിറത്തിലുള്ള പൂക്കൾ കണ്ടാൽ കാട്ടുതീയെന്നു തോന്നിപ്പോകും.

വള്ളിച്ചെടിയിലുണ്ടാകുന്ന ഒരു പ്രത്യേക തരം പൂക്കൾ കൂടി ഉണ്ടായിരുന്നു അവിടെ - വീണ്ടപ്പൂവ്, കോളാമ്പിപ്പൂവു പോലെ വൈലറ്റ് നിറത്തിലുള്ള പൂക്കളാണ്.

വട്ടിയിൽ നിറയെ പൂക്കളും പറിച്ച്, പുല്ലുതിന്ന് വയറ് വീർപ്പിച്ചിരിക്കുന്ന ആടുകളെയും കൂട്ടി സന്ധ്യയ്ക്കു മുമ്പായി വീട്ടിൽ തിരിച്ചെത്തും.

പിറ്റേന്നു വെളുപ്പിന് എണീറ്റ് കുളിച്ചു പൂക്കളം ഒരുക്കും.

ചാണകംകൊണ്ടു നിലം മെഴുകി മണ്ണു കുഴച്ചു തറയുണ്ടാക്കി അതിലാണ് പൂവിടുന്നത്. അത്തംനാളിൽ ഒരു നിലയുള്ള തറ. ഓരോ ദിവസവും ഓരോ നിലകൾ കൂടി പത്താം ഓണത്തിനു പത്തു നിലയുള്ള തറയിലാവും പൂക്കളം. അതിനടുത്തു തന്നെ ഓണത്തപ്പന്റെ പ്രതിമയും മണ്ണുകുഴച്ച് ഉണ്ടാക്കി വയ്ക്കും.

തിരുവോണസദ്യയ്ക്കുള്ള കൊണ്ടാട്ടങ്ങളും ഉപ്പിലിട്ടതും രണ്ടുമൂന്നു ദിവസം മുമ്പേ ഉണ്ടാക്കാൻ തുടങ്ങും. വീട്ടിലെ മുതിർന്ന ആളുകളെല്ലാം കൂടി ഓണപ്പാട്ടും പാടി കൂട്ടം ചേർന്നാണ് ഇതൊക്കെ ചെയ്യുന്നത്.

**മുറ്റത്ത് വളർന്നു പന്തലിച്ചു നിൽക്കുന്ന മാവിൽ ചിങ്ങമാസം തുടങ്ങുമ്പോൾ തന്നെ മൂന്നും നാലും ഊഞ്ഞാലിടും. പട്ടണവാസികളായ ബന്ധുക്കളുടെ മക്കൾ നാട്ടിൻപുറത്തെ കുടുംബവീട്ടിൽ ഓണം ആഘോഷിക്കാൻ എന്താവേശത്തോടെയാണ് എത്തുന്നത്!!**

സംഘത്തിലെ നിമിഷ കവികൾ ചിട്ടപ്പെടുത്തിയ ഗാനമാണ് ആലപിക്കുന്നത്.

'ഓണം വന്നേ ഓണം വന്നേ
തിരുവോണം വന്നല്ലോ
മാവേലിത്തമ്പുരാന്റെ
പൊന്നോണം വന്നല്ലോ,
പൂവേ പൊലി... പൂവേ...'

അപ്പോഴാവും കൂട്ടത്തിലെ വികൃതികൾ തനിസ്വരൂപം കാണിക്കുന്നത്. അവർ ചൊല്ലും.

'സിന്ദാബാദ്.... സിന്ദാബാദ്.... മാവേലിത്തമ്പുരാൻ സിന്ദാബാദ്...'

പലഹാരങ്ങൾ എണ്ണയിൽ വറുത്തു കോരുമ്പോൾ പരിസരമാകെ ഓണമണം പരക്കും. ബേക്കറിയിൽ നിന്നും പായ്ക്കറ്റിൽ കിട്ടുന്നത് വാങ്ങുന്ന രീതി അന്നൊന്നും ഇല്ല.

മുറ്റത്ത് വളർന്നുപന്തലിച്ചു നിൽക്കുന്ന മാവിൽ ചിങ്ങമാസം തുടങ്ങുമ്പോൾതന്നെ മൂന്നും നാലും ഊഞ്ഞാലിടും. പട്ടണവാസികളായ ബന്ധുക്കളുടെ മക്കൾനാട്ടിൻപുറത്തെ കുടുംബവീട്ടിൽ ഓണം ആഘോഷിക്കാൻ എന്താവേശത്തോടെയാണ് എത്തുന്നത്!!

ഓണസദ്യയ്ക്കുള്ള തൂശനില പുരയിടത്തിൽ പോയി കൊണ്ടുവരുന്നതും കുട്ടികൾ തന്നെയാണ്.

തോർത്തുമുണ്ട് ഉടുത്ത് മേനി കാട്ടി ഇതൊക്കെ ചെയ്യുന്നത് കാണാൻ നല്ല ശേലാണ്.

തിരുവോണദിവസം രാവിലെ പുതുമണമുള്ള ഓണക്കോടിയും അണിഞ്ഞ് ഊഞ്ഞാലാട്ടവും ഓണക്കളികളുമായി ഉത്സവലഹരിയിൽ മതിമറന്ന് ആനന്ദിക്കും.

ഉച്ചയാവുമ്പോഴേക്കും വീടു നിറയെ ആളുകൾ ഉണ്ടാകും. സ്ത്രീകൾ സെറ്റ് സാരിയുമുടുത്ത് തിരുവാതിര കളിച്ച് ഓണക്കൊഴുപ്പ് കൂട്ടും..

നൃത്തച്ചുവടുകൾക്ക് ആവേശം പകരാൻ മുണ്ടും സിൽക്ക് ജുബ്ബയും അണിഞ്ഞ് കൈകൊട്ടി പാട്ടും പാടി എതിർപക്ഷം രംഗപ്രവേശം ചെയ്യും.

വിഭവസമൃദ്ധമായ ഓണസദ്യയും കഴിഞ്ഞ് എല്ലാവരും കൂടി ആഘോഷമായി വള്ളംകളിമത്സരവും ഗജരാജാക്കന്മാരുടെ എഴുന്നള്ളത്തും കാണാൻ പോകും.

മലയാളമണ്ണിൽ ജന്മം കിട്ടിയതിൽ സായൂജ്യമടയുന്ന അനുഭവങ്ങൾ.

ഗൃഹാതുരത്വം തുളുമ്പുന്ന ഓർമകളിൽ അമ്പിളി എപ്പഴോ മയങ്ങിപ്പോയി.

തീവണ്ടി പുറപ്പെടുന്നതിന്റെ ചൂളംവിളി അവൾ കേട്ടില്ല.

ആ സുന്ദരമധുരസ്മരണകളുടെ ചുഴിയിൽ അകപ്പെട്ടുപോയ അവളെയും കൊണ്ട് തീവണ്ടി കൂകിപ്പാഞ്ഞു.



Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

പി വി കൃഷ്ണൻ



**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017
RNI No. 20076/70 September 2016
Regd KL/TV (N)/399/2015-2017 Published on 29-08-2016 Vol:22, Issue:9, ₹15

# ഇന്ററാക്ടീവ് പുസ്തകങ്ങൾ

## ഇനി കളിക്കാനും ചിന്തിക്കാനും കൂട്ടുകൂടാനും പുസ്തകങ്ങൾ

- കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്നു –
- മലയാളത്തിൽ ആദ്യമായി ഇന്ററാക്ടീവ് പുസ്തകങ്ങൾ
- പ്രൈമറി കുട്ടികൾക്കുള്ള ഉപഹാരം

